ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

## പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത്

# വികസനരേഖ



41-5



# പുളിങ്കുന്നു ഗ്രാമപഞ്ചായത്ത്

# വികസന രേഖ

ആദ്യകാല പ്രസിഡൻറ്



പി. ആർ. വെങ്കിടാചലം

പ്രസിഡൻറ്



കുമാരി ഇ. വി. കോമളവല്ലി

വൈസ് പ്രസിഡൻറ്



ലിസമ്മ ജോസഫ്

സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ



എ. രമേശ്

സെക്രട്ടറി



സി. ജെ. ജോസഫ്

## ഭരണസമിതി അംഗങ്ങൾ

| | |
|---|---|
| ഇ. വി. കോമള വല്ലി | പ്രസിഡൻറ് |
| ലിസമ്മ ജോസഫ് | വൈസ് പ്രസിഡൻറ് |
| എ. രമേശ് ചെയർമാൻ | സ്റ്റാൻറിംഗ് കമ്മറ്റി |
| സി. ജെ. ജോസഫ് | സെക്രട്ടറി |
| എ. എം. മനോഹരൻ | (മെമ്പർ) |
| സി. റ്റി. കുര്യൻ | ,, |
| തങ്കമ്മ തോമസ് | ,, |
| ലൂക്കോസ് ഫിലിപ്പ് | ,, |
| പി. ജെ. ഏബ്രഹാം | ,, |
| അഡ്വ. പി. കെ. മധുസൂദനൻ | ,, |
| സന്ധ്യാ രമേശ് | ,, |
| തങ്കച്ചൻ കാനാച്ചേരി | ,, |

## എഡിറ്റോറിയൽ ബോർഡ്

എഡിറ്റർ

എസ്സ്. ജതീന്ദ്രൻ

പത്രാധിപസമിതി

ബി. രാജപ്പൻ നായർ

അഡ്വ. പി. കെ. മധുസൂദനൻ

എ. പി. തോമസ്

ജോസ് ആക്കാത്തറ

റ്റി. റ്റി. തോമസ്

ചാക്കോ വെള്ളാത്തോട്ടം

അലക്സ് മാത്യു

പി. ഡി. ദാസ്

തോമസ് വർഗീസ്

എസ്സ്. അയ്യപ്പൻ

## ഉള്ളടക്കം


ആമുഖം — 11

ചരിത്രം — 15

വനിത — 19

കൃഷിയും ജലസേചനവും — 21

മൃഗസംരക്ഷണം, മത്സ്യബന്ധനം — 32

വ്യവസായം — 38

ഊർജ്ജം , ഗതാഗതം , മാർക്കറ്റ് — 41

വിദ്യാഭ്യാസം, സംസ്ക്കാരം — 45

ആരോഗ്യം, കുടിവെള്ളം — 61

പട്ടികജാതി - പട്ടിക വർഗ്ഗം — 72

പാർപ്പിടം, സാമൂഹ്യക്ഷേമം — 74

സഹകരണം — 77

വിഭവസമാഹരണം — 81

കോർഗ്രൂപ്പുകൾ — 86

ഒരു വാക്ക് — 87

# ആമുഖം

"ഇന്ത്യയ്ക്ക് കഠിനമായ രോഗമാണ് ''മനസ്സിലും ശരീരത്തിലും ''ചില ആളുകൾ സമ്പന്നരായപ്പോൾ മറ്റുള്ളവരിൽ ചുമത്തപ്പെട്ടഭാരം അവരെ ചതച്ചുകളയുമെന്ന നിലയിലെത്തി. ''

1944 - ാം മാണ്ടിന്റെ അവസാനത്തിൽ ജയിലിൽ കിടന്നുകൊണ്ടു ജവഹർലാൽ നെഹ്റു എഴുതിയ വരികൾ. സ്വാതന്ത്ര്യം പ്രാപിച്ചു അമ്പതോടടുക്കുന്ന ഈ കലയളവിലും യാഥാർത്ഥ്യമായി തുടരുകയാണ്. സ്വാതന്ത്ര്യത്തിന്ശേഷം ഒട്ടേറെ രംഗങ്ങളിൽ നാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. കാർഷിക ശാസ്ത്ര സാങ്കേതിക രംഗത്ത് നമ്മുടെ നേട്ടങ്ങൾ നിസ്സാരങ്ങളല്ല. എന്നാൽ നേട്ടങ്ങളുടെ ഗുണഫലം സമൂഹത്തിലെ ന്യൂനപക്ഷമാണ് കൈയാളുന്നത്. ഇതിന് മാറ്റം ഉണ്ടാവണമെങ്കിൽ സമ്പത്തിന്റെ വിതരണം സന്തുലിതമായിരിക്കണം. ജനങ്ങൾക്ക് ഗുണപരമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിയണം. എല്ലാ വിഭാഗത്തിൽപെട്ടവരും ഒത്തുചേർന്നു താഴെ തട്ടിൽ നിന്നും പദ്ധതികൾ നടപ്പിൽ വരുത്തണം. ഒരു ജനകീയ മുന്നേറ്റത്തിലൂടെ പഞ്ചവത്സര പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നെങ്കിലും അതിന് കഴിഞ്ഞില്ല. മറിച്ചു ഉദ്യോഗസ്ഥന്മാരിലൂടെ പ്രാവർത്തികമാക്കിയത് കൊണ്ട് എത്തേണ്ട കൈകളിൽ 25-30 ശതമാനം മാത്രമെ പല തട്ടുകളിലൂടെ കൈമറിഞ്ഞു എത്തുന്നുള്ളൂ. രക്തസാക്ഷിത്വം വരിച്ച മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിതീവ്രമായി ആഗ്രഹിച്ചത് 100 ശതമാനം പ്രയോജനം ജനങ്ങളിൽ എത്തിക്കുക എന്നതാണ്.

മറ്റേത് ഇൻഡ്യൻ സംസ്ഥാനത്തേക്കാളും നേട്ടങ്ങളുണ്ടാക്കികൊണ്ടു ലോകത്തിന്റെ മുന്നിൽ തന്നെ ഒരു ആശ്ചര്യമായി കേരളത്തിന് മാറാൻ കഴിഞ്ഞു. സാക്ഷരത, പൊതു വിദ്യാഭ്യാസം, പൊതുജനാരോഗ്യം, ശിശു മരണ നിരക്ക്, തുടങ്ങി ഒട്ടേറെ കാര്യങ്ങളിൽ മറ്റു വികസിത രാജ്യങ്ങളോടൊപ്പം നിൽക്കാനും നമുക്കു കഴിഞ്ഞു.

ഒട്ടേറെ സാമൂഹ്യ പരിഷ്ക്കരണ പ്രസ്ഥാനങ്ങളുടെയും രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും പ്രവർത്തന ഫലമായി നാം ഉണ്ടാക്കിയെടുത്ത നേട്ടങ്ങളിന്ന് നില നിർത്തിക്കൊണ്ടുപോകുന്നതിനുള്ള സാമ്പത്തിക കെട്ടുറപ്പു ഇല്ലാതായിരിക്കുന്നു. ഇവ നിലനിർത്താനും സാമ്പത്തിക വളർച്ച നേടാനും അതിലൂടെ ഉല്പാദന മേഖല ശക്തിപ്പെടുത്താനും നമുക്ക് കഴിയണം. കേരളത്തെ കേരളമായികാണാനും നമ്മുടെ ഗ്രാമത്തിന്റെ വളർച്ച വികേന്ദ്രീകരണത്തിലൂടെ സാർത്ഥകമാക്കാനും കഴിയണം. പഞ്ചായത്ത് രാജ് സംവിധാനത്തിലൂടെ നമുക്കതു നേടാൻ കഴിയട്ടെ.

## ജനകീയ ആസൂത്രണം

ജനകീയ ആസൂത്രണത്തെ സംബന്ധിച്ചുള്ള ആദ്യയോഗം സെപ്റ്റംബർ രണ്ടാംവാരം പഞ്ചായത്ത് കോൺഫ്രൻസ് ഹാളിൽ ചേർന്നു. ഏക ദിന ശില്പ ശാല നടത്താനുള്ള തീരുമാനമെടുത്തു. ധൃതഗതിയിൽ നടത്തേണ്ടിവന്നതുകൊണ്ടു പോരായ്മകൾ ഉണ്ടായിട്ടുണ്ട്. 11 വാർഡുകളിൽ നിന്ന് 150 റിസോഴ്സ് പേഴ്സൺസ് പങ്കെടുത്തു.

## ഭരണ ചരിത്രം

പുളിംകുന്ന് പഞ്ചായത്ത് രൂപീകൃതമാകുന്നതിനുമുമ്പ് വില്ലേജ് പഞ്ചായത്ത് യൂണിയനായിരുന്നു നിലവിലുണ്ടായിരുന്നഭരണ സംവിധാനം. പഞ്ചായത്ത് യൂണിയന്റെ പ്രസിഡൻറ് ശ്രീ. കെ. പി. അമൃതാനാഥ അയ്യരായിരുന്നു. ആസ്ഥാനം മങ്കൊമ്പിലും. 1953 പുളിംകുന്ന് പഞ്ചായത്ത് നിലവിൽ വന്നു. ആസ്ഥാനം പുളിംകുന്നിലേക്ക് മാറുകയും വലിയ പള്ളിയുടെ കെട്ടിടത്തിൽ ദീർഘകാലം പ്രവർത്തനം നടത്തുകയും ചെയ്തു. ആദ്യത്തെ പ്രസിഡൻറ് ശ്രീ പി. ആർ വെങ്കിടാചല അയ്യരാണ്. 1979 വരെ പ്രസിഡൻറായി അദ്ദേഹം സേവനം അനുഷ്ഠിച്ചു. തുടർന്ന് ശ്രീ പറവേലി കൃഷ്ണൻകുട്ടിനായർ, ശ്രീ. പി. ഡി. ദാസ്, ശ്രീ. കെ. കെ. ചാക്കോ, ശ്രീമതി എസ്. രമാദേവി എന്നിവർ പ്രസിഡൻറ് പദം അലങ്കരിച്ചിട്ടുള്ള മഹത് വ്യക്തികളാണ്.

## ഗ്രാമസഭകൾ

| വാർഡ് | പങ്കാളിത്തം | | പ്രചരണ പ്രവർത്തനങ്ങൾ |
|---|---|---|---|
| | സ്ത്രീ | പുരുഷൻ | |
| 1 | 20 | 112 | നോട്ടീസ് , പോസ്റ്റർ, ഭവന സന്ദർശനം അഭിപ്രായ ശേഖരണം |
| 2 | 16 | 76 | നോട്ടീസ്, പോസ്ററർ |
| 3 | 4 | 49 | നോട്ടീസ്, പോസ്റ്റർ |
| 4 | 24 | 100 | നോട്ടീസ്, പോസ്റ്റർ |
| 5 | 27 | 70 | നോട്ടീസ്, പോസ്റ്റർ, ഭവനസന്ദർശനം |
| 6 | 1 | 30 | നോട്ടീസ്, പോസ്റ്റർ |
| 7 | 13 | 71 | നോട്ടീസ്വിതരണം, ഹൗസ്ക്യാമ്പയിൻ |
| 8 | 10 | 82 | നോട്ടീസ് , പോസ്റ്റർ |
| 9 | 66 | 222 | നോട്ടീസ്, വിളമ്പര ജാഥ, ഹനിസ് ക്യാമ്പയിൻ, പോസ്റ്ററിംഗ് |
| 10 | 24 | 143 | നോട്ടീസ്, പോസ്റ്ററിംഗ് |
| 11 | 37 | 141 | നോട്ടീസ്, പോസ്റ്റർ |

## നവംബർ 1 പുനരർപ്പണം
## വാർഡുകളിൽ ജനകീയ പങ്കാളിത്തത്തോടെ
## വാർഡ് തല വിവരങ്ങൾ

### വാർഡ്

1 – 1,3,11, വാർഡുകളെ ബന്ധിപ്പിച്ചുകൊണ്ട് കൊരട്ടി – എസ്. എച്ച്. യു. പി. എസ്. വരെ നടപ്പാത നിർമ്മാണം

2 – റോഡ്, നടപ്പാത നിർമ്മാണം

3 – കൊരട്ടി, എസ്. എച്ച്. യു. പി. സ്കൂൾ റോഡ് നിർമ്മാണം

4 – റോഡ്, നടപ്പാത, നിർമ്മാണം

5 – വികാസ് മാർഗ്ഗിൽ അരിക്കുടി – തുണ്ടിയിൽ വഴി. പുത്തൻ തുരുത്ത് കോളനി – റോഡ്

6 – റോഡ്, നടപ്പാത

7 – മാലിശേരി – ഇത്തിപ്പള്ളി റോഡ് നിർമ്മാണം

8 – നടപ്പാത നിർമ്മാണം

9 – എസ്. എൻ. നഗർ, പുത്തൻ പറമ്പു നടപ്പാത നിർമ്മിക്കുക

10 – നടപ്പാത നിർമ്മാണം

11 കൊരട്ടി, എസ്. എച്ച്. യു. പി. സ്കൂൾ റോഡ്

# പഞ്ചായത്ത് പൊതു വിവരണം

| | | |
|---|---|---|
| പേര് | : | പുളിങ്കുന്ന്, ,സ്പെഷ്യൽ ഗ്രേഡ് |
| വില്ലേജുകൾ | : | കുന്നുമ്മ, പുളിങ്കുന്ന് |
| ബ്ളോക്ക് | : | വെളിയനാട് |
| ബ്ളോക്കു ഡിവിഷനുകൾ | : | രണ്ട് |
| ജില്ല | : | ആലപ്പുഴ |
| ജില്ലാ പഞ്ചായത്ത് | | |
| ഡിവിഷൻ | : | ഒന്ന് |
| അസംബ്ലി മണ്ഡലം | : | കുട്ടനാട് |
| പാർലമെൻറ് | : | ആലപ്പുഴ |
| വിസ്തീർണ്ണം | : | 31.53 സ്ക്വയർ കിലോമീറ്റർ |
| ജനസംഖ്യ | : | 23667 |
| സ്ത്രീകൾ | : | 12022 |
| പുരുഷന്മാർ | : | 11645 |
| (1991 സെൻസസ് പ്രകാരം) | | |

പഞ്ചായത്ത് ഭരണസമിതി

| | | |
|---|---|---|
| ഓഫീസ് | : | പുളിങ്കുന്നു (സ്വന്തം കെട്ടിടം) |
| വാർഡ് | : | 11 |
| പ്രസിഡൻറ് | : | ഇ. വി. കോമളവല്ലി |
| വൈസ്പ്രസിഡൻറ് | : | ലിസമ്മ ജോസഫ് |
| സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ | : | കെ. രമേശ് |
| മെമ്പർ മാർ | : | എ. മനോഹരൻ |
| | : | സി. റ്റി. കുര്യൻ |
| | : | തങ്കമ്മ തോമസ് |
| | : | ലൂക്കോസ് ഫിലിപ്പ് |
| | : | പി. ജെ. എബ്രഹാം |
| | : | അഡ്വ. പി. കെ. മധുസൂദനൻ |
| | : | സന്ധ്യാ രമേശ് |
| | : | തങ്കച്ചൻ കാനാച്ചേരി |

# PULINGUNNU PANCHAYAT




PREPARED BY
A.P. THOMAS
KUREETHARA



# ചരിത്രം

പഴയ തിരുവിതാംകൂർ രാജ്യത്തെ കൊല്ലം ഡിവിഷനിൽപ്പെട്ട അമ്പലപ്പുഴ താലൂക്കും തിരുവല്ല താലൂക്കും കോട്ടയം ഡിവിഷനിലെ, കോട്ടയം ചങ്ങനാശേരി താലൂക്കും വിഭജിച്ച് അതിർത്തികൾ പുനർനിർണ്ണയം ചെയ്താണ് ചരിത്രമുറങ്ങുന്ന കുട്ടനാടിന് രൂപം നൽകിയത്. ആഴത്തിൽ നീണ്ടുപരന്നു കിടന്ന കായലുകളെ വലിയ വരമ്പുകൾകൊണ്ടു തടകെട്ടി തിരിച്ചു കൃഷിയ്ക്കുപയുക്തമായ നിലങ്ങളാക്കി മാറ്റിയെടുത്തു ശാസ്ത്രവിപ്ലവത്തിനു കാരണഭൂതമായ കുട്ടനാട്ടിലെ മനുഷ്യശക്തിയെ അളന്നുതൂക്കിയും തിട്ടപ്പെടുത്താനാവില്ല. കുട്ടനാടിന്റെ ചരിത്ര പശ്ചാത്തലത്തെക്കുറിച്ചു പല അഭ്യൂഹങ്ങളുണ്ട്. ചരിത്രാതീതകാലത്ത് കുട്ടനാട് മുഴുവനും കടലിനടിയിലായിരുന്നുവെന്നു ചില ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെട്ടിരുന്നു. ഈ പ്രദേശത്തിന്റെ കിഴക്ക് ഭാഗം കടുത്തുരുത്തിയും, വയസ്ക്കരയുമൊക്കെ അക്കാലത്തെ തുറമുഖങ്ങളായിരുന്നുവെന്നും പിൽക്കാലത്ത് കടൽ പിൻവാങ്ങുകയും നദികളിലൂടെ

എക്കൽ വന്നടിഞ്ഞു കുട്ടനാടൻ ചതുപ്പുപ്രദേശം ഉണ്ടായെന്നു പറയപ്പെടുന്നു. മഹാഭാരതത്തിലെ ഖാണ്ഡവദഹനം കഥയുമായി കുട്ടനാടിനെ ബന്ധപ്പെടുത്തി പറയാറുണ്ട്. ഒരു കാലത്ത് ഇവിടെ വലിയ കാടായിരുന്ന വനത്തിൽ തീപിടിത്തം ഉണ്ടായി വനം കത്തിനശിച്ചു. പിൽക്കാലത്ത് കടൽ കയറിയെന്നും വർഷങ്ങൾക്കുശേഷം കടൽ പിൻവാങ്ങി - കുട്ടനാട് രൂപപ്പെട്ടു എന്നുംപറയുന്നു. പ്രസിദ്ധനായ ശാസ്ത്രജ്ഞൻ ഐ.സി. ചാക്കോ എഴുതിയ ലേഖനത്തിൽ കെട്ടനാട് കുട്ടനാട് ആയിത്തീർന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. കുട്ടനാട് ബുദ്ധനാട് ആണെന്നും ബുദ്ധനാട് കുട്ടനാട് ആയിത്തീർന്നു എന്നുംപറയുന്നു.

ആരംഭകാലം തൊട്ടു ചക്രം ചവിട്ടി വെള്ളം വറ്റിച്ചാണ് കൃഷി ചെയ്തിരുന്നത്. ഒന്നാം ലോക മഹായുദ്ധകാലത്ത് കൊച്ചിയിലെത്തിയ ജോർജ് ബ്രണ്ടൻ എന്ന ബ്രിട്ടീഷുകാരനാണ് വെള്ളം വറ്റിക്കുന്നതിന് മണ്ണെണ്ണകൊണ്ടു പ്രവർത്തിക്കുന്ന എഞ്ചിനുകൾ കൊണ്ടുവന്നത്. പെട്ടിയും പറയും ഉപയോഗിച്ചു വെള്ളം വറ്റിക്കാൻ തുടങ്ങിയത്. 1940 വരെ ഒന്നിടവിട്ട വർഷങ്ങളിലെ കൃഷി ചെയ്തിരുന്നുള്ളു. രണ്ടാം ലോക മഹായുദ്ധക്കാലത്ത് ഭക്ഷ്യക്ഷാമം നേരിട്ടപ്പോഴാണ് വർഷത്തിലൊരിക്കൽ കൃഷി ചെയ്യണമെന്ന ആശയം ഉദിച്ചത്. അക്കാലത്ത് മൂപ്പുകൂടിയ വിത്തിനങ്ങളാണ് കൃഷിചെയ്തിരുന്നത്. ചെമ്പാവ്, കറുത്തചീര, അതിക്കാരാലി എന്നിവയായിരുന്നു. കൃഷിയ്ക്കുവേണ്ടിയുള്ള മുന്നൊരുക്കങ്ങൾ മാസങ്ങൾക്കു മുൻപുതന്നെ ആരംഭിക്കുമായിരുന്നു. പുറബണ്ടു കുത്താനും, മടയുറപ്പിക്കാനും വെള്ളം വറ്റിക്കാനും അങ്ങനെ മാസങ്ങളോളം നീണ്ടുനിൽക്കുന്ന കൃഷിപ്പണികൾ കുട്ടനാട്ടിലെ കർഷകരുടെയും, തൊഴിലാഴികളുടെയും ഉത്സവമായിരുന്നെങ്കിലും പ്രഭാതംമുതൽ പ്രദോഷംവരെ പാടത്ത് പണിയെടുത്തവർക്കും ന്യായമായ കൂലി ലഭിച്ചിരുന്നില്ല. തൊഴിലാളി പ്രസ്ഥാനങ്ങളുടെ സംഘടിതമായ മുന്നേറ്റങ്ങളിലൂടെ മാറ്റത്തിന്

തുടക്കംകുറിച്ചത് പുളിങ്കുന്നിൽനിന്നാണ്. പണിയാളർക്കു അല്പ നേരം വിശ്രമം ആവിശ്യപ്പെട്ടുകൊണ്ടുള്ള സമരം, കൂലിക്കൂടുതലിനും, പരിസരവാസികൾക്കു തൊഴിലിന് മുൻഗണന വേണമെന്നു വാദിച്ചുകൊണ്ടുള്ള സമരങ്ങൾ, തല ചായ്ക്കാനും കൃഷി ചെയ്യാനും ഒരുതുണ്ടു ഭൂമിയ്ക്കുവേണ്ടിയുള്ള സമരം, നിരവധി സാമൂഹ്യ മാറ്റങ്ങൾക്കും ഇടനൽകി. അങ്ങനെ ഒട്ടേറെ സമരങ്ങൾക്ക് നേതൃത്വം നൽകാനും തുടക്കം കുറിക്കാനും പറവേലി കൃഷ്ണൻകുട്ടിനായർ, വി.പി. ആൻറണി പെരുമ്പളം ഭരതൻനായർ എൻ.സി. ജോസഫ്, എൻ.കെ. കമലാസനൻ, ആർ. സി. നായർ തുടങ്ങിയ തൊഴിലാളി നേതാക്കൾക്കു കഴിഞ്ഞു. ജന്മിതത്വത്തിനും, ബ്രിട്ടീഷ് ആധിപത്യത്തിനും എതിരെ രാജ്യത്ത് ഉയർന്നവന്നു പ്രക്ഷോഭങ്ങളിൽ പങ്കാളികളാവാനും സ്വാതന്ത്ര്യ സമര പോരാട്ടങ്ങളിൽ പങ്കെടുക്കാനും പുളിങ്കുന്നിലെ ദേശസ്നേഹമുള്ളവർക്ക് കഴിഞ്ഞു. ഇവരിൽ കെ.കെ. കുഞ്ചുപിള്ള, മൈക്കിൾ ആശാൻ തുടങ്ങിയ പ്രമുഖർ ഉൾപ്പെടും വി.ടി. സെബാസ്റ്റ്യൻ, പത്തിൽ ചാക്കോച്ചൻ, ഒ.എസ്. വേലായുധൻപിള്ള തുടങ്ങിയവരെ സ്വാതന്ത്ര്യസമര പെൻഷൻ നൽകി ആദരിച്ചുവരുന്നു.

ലോകത്തിലാദ്യമായി തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽവന്ന ആദ്യത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയെ താഴെ ഇറക്കുന്നതിന് വിദ്യാർത്ഥികളുടെ പ്രക്ഷോഭത്തിലൂടെ നടന്ന ഒരണസമരം പുളിങ്കുന്നിലാണ് ആരംഭിച്ചത്. പിന്നീട് പ്രസിദ്ധമായ വിമോചന സമരമായി മാറിയതും ഈ സമരമാണ്.

മത സൗഹാർദ്ദത്തിൻെറയും മതമൈത്രിയുടെയും പ്രതീകമായി ചരിത്ര സ്മരണകൾ ഉയർത്തിക്കൊണ്ടു നൂറ്റാണ്ടുകളുടെ പാരമ്പര്യം പേറുന്ന ക്രിസ്തീയ ദേവാലയങ്ങൾ, ഹൈന്ദവ ക്ഷേത്രങ്ങൾ, കുട്ടനാട്ടിലെ ഏക മുസ്ലീംപള്ളി തുടങ്ങിയവ നമ്മുടെ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു. ഇൻഡ്യയിലെ ആദ്യ

ത്തെ നാട്ടുമെത്രാനായിരുന്ന പാഴേപറമ്പിൽ ബഹു. ലൂയിസ് മെത്രാന് ജന്മം നൽകിയതും ഈ നാട്ടിൽതന്നെ.

അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ ജനങ്ങളെ പ്രബുദ്ധരാക്കുവാൻ, സംഘടനകൊണ്ടു ശക്തരാകുവാൻ ആഹ്വാനം നൽകിയ ശ്രീ നാരായണ ഗുരുവിൻെറ അനുഗ്രഹത്താൽ രൂപപ്പെട്ട എസ്.എൻ.ഡി.പി. പ്രസ്ഥാനത്തിൻെറആവിർഭാവം നമ്മുടെ പഞ്ചായത്തിൽ. ചരിത്ര സത്യമായി കണ്ണാടി പ്രദേശത്ത് നിലകൊള്ളുന്ന 5 -ാം നമ്പർ എസ്.എൻ. ഡി.പി. ഗുരുമന്ദിരത്തിലൂടെയാണ്.

നാട്ടുരാജക്കന്മാരുടെ ഭരണവാഴ്ചയെ അനുസ്മരിച്ചുകൊണ്ടു പുളിങ്കുന്നു കോയിക്കൽ ക്ഷേത്രത്തിന് സമീപം മാത്തൂർ കളരി കാണാം.

ഇരുനൂറു വർഷത്തെ പഴക്കമുള്ള അഞ്ചൽപ്പെട്ടി പഞ്ചായത്തിലെ കണ്ണാടി പ്രദേശത്ത് ചരിത്ര സ്മാരകമായി ഇന്നും സ്ഥിതിചെയ്യുന്നു.

ഒത്തിരി ഒത്തിരി സമരങ്ങളുടെയും പോരാട്ടങ്ങളുടെയും ചരിത്രങ്ങൾ ഉറങ്ങുന്ന നാടാണു പുളിങ്കുന്ന്. ഒരുപാടു യാതനകളും വേദനകളും പേറുന്നവരെയും മൺമറഞ്ഞവരെയും ഇവിടെ സ്മരിക്കുന്നു. നമ്മുടെ ഗ്രാമത്തിൻെറ ചരിത്രത്തിലേക്കുള്ള ഒരു വിഗഹ വീക്ഷണം മാത്രമാണിത്.

വികസന രേഖയിൽ ചരിത്ര സ്മരണകൾ ഉണർത്തുന്ന പരാമർശങ്ങൾ പലയിടത്തും ഉള്ളതിനാൽ ആവർത്തന വിരസത ഒഴിവാക്കാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്.



# വനിത

സമൂഹത്തിൻെറ മറ്റെല്ലാ തുറകളിൽ എന്നപോലെ സംമ്പദ് ഘടനയുടെയും അഭിവാജ്യ ഘടകമാണ് സ്ത്രീകൾ. പ്രാചീനകാലംമുതൽ തന്നെ, ഭക്ഷ്യോൽപാദനം, വസ്ത്ര നിർമ്മാണം, കൈത്തൊഴിൽ, എന്നീ മേഖലകളിൽ സ്ത്രീകൾ മുഖ്യമായ പങ്കുവഹിച്ചിരുന്നെങ്കിലും, സാമൂഹ്യവും സാംസ്ക്കാരികവുമായ ഒരു മതിൽ സഹസ്രാബ്ദങ്ങളായി ഇവർക്കിടയിൽ കെട്ടി ഉയർത്തിയിരിക്കുന്നു. ബാല്യകാലത്ത് അച്ഛനും, യൗവ്വനകാലത്ത് ഭർത്താവും, വാർദ്ധക്യകാലത്ത് പുത്രനും സ്ത്രീയുടെ രക്ഷകരായി വർത്തിക്കുന്നു. ''ന സ്ത്രീ സ്വാതന്ത്ര്യമർഹതി'' എന്നു മനുസ്മൃതി പറയുന്നു. സ്ത്രീകളുടെ സാമൂഹ്യപദവി ഉയർത്തണമെന്നു നാമൊക്കെ പറയുമ്പോഴും ഇന്നും ഈ മതിൽകെട്ടിനുള്ളിൽ അകപ്പെട്ടു മോചനത്തിനായി കവാടങ്ങൾ തേടുന്നവരെയും നമുക്കു കാണാം.

സ്ത്രീകളുടെ താഴ്ന്ന തൊഴിൽ പങ്കാളിത്തം ചിലപ്രത്യേക തൊഴിലുകളിലുള്ള കേന്ദ്രീകരണം സേവന വേതന ആനുകൂല്യങ്ങളിലുള്ള വിവേചനങ്ങൾ ആരോഗ്യപരിരക്ഷയിലും വിദ്യാഭ്യാസത്തിലുമുള്ള അവഗണന തുടങ്ങിയവ കൂടുതൽ കൂടുതൽ വെളിവായികൊണ്ടിരിക്കുന്നു. സ്ത്രീ പീഢനങ്ങളുടെയും അവരുടെ നേരെയുള്ള ലൈംഗിക ബല പ്രയോഗങ്ങളുടെയും എണ്ണം ദിനം പ്രതി വർദ്ധിച്ചുവരുന്നു.

നമ്മുടെ ഗ്രാമത്തിലെ ജനസംഖ്യയിൽ 12022 പേർ സ്ത്രീകളാണ്. കാർഷിക മേഖലയിൽ പണിയെടുക്കുന്നവരാണ് ഭൂരിഭാഗവും. സാക്ഷരതാ നിലവാരം മെച്ചപ്പെട്ടതാണെങ്കിലും സാമൂഹിക സാംസ്ക്കാരിക രംഗങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്വം വളരെ പിന്നിലാണ് തൊഴിൽ മേഖലയിൽ കൂലിയുടെ വിവേചനവും നിലനിൽക്കുന്നു.

പൊതുരംഗങ്ങളിൽ സ്ത്രീകൾക്ക് അർഹമായ സ്ഥാനം നൽകപ്പെടാതെയും, ചുമതലകൾ പങ്ക് വെയ്ക്കുന്നതിൽ സമൂഹം കാണിക്കുന്ന മടിയുമാണ് സ്ത്രീകൾ പൊതുവെ മുൻ നിരയിലേയ്ക്ക് കടന്നു വരാത്തത്.

നമ്മുടെ പഞ്ചായത്തിൽ ശക്തമായ മഹിളാ സംഘടനകൾ ഒന്നും പ്രവർത്തിക്കുന്നില്ല. മഹിളാ സമാജങ്ങൾ പ്രവർത്തിക്കുന്നെങ്കിലും കാര്യക്ഷമമല്ലതാനും.

## ഗ്രാമസഭ നിർദ്ദേശങ്ങൾ

1. കാർഷിക മേഖലയിലും മറ്റും പണിയെടുക്കുന്ന സ്ത്രീകൾക്ക് അവരുടെ കുട്ടികളെ സുരക്ഷിതമായി സംരക്ഷിക്കുന്നതിന് ഒരു ബേബി ക്രെഷ് ഉണ്ടാക്കുക.
2. ഒരു ഇൻഡസ്ട്രിയൽ കോപ്പറേറ്റീവ് സൊസൈറ്റി സ്ഥാപിച്ച് അവനവന്റെ വീടിനെ ബന്ധപ്പെടുത്തിയുള്ള വ്യവസായങ്ങൾ തുടങ്ങുക. കയർ, കോഴിവളർത്തൽ, റെഡിമെയ്ഡ് ഉൽപ്പന്നങ്ങൾ, ബുക്ക് ബയൻറിംഗ് ,ഹെയർ ബാൻഡ്, ബൾബ് അനുബന്ധയൂണിറ്റ്
3. സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും പ്രത്യേക ആരോഗ്യ പരിപാലന ഇൻഷുറൻസ് പദ്ധതി നടപ്പിൽ വരുത്തുക.
4. പഞ്ചായത്തു തലത്തിൽ സ്ത്രീകൾക്കായി പ്രത്യേകം മാർഗ്ഗ നിർദ്ദേശക സമിതി തുറക്കുക.
5. മദ്യം പരിപൂർണ്ണമായി മാറ്റുന്നതിലേയ്ക്കായി സ്ത്രീകൾ സമർപ്പിക്കുന്ന അനധികൃത മദ്യോല്പാദന പരാതികൾക്ക് ശക്തമായ നിയമ നടപടി എത്രയും വേഗം എടുക്കുക.
6. സ്ത്രീകളെ മോശമായ ചിന്താഗതിയോടുകൂടി സമീപിക്കുന്ന അഥവാ പെരുമാറുന്ന വ്യക്തികളുടെ പേരിൽ ശക്തമായ നിയമ നടപടി പഞ്ചായത്ത് തലത്തിൽ കൈക്കൊള്ളുക.

## സാദ്ധ്യതകൾ

- സ്ത്രീകൾക്കായി നേതൃത്വ പരിശീലന കളരികൾ നടത്തുക.
- തൊഴിലില്ലായ്മ പരിഹരിക്കുക
- തുല്യജോലിക്ക് തുല്യവേതനം നൽകുക.
- നേഴ്സറികളിൽ പണിയെടുക്കുന്നവർക്ക് ക്ഷേമനിധി ഏർപ്പെടുത്തുക.
- എല്ലാ വാർഡിലും മഹിളാ സമാജങ്ങൾ, വനിതാ ക്ഷേമ കേന്ദ്രങ്ങൾ ആരംഭിക്കുക.
- വനിത വ്യവസായ എസ്റ്റേറ്റിന് രൂപം നൽകുക.

★★★★★★★★★★★★★★★★★★
★★★★★★★★★★★★★★★
★★★★★★★★★★

# കൃഷിയും ജലസേചനവും

## കാർഷിക ചരിത്രം

കേരളത്തിലെ മികച്ച നെല്ലറകളിൽ ഒന്നായ കുട്ടനാട്ടിലെ വെളിയനാടു വികസന ബ്ലോക്കിൽപ്പെട്ട 6 പഞ്ചായത്തുകളിൽ ഒന്നാണ് പുളിങ്കുന്ന്. വിസ്തൃതിയും ജനസംഖ്യയും കണക്കിലെടുത്താൽ ബ്ലോക്കിലെ ഏറ്റവും വലിയ പഞ്ചായത്താണ് പുളിങ്കുന്ന് എന്ന് താഴെക്കാണിക്കുന്ന പട്ടികയിൽ നിന്ന് വ്യക്തമാകും.

| പഞ്ചായത്തിൻെറ പേര് | വിസ്തീർണ്ണം (ച:കി.മീ) | ജനസംഖ്യ |
|---|---|---|
| പുളിങ്കുന്ന് | 31-53 | 23667 |
| നീലംപേരൂർ | 22-22 | 13921 |
| വെളിയനാട് | 19-41 | 13526 |
| കാവാലം | 17-43 | 14427 |
| രാമങ്കരി | 16-17 | 14026 |
| മുട്ടാർ | 10-48 | 10400 |

(അവലംബം: കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിൻെറ 1995 -ലെ റിപ്പോർട്ട്)

പമ്പ, മണിമല എന്നീ നദികൾ സംഗമിച്ച് ഈ പഞ്ചായത്തിലൂടെ ഒഴുകുന്നു. കൂടാതെ ഒട്ടനേകം തോടുകളും പഞ്ചായത്തിലുണ്ട്.

പഞ്ചായത്തിൽ 1050 ഹെ: കരഭൂമിയും 2395 ഹെ: നെൽപ്പാടങ്ങളും ശേഷിച്ച 500 ഹെ: കായലുകളും നദികളും തോടുകളുമാണ്.

ഈ പഞ്ചായത്തിലെ കരപ്രദേശങ്ങൾ സമുദ്രനിരപ്പിൽനിന്നും 1 മീറ്റർ ഉയർന്നുകിടക്കുമ്പോൾ നെൽപ്പാടങ്ങൾ 0.5 മീറ്റർ മുതൽ 2 മീറ്റർ വരെ താഴ്ന്നുകിടക്കുന്നു. ഒരു കാലത്ത് വിസ്തൃത ജലാശയങ്ങളായി കിടന്നിരുന്ന സ്ഥലത്ത് ചുറ്റും ബലമേറിയ പുറം ബണ്ടുകൾ നിർമ്മിച്ച് വെള്ളം വറ്റിച്ച് നെൽകൃഷിക്കുപയുക്തമാക്കുകയാണുണ്ടായത്. ആദ്യകാലത്ത് മനുഷ്യപ്രയത്നം കൊണ്ട് പ്രവർത്തിപ്പിച്ചിരുന്ന മരച്ചക്രങ്ങൾ ഉപയോഗിച്ചാണ് വെള്ളം വറ്റിച്ചിരുന്നത്. പിന്നീട് ഓയിൽ എൻജിനും തുടർന്നു വിദ്യുച്ഛക്തികൊണ്ടു പ്രവർത്തിക്കുന്ന മോട്ടോറുകളും പ്രാബല്യത്തിൽ വന്നു. ആദ്യകാലത്ത് രണ്ടുവർഷത്തിലൊരിക്കൽ മാത്രമെ നെൽകൃഷി നടത്തിയിരുന്നുള്ളു. പാടശേഖരങ്ങളിൽ ഓയിൽ എൻജിനും വൈദ്യുതി മോട്ടോറും വന്നതോടെ 1920 മുതൽ വർഷത്തിലൊരിക്കൽ നെൽകൃഷി നിലവിൽ വന്നു. 1968 ഓടുകൂടി പ്രധാനവിളയ്ക്കു (പുഞ്ച) ശേഷം കാലവർഷക്കാലത്ത് ഒരു അധികവിള നെൽകൃഷികൂടി (രണ്ടാം വിള) നടത്തുന്നരീതി ചില പാടശേഖരങ്ങളിൽ നിലവിൽ വന്നു. 2395 ഹെ: സ്ഥലത്തിൽ പ്രധാനവിളയും (പുഞ്ച) 309 ഹെ: സ്ഥലത്തു രണ്ടാം വിളയും ചെയ്യുന്നുണ്ട്.

താഴെപ്പറയുന്ന കാരണങ്ങളാൽ സംസ്ഥാനത്തിലെ മറ്റു നെൽകൃഷി മേഖലകളുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ പ്രദേശത്തെ കൃഷിച്ചെലവ് വളരെക്കൂടുതലാണ്.

1. വർഷംതോറും നിലങ്ങളുടെ പുറ ബണ്ടുകൾ ഉറപ്പിക്കേണ്ടതിനാൽ
2. വെള്ളം വറ്റിക്കേണ്ടി വരുന്നതിനാൽ (de watering)

3. കള/കീട രോഗബാധയുടെ ആധിക്യം
4. കാലാവസ്ഥ (ഇവിടത്തെ ഉയർന്ന താപനില 34° സെൽഷ്യസും കുറഞ്ഞ താപനില 21° സെൽഷ്യസുമാണ്. ഈ പ്രദേശത്ത് ശരാശരി 2964 മില്ലീമീറ്റർ മഴ ലഭിക്കുന്നുണ്ട്)
5. ഈ പഞ്ചായത്തുപ്രദേശത്തെ മുഴുവൻ സ്ഥലങ്ങളിലും ചെളി കലർന്ന മണ്ണാണ്. മണ്ണിന് കടുത്ത അമ്ലഗുണമാണുള്ളത്

## ഭൂവിനിയോഗം

| വിള | വിസ്തൃതി (ഹെ:) | ഉൽപ്പാദനം | ഉൽപ്പാദനക്ഷമത (ഹെ:) |
|---|---|---|---|
| 1. നെല്ല് (ഒന്നാം വിള) | 2395 | 8382 T. | 3:5 T. |
| നെല്ല് (രണ്ടാം വിള) | 309 | 772 T. | 2 T. |
| 2. തെങ്ങ് | 728 | 38,22000 Nuts | 30 Nuts Per year |
| 3. പച്ചക്കറി | 304 | 60 T. | 2 T. |
| 4. വാഴ | 250 | 1125000kg. | |
| 5. മരച്ചീനി | 20 | 100 T. | 5 T. |
| 6. കവുങ്ങ് | 10 | 40000kg. | 3780kg. |
| 7. റബ്ബർ | 12 | 45360kg. | 4000kg. |
| 8. കൊക്കൊ | (വളരെ ചുരുക്കം സ്ഥലങ്ങളിൽ) | | |

(അവലംബം:- കൃഷിഭവൻ രേഖകൾ)

കൊക്കൊ, മരച്ചീനി ഇവയും വാഴകൃഷിയിൽ 90% തെങ്ങിൻ തോട്ടങ്ങളിൽ ഇടവിളയായാണ് ചെയ്തു വരുന്നത്. വളരെ പരിമിതമായി മാത്രമെ റബ്ബർ കൃഷിയുള്ളു. ഉൽപ്പാദനക്ഷമത സംസ്ഥാനത്തിൻെറ ശരാശരി ഉൽപ്പാദനക്ഷമതയിൽ നെൽകൃഷിയെ സംബന്ധിച്ചിടത്തോളം ഉയർന്നതാണെങ്കിലും മറ്റുകൃഷികളെ സംബന്ധിച്ച് കുറവായിട്ടാണ് കാണുന്നത്.

## ജലസേചന സൗകര്യങ്ങൾ

നദികളിലും തോടുകളിൽനിന്നുമുള്ള ജലമാണ് എല്ലാ വിളകൾക്കും ജലസേചനത്തിനായി ഉപയോഗപ്പെടുത്തുന്നത്. നെൽകൃഷിയെ സംബന്ധിച്ചിടത്തോളം പുറ ബണ്ടുകളിൽ സ്ഥാപിച്ചിട്ടുള്ള തൂമ്പുകൾവഴി ജലം പാടശേഖരങ്ങളിലേക്കു കയറ്റിയാണ് ജലസേചനം നടത്തുന്നത്. നെൽകൃഷി ആരംഭിക്കുന്നതിനു മുൻപും, കൃഷിസമയത്തും പാടശേഖരങ്ങളിൽനിന്നും ജലം പുറത്തേക്കു പമ്പുചെയ്തു കളയേണ്ടതുണ്ട്. ഇതിനായി 10 കുതിരശക്തിമുതൽ 60 കുതിരശക്തിവരെയുള്ള 65 മോട്ടോറുകൾ ഈ പഞ്ചായത്തിൽ ഉപയോഗിക്കുന്നു.

430 വൈദ്യുതി/ഓയിൽ പമ്പുസെറ്റുകൾ ഉപയോഗപ്പെടുത്തി 215 ഹെക്ടർ കരകൃഷി സ്ഥലത്തേക്കാവശ്യമായ ജലസേചനവും നടക്കുന്നുണ്ട്.

## ഉൽപ്പന്നങ്ങളുടെ വിലയും വിപണനവും

നെല്ലു വിൽപ്പനക്കായ് സ്വകാര്യ ഏജൻസികളെ പൂർണ്ണമായും ആശ്രയിക്കേണ്ട ഒരു സ്ഥിതിവിശേഷമാണ് ഇപ്പോഴുള്ളത്. ന്യായമായ വില ലഭിക്കാതെ കൃഷിയിടങ്ങളിൽ വച്ചുതന്നെ കിട്ടുന്ന വിലയ്ക്ക് വിറ്റഴിക്കുവാൻ കൃഷിക്കാരൻ നിർബ്ബന്ധിതനാകുന്നു. നാളികേരത്തിൻെറ കാര്യത്തിലും ഇതുതന്നെയാണ് സ്ഥിതി. മറ്റു കാർഷികോൽപ്പന്നങ്ങളായ പച്ചക്കറികൾക്കും വിപണനത്തിനാവശ്യമായ ശാസ്ത്രീയമായ സംവിധാനങ്ങളില്ലാത്തതിനാൽ ആ രംഗത്തേക്കു കൂടുതലായി കടന്നുവരാൻ കൃഷിക്കാർ മടിക്കുന്നു.

## കാർഷിക ബന്ധങ്ങൾ

ഈ പഞ്ചായത്തിൽ വൻകിട കർഷകർ (2 ഹെ: കൂടുതൽ ഭൂമിയുള്ളവർ) ആരും തന്നെ ഇല്ല. നെൽകൃഷിയും മറ്റുള്ള കൃഷികളും നടത്തുന്ന ഭൂഉടമകളുടെ ഇനം തിരിച്ചുള്ള വിവരം.

കൃഷിയെ ആശ്രയിച്ചു ജീവിക്കുന്നവർ

| വിള | നാമമാത്ര കർഷകർ (1 ഹെ: താഴെ) | ചെറുകിട കർഷകർ (1-2 ഹെ:) | വൻകിട കർഷകർ (2 ഹെ: മുകളിൽ) |
|---|---|---|---|
| നെല്ല് | 1533 | 750 | ..... |
| മറ്റിനം | 9150 | 870 | ..... |
| | (അവലംബം:- കൃഷിഭവൻ രേഖകൾ) | | |

സാമൂഹ്യ സാമ്പത്തിക രംഗത്തു വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾകൊണ്ട് നെൽകൃഷി ആദായകരമല്ലാതായി തീർന്നിരിക്കുന്നതുകൊണ്ടും ഭൂഉടമാ സമ്പ്രദായത്തിന് ദ്രുതഗതിയിലുള്ള വ്യതിയാനങ്ങൾ ദിനംപ്രതി എന്നോണം വന്നുകൊണ്ടിരിയ്ക്കുന്നതുകൊണ്ടും പരമ്പരാഗതമായി നെൽകൃഷി ചെയ്തുകൊണ്ടിരിക്കുന്ന കർഷ്കർ ക്രമേണ (ആ സ്ഥാനത്തുനിന്ന്) പിൻതിരിഞ്ഞുകൊണ്ടിരിക്കുന്നു. അതേസമയം കർഷകത്തൊഴിലാളികളിൽനിന്നും മറ്റു തൊഴിൽ മേഖലയിൽ പണിയെടുത്തിരുന്നവരിൽനിന്നും ചെറിയ കൃഷിയിടങ്ങളുടെ ഉടമാവകാശം നേടിക്കൊണ്ട് പുതിയൊരു വിഭാഗം ഈ രംഗത്തേക്ക് കടന്നുവന്നുകൊണ്ടിരിക്കുന്നുണ്ട്. ഈ വിഭാഗത്തിൽപ്പെടുന്നവർ കുടുംബാംഗങ്ങളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് സ്വന്തമായി കൃഷിപ്പണി നടത്തുന്നതായിക്കാണാം. അങ്ങനെ സ്വയം കൃഷിപ്പണികൾ എടുക്കുന്ന കർഷകരുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകുന്നുണ്ട്. കർഷകരിൽ ഈ വിഭാഗത്തിൽപ്പെടുന്നവരുടെ എണ്ണം 20% ൽ കൂടുതലാണ്. എന്നാൽ കർഷകത്തൊഴിലാളികൾ ഈ വിഭാഗത്തിൽ 5% ൽ കൂടുതൽ വരുന്നില്ല. മുൻകാലങ്ങളിൽ ഈ പഞ്ചായത്തിലെ നെൽകൃഷിക്കും വിളവെടുപ്പിനും മറ്റു പ്രദേശങ്ങളിൽ നിന്നെത്തുന്ന കർഷകത്തൊഴിലാളികളെയാണ് ആശ്രയിച്ചിരുന്നത്. അതാതു പ്രദേശങ്ങളിൽ പണിയെടുത്തിരുന്നവർക്ക് അവിടെത്തന്നെ കൂടുതൽ തൊഴിലവസരങ്ങളും മെച്ചപ്പെട്ട വേതനവും ലഭിക്കുന്നതിനാൽ ഇന്ന് ഇവിടേക്കു വരുന്ന കർഷകത്തൊഴിലാളികളുടെ എണ്ണം വളരെക്കുറവാണ്. ഇത് കടുത്ത തൊഴിലാളി ദൗർലഭ്യമുണ്ടാക്കിയിരിക്കുന്നു.

## കൂലി സേവന വ്യവസ്ഥകൾ

കുട്ടനാട് കൃഷിക്കായുള്ള ഐ.ആർ.സി. (Industrial Relation Committee) ഏറ്റവും ഒടുവിൽ പ്രഖ്യാപിച്ച കർഷക തൊഴിലാളികളുടെ കൂലിനിരക്ക് താഴെ ചേർക്കുന്നു.

കർഷകത്തൊഴിലാളി -പുരുഷൻ @ Rs 70/

കർഷകത്തൊഴിലാളി -സ്ത്രീ @ Rs 44/-

മറ്റു തൊഴിലാളികൾക്കുള്ള കൂലിനിരക്ക് ഇതുവരെ ഐ.ആർ.സി. പ്രഖ്യാപിച്ചിട്ടില്ലാത്തതിനാൽ ഇപ്പോൾ നിലവിലുള്ള നിരക്കുകൾ നൽകിക്കൊണ്ടിരിക്കുന്നു.

ഉദാ: ഉഴവ് - ഏക്കർ 1 ന് 12.5 പറ നെല്ല്

കൊയ്ത്തുമെതി - ഏഴിൽ ഒന്ന് പതവും അതിൻെറ നാലിൽ ഒന്ന് തീർപ്പും

കീടനാശിനി തളിക്കുന്നതിന് - ഒരു കുറ്റിക്ക് 5.00 രൂപ

തെങ്ങുകയറ്റം - തെങ്ങൊന്നിന് 2 രൂപ കയറ്റക്കൂലിയും 100 തെങ്ങിന് 10 തേങ്ങയും

## വള ഉപഭോഗം

നെൽകൃഷിക്ക് ഒരു ഹെക്ടറിന് 350 കി.ഗ്രാം. രാസവളം ഉപയോഗിക്കുന്നുണ്ട്.

പുളിങ്കുന്നു പഞ്ചായത്തിൽ ഓരോവർഷവും 1100 ടണ്ണോളം രാസവളം എല്ലാ വിളകൾക്കുംകൂടി ഉപയോഗിക്കുന്നുണ്ട്. ഭൂമിയുടെ പ്രത്യേകതമൂലം ജൈവവളത്തിൻെറ പ്രയോഗം പ്രധാനവിളയായ നെൽകൃഷിക്ക് വളരെ പരിമിതമാണ്.

## നടപ്പു പദ്ധതികളുടെ അവലോകനം

### (a) നെൽകൃഷി - പ്രശ്നങ്ങൾ

എട്ടാം പഞ്ചവത്സര പദ്ധിക്കാലത്ത് ഈ പഞ്ചായത്തിലെ 17 പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് (പുറ ബണ്ട് കല്ലുകെട്ടി ഉറപ്പിക്കുക, റിംഗ് ബണ്ട് ഉണ്ടാക്കുക, മോട്ടോർ തറ കല്ലുകെട്ടി ഉറപ്പിക്കുക, മോട്ടോർ വാങ്ങുക മുതലായവ) 98,00,000 രൂപ ചിലവാക്കിയിട്ടുണ്ട്. എന്നാലും താഴെപ്പറയുന്ന ഇനങ്ങളിലേക്ക് ഈ പദ്ധതി തുടരേണ്ടത് അത്യാവശ്യമാണ്.

1) വർഷം തോറുമുള്ള ആവർത്തന ചിലവുകൾ കുറയ്ക്കത്തക്കവിധത്തിൽ പുറ ബണ്ടുകൾ കല്ലു കെട്ടി ഉറപ്പിക്കുക, സ്ഥിരം മോട്ടോർ പുരകൾ പണിയുക. ഇന്ന് നിലവിലുള്ള താൽക്കാലിക വൈദ്യുതി കണക്ഷൻ ഓരോ വർഷവും ഓരോ കൃഷിക്കും അനുവദിപ്പിക്കുക എന്ന രീതി ഒഴിവാക്കി സ്ഥിരം വൈദ്യുതി കണക്ഷൻ എല്ലാ മോട്ടോറുകൾക്കും ഏർപ്പെടുത്തുന്നതിനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുക.

2) മോട്ടോർ തറയുടെ വാച്ചാലുകളും പൊതു വാച്ചാലുകളും കല്ലുകെട്ടി ഉറപ്പിക്കുക.

3) വലിയ പാടശേഖരങ്ങളിൽ കാർഷികഉപകരണങ്ങളും ഉൽപന്നങ്ങളും കൊണ്ടുപോകത്തക്കവിധത്തിൽ ട്രാക്ടർ റോഡുകൾ നിർമ്മിക്കുക.

### (b) യന്ത്രവൽക്കരണം

നെൽകൃഷി മേഖലയിൽ ഒട്ടാകെ തന്നെ കാർഷിക ജോലികൾക്ക് ആവശ്യമായ തൊഴിലാളികളെ ലഭിക്കുന്നതിന് ഇന്നുണ്ടായിരിക്കുന്ന കുറവ് നേരിടുന്നതിന് യന്ത്രവൽക്കരണം കൂടിയേകഴിയു. ഇതിനായി കൊയ്ത്ത്, മെതിയന്ത്രങ്ങൾ 40 ഹെക്ടറിന് ഒന്ന് എന്ന തോതിൽ ഉൽപ്പാദകസമിതികൾക്കോ, സഹകരണ സംഘങ്ങൾക്കോ, കർഷകർക്കോ സബ്സിഡി നിരക്കിൽ വിതരണം ചെയ്യേണ്ടതാണ്. അതുപോലെ കന്നുപയോഗിച്ചുകൊണ്ടുള്ള ഇന്നത്തെ ഉഴവ് ചിലവേറിയതും കാലതാമസം വരുത്തുന്നതുമായതിനാൽ ആ രീതി നിർത്തി അർഹരായ ഉഴവുതൊഴിലാളികൾക്ക് ട്രാക്ടർ, ട്രില്ലർ എന്നിവ വിതരണം ചെയ്യേണ്ടതാണ്. കർഷകർക്ക് യഥേഷ്ടം അവരുടെ കൃഷിയിടങ്ങളിൽ ഉപയോഗലഭ്യമാക്കുന്നതിന് ട്രാക്ടർ, ട്രില്ലർ, കൊയ്ത്ത്, മെതി യന്ത്രങ്ങളും മറ്റു കാർഷികോപകരണങ്ങളും വാടകയ്ക്ക് നൽകുന്നതിന് പഞ്ചായത്തിലെ സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ ഒരു ''അഗ്രോ സർവ്വീസ് സെൻറർ'' സ്ഥാപിക്കേണ്ടതാണ്.

### (c) കീടരോഗ നിയന്ത്രണം

ഈ പഞ്ചായത്തിലെ നെൽകൃഷിക്ക് പൂർണ്ണമായും അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങളാണുപയോഗിക്കുന്നത്. കാലാവസ്ഥയുടെ പ്രത്യേകതയും മറ്റു സാഹചര്യങ്ങളുംകൊണ്ട് എല്ലാ വർഷങ്ങളിലും വ്യാപകമായ കീടരോഗബാധ നെൽകൃഷിക്കുണ്ടാകുന്നുണ്ട്. കീടനാശിനികൾ മാത്രമുപയോഗിച്ചുള്ള സസ്യസംരക്ഷണം പരിസ്ഥിതി മലിനീകരണത്തിനും കൃഷിച്ചെലവു വർദ്ധിക്കുന്നതിനും കാരണമാകുമെന്നതിനു പുറമെ പല അവസരങ്ങളിലും പരാജയമായിട്ടാണ് കാണുന്നത്. സംയോജിത കീടനിയന്ത്രണം - Integrated Post Management - ഈ പഞ്ചായത്തിലെ പാടശേഖരങ്ങളിൽ പരീക്ഷിച്ചതിൽ വളരെയേറെ വിജയിച്ചതായിക്കാണുന്നു. ഈ പരീക്ഷണം അയ്യനാട് പാടശേഖരത്തിൽ (428 Ht) പ്രയോഗിച്ച് വിജയിപ്പിച്ചതാണ്. 90% കൃഷിക്കാർക്കും ഇതുമൂലം കീടനാശിനികൾ ഉപയോഗിക്കാതെതന്നെ നല്ല വിളവെടുക്കാൻ സാധിച്ചു. ഇതുകൂടാതെ ഏകദേശം ഒരു ലക്ഷത്തിലേറെ രൂപ കീടനാശിനി പ്രയോഗത്തിന് ചിലവാകുമായിരുന്നത് ഒഴിവാക്കാനിടയായി. അതുകൊണ്ട് I.P.M. പ്രോഗ്രാമിന് ഈ പഞ്ചായത്തിൽ പ്രത്യേക പ്രാധാന്യം നൽകേണ്ടതാണ്. ഹോർമോൺ ഉപയോഗിച്ചുള്ള കീടനശീകരണം വളരെ പ്രയോജനകരമാണെന്ന് തെളിയിക്കപ്പെട്ടിരിക്കുകയാണ്. ഈ രീതിയും വ്യാപകമാക്കണം.

### (d) വിത്ത്

പുഞ്ച സീസണിൽ ഈ പഞ്ചായത്തിൽ 300 ടൺ അത്യുൽപ്പാദനശേഷിയുള്ള നെൽ വിത്തിനിങ്ങൾ ആവശ്യമാണ്. ഇന്ന് ഇതിന് കടുത്ത ക്ഷാമം നേരിടുന്നതിനാൽ പുഞ്ച സീസണിൽ 300 ടൺ അത്യുൽപ്പാദനശേഷിയുള്ള നെൽ വിത്തിനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം.

## (e) കുമ്മായ വസ്തുക്കളുടെ വിതരണം

ഈ പഞ്ചായത്തിലെ മണ്ണ് കടുത്ത അമ്ലസ്വഭാവമുള്ളതായതിനാൽ അമ്ലത്വം നിർവ്വീര്യമാക്കുന്നതിനാവശ്യമായ കുമ്മായ വസ്തുക്കൾ സൗജന്യനിരക്കിൽ വിതരണം ചെയ്യേണ്ടതാണ്.

## (f) വിറ്റഴിക്കുന്നതിനുള്ള ബുദ്ധിമുട്ട്

വിളവെടുപ്പുകാലത്ത് ഉൽപ്പന്നം വിറ്റഴിക്കുന്നതിന് സ്വകാര്യ ഏജൻസികളെ ആശ്രയിക്കേണ്ട സാഹചര്യമാണ് ഇന്നുള്ളത്. മാർക്കറ്റു വിലയേക്കാൾ വളരെ താഴ്ന്ന വിലയ്ക്ക് ഉൽപ്പന്നങ്ങൾ വിറ്റഴിക്കുവാൻ കൃഷിക്കാർ നിർബ്ബന്ധിതരാകുന്നു. ഇതിന് ഒരു പരിഹാരമെന്ന നിലയിൽ വിളവെടുപ്പുകാലത്ത് സഹകരണസംഘങ്ങൾ മുഖേന നെല്ലു ശേഖരിച്ചു വിറ്റഴിക്കുന്നതിനുള്ള ഒരു ശ്രമം നടത്തിയെങ്കിലും ശരിയായ രീതിയിൽ നെല്ലു സൂക്ഷിക്കുന്നതിനുള്ള ഗോഡൗണുകളുടെ അഭാവം കയറ്റി ഇറക്കുതൊഴിലാളികൾക്ക് കൊടുക്കേണ്ടിവരുന്ന ഉയർന്ന കൂലി, ചെലവ് ഇവമൂലം വമ്പിച്ച സാമ്പത്തിക ബാദ്ധ്യതകളാണ് സംഘങ്ങൾക്ക് ഏറ്റെടുക്കേണ്ടിവന്നത്. ഈ പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിന് ആവശ്യമായ സാമ്പത്തികസഹായം പഞ്ചായത്തിലെ നിലവിലുള്ള മൂന്ന് സഹകരണസംഘങ്ങൾക്കു നൽകേണ്ടതാണ്. കൂടാതെ ഇന്ന് കൈകാര്യ ചെലവിന് ക്വിൻറലിന് 30 രൂപ നിരക്കിൽ നൽകുന്ന തുക ക്വിൻറലിന് 100 രൂപയായി വർദ്ധിപ്പിക്കേണ്ടതാണ്. ഈ രീതിയിൽ കൃഷി സീസണിലെ നെല്ലു മുഴുവൻ ഈ സഹകരണസംഘങ്ങൾ സംഭരിക്കാനും ലാഭകരമായി മാർക്കറ്റു ചെയ്യാനും സംവിധാനമുണ്ടാക്കിയാൽ നെൽ കർഷകന് വലിയ ഒരാശ്വാസമാകും. അതുപോലെ നെല്ല് സംസ്കരിച്ച് അരിയും മറ്റു ഉപോൽപ്പന്നങ്ങളുമാക്കി വിതരണം ചെയ്യുന്നതിന് ഈ പഞ്ചായത്തിൽ ഇന്ന് സംവിധാനമില്ല. അതുകൊണ്ട് പഞ്ചായത്തിൽ സൗകര്യമായ സ്ഥലത്ത് ഒരു ''മിനി മോഡേൺ റൈസ്മിൽ'' സഹകരണരംഗത്ത് സ്ഥാപിക്കേണ്ടതാണ്. നെൽകൃഷിയിലെ വിലപിടിച്ച മറ്റൊരു ഉപോൽപ്പന്നമായ വൈക്കോൽ ശരിയായി സൂക്ഷിക്കാൻ രീതികളാവിഷ്ക്കരിക്കാത്തതിനാൽ ഏറിയപങ്കും നഷ്ടമായിക്കൊണ്ടിരിക്കയാണ്. ഇതിന് ലാഭകരമായ ഒരു ''പാക്കേജിംഗ് ട്രാൻസ്പോട്ടേഷൻ'' സൗകര്യമുണ്ടാക്കാനായി സൗകര്യമുള്ള സ്ഥലങ്ങളിൽ "Press Mill"കൾ സ്ഥാപിച്ച് അടിക്കച്ചിൽ ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങൾ സംഭരിച്ച് സൂക്ഷിച്ചു വിപണനം നടത്താൻ സംവിധാനങ്ങളുണ്ടാക്കണം.

കുട്ടനാടിൻെറ ഹൃദയഭാഗത്തുള്ള ഈ പഞ്ചായത്തിൽ മറ്റു പഞ്ചായത്തുകളിൽനിന്ന് കൂടി തവിടും മറ്റും സംഭരിച്ച് ഒരു ചെറുകിട ''കാലിത്തീറ്റ നിർമ്മാണ'' യൂണിറ്റ് ആരംഭിക്കാൻ സൗകര്യങ്ങളുണ്ട്.

## (g) മത്സ്യകൃഷി

നെൽകൃഷി ലാഭകരമല്ലാതിരിക്കുന്ന സാഹചര്യത്തിൽ നെൽകൃഷിക്കു പുറമെ ഒരു മത്സ്യകൃഷികൂടി നടത്തത്തക്കതരത്തിൽ നെൽപ്പാടങ്ങളെ പരിവർത്തനം ചെയ്യാൻ കഴിയുമെന്നതിനാൽ അതിനാവശ്യമായ പ്രവർത്തനങ്ങൾ ആരംഭിക്കണം.

## (h) വൈദ്യുതി

വെള്ളം വറ്റിക്കുന്നതിനും മറ്റുമത്യാവശ്യമായ വൈദ്യുതി സൗജന്യമായി നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടെങ്കിലും അതു ക്രമമായി നൽകുന്നതിനുള്ള സംവിധാനങ്ങൾ തികച്ചും അപര്യാപ്തമാണ്. പുഞ്ചമേഖലയിലെ ഈ പ്രവർത്തനങ്ങൾക്ക് K.S.E.B -ക്ക് പ്രത്യേകവിഭാഗം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ആവശ്യമായ ട്രാൻസ്ഫോർമർ തുടങ്ങിയ ഉപകരണങ്ങളുടെ അഭാവം, കാലാകാലങ്ങളിൽ വിതരണ ശൃംഖലകളുടെ റിപ്പെയർ, നവീകരണം തുടങ്ങിയവ ഇല്ലാതിരിക്കൽ എന്നിവ കാരണം തടസ്സംകൂടാതെ വൈദ്യുതി ലഭിക്കുന്നില്ല. അതുകൊണ്ട് വൈദ്യുതിരംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ അടിയന്തിരമായി നടപടികൾ നടത്തണം.

## (1) ഗവേഷണം

നെൽകൃഷി രംഗത്ത് ഇന്ന് ലോകമൊട്ടാകെ നടന്നുകൊണ്ടിരിക്കുന്ന ഗവേഷണങ്ങളിൽ നിന്ന് ഉണ്ടാകുന്ന ഫലങ്ങൾ നമ്മുടെ പാടശേഖരങ്ങളിലും അനുയോജ്യമായ തരത്തിൽ എത്തിക്കുന്നതിനുള്ള സംരംഭത്തിൽ സഹായിക്കുന്ന സ്ഥാപനമായ മങ്കൊമ്പ് നെൽ ഗവേഷണ കേന്ദ്രത്തെ കൂടുതൽ വികസിപ്പിച്ച് ശക്തിപ്പെടുത്തേണ്ടതാണ്.

നെൽകൃഷിയുടെ നഷ്ടം സൂചിപ്പിക്കുന്ന കണക്ക് അനുബന്ധമായി (അനുബന്ധം 2) ചേർത്തിരി

ക്കുന്നു. കൂലി വർദ്ധനവ്, വളം, കീടനാശിനി എന്നിവയുടെ വിലവർദ്ധനവ്, തൊഴിലാളി ദൗർലഭ്യം ഇതിനാനുപാതികമായിനെല്ലിൻെറവിലയിൽഉണ്ടാകാത്തവർദ്ധനവ്എന്നിവയുടെ ഏകദേശ വിവരങ്ങൾ അനുബന്ധത്തിലുണ്ട്.

തണ്ണീർമുക്കം ഷട്ടറുകളുടെ പ്രവർത്തനം ഈ പഞ്ചായത്തിലെ കാർഷിക രംഗത്തു വളരെയധികം സ്വാധീനം ചെലുത്തുന്നുണ്ട്. പല വർഷങ്ങളിലും കാലവർഷം ശക്തിയാകുന്നതുവരെ ഷട്ടറുകൾ അടച്ചിടുന്നതുമൂലം സമുദ്രജലം പുഞ്ച കൃഷിക്കുശേഷം കുട്ടനാട്ടിലെ ജലാശയങ്ങളിൽ കടക്കാത്തതുമൂലം നെൽ വയലുകളിലെ കളകളുടെ ആധിക്യം വളരെയധികം കൂടിയിട്ടുണ്ട്. കൂടാതെ തെങ്ങുകൃഷിയേയും ഇതു പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. അതിനാൽ എല്ലാവർഷവും മാർച്ചുമാസം അവസാനത്തോടുകൂടി ഷട്ടറുകൾ തുറക്കുന്നതിനുള്ള സംവിധാനം ഉണ്ടാകേണ്ടതാണ്.

## (2) തെങ്ങ്

1058 ഹെക്ടർ കരഭൂമിയുള്ള ഈ പഞ്ചായത്തിൽ വ്യാപകമായി തെങ്ങുകൃഷി നടത്തുന്നുണ്ട്. ഏകദേശം 728 ഹെ: സ്ഥലത്ത് തെങ്ങുകൃഷി നടത്തുന്നു. 145600 തെങ്ങുകളുള്ളതിൽ 70%ത്തിലേറെ കാറ്റുവീഴ്ചരോഗം ബാധിച്ചിട്ടുള്ളവയാണ്. ഇതിൽ 20% ൽ ഏറെ വൃക്ഷങ്ങൾ കഠിനമായ രോഗബാധയുള്ളതിനാൽ പൂർണ്ണമായും വെട്ടിനീക്കേണ്ടതാണ്. ശരാശരി നാളികേരോൽപ്പാദനക്ഷമത വർഷത്തിൽ 30 തേങ്ങ ഒരു വൃക്ഷത്തിന് എന്ന രീതിയിലാണ് കാണുന്നത്. കാറ്റുവീഴ്ചയ്ക്കു പുറമെ കൂമ്പുചീയൽ, ചെമ്പൽചെല്ലി എന്നീ രോഗബാധകളും വ്യാപകമാണ്. തെങ്ങുകൃഷി സമഗ്രമായി പുനരുദ്ധരിക്കുന്നതിന് ഗ്രാമസഭകളിലെ ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞുവന്ന നിർദ്ദേശങ്ങൾകൂടി കണക്കിലെടുത്തുകൊണ്ട് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ വയ്ക്കുന്നു.

- രോഗബാധമൂലം തികച്ചും ഉപയോഗശൂന്യമായ തെങ്ങുകൾ വാർഡുതോറും സർവ്വെ ചെയ്തു അടയാളപ്പെടുത്തി തെങ്ങൊന്നിന് 500 രൂപവീതം നഷ്ടപരിഹാരം നൽകി അവ വെട്ടിനീക്കി ആ സ്ഥലത്ത് നടുന്നതിന് രോഗപ്രതിരോധ ശക്തിയുള്ള തെങ്ങിൻ തൈകൾ നൽകുകയും ചെയ്യുക.
- പഞ്ചായത്തിലെ ഓരോ വാർഡിലും മൂന്നു മുതൽ അഞ്ചുവരെ അംഗങ്ങൾ ഉൾക്കൊള്ളുന്ന കീടനശീകരണ സ്ക്വാഡുകൾ സ്വയം തൊഴിൽ തേടുന്ന യുവകർഷകരെ ഉൾപ്പെടുത്തി രൂപീകരിക്കുക. അവർക്ക് 2 റോക്കർ സ്പ്രെയറുകളും 2 തെങ്ങുകയറ്റ യന്ത്രങ്ങളും സൗജന്യമായി നൽകണം. കീട/കുമിൾ നശീകരണ വസ്തുക്കൾ കൃഷിക്കാർക്ക് സൗജന്യനിരക്കിൽ വിതരണം നടത്തുക. കീടനശീകരണത്തിനാവശ്യമായ പരിശീലനങ്ങൾ നാളികേര വികസന ബോർഡിൻെറയും കൃഷിഭവൻെറയും ആഭിമുഖ്യത്തിൽ മേൽപ്പറഞ്ഞ ''സ്ക്വാഡിൽ''പെട്ടവർക്ക് നൽകണം. ഈ സ്ക്വാഡിന് സ്വയം തൊഴിൽ സംരംഭത്തിലൂടെ വാർഡുകളിലെ മുഴുവൻ തെങ്ങുകളുടെയും കീടരോഗ പ്രതിരോധ ജോലികൾ കൃത്യമായി നടത്തുവാൻ കഴിയും. കൂടാതെ ആവശ്യമായ വിവരങ്ങൾ (data) തെങ്ങു കൃഷിയെപ്പറ്റി ശേഖരിക്കാനും ഈ സ്ക്വാഡിനെ ഉപയോഗിക്കാൻ കഴിയും.
- നാളികേര വിപണനം പഞ്ചായത്തിൽ ഭൂരിപക്ഷവും സ്വകാര്യമേഖലയിലാണ് നടക്കുന്നത്. ചുരുക്കം സ്ഥലങ്ങളിൽ സഹകരണ മേഖലയിലും നടക്കുന്നുണ്ട്. ആരോഗ്യകരമായ മത്സരം നിലനിർത്തിക്കൊണ്ട് ഈ രംഗത്ത് സഹകരണസംഘങ്ങളെ കൂടുതൽ ശക്തിപ്പെടുത്തി നാളികേരം ശേഖരിച്ച് പഞ്ചായത്തിലെ സൗകര്യപ്രദമായ ഒരു സ്ഥലത്ത് വൈവിദ്ധ്യമാർന്ന കേരോൽപ്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്താൻ കഴിയുന്ന ഒരു നാളികേര കോംപ്ലക്സ് ഉണ്ടാക്കേണ്ടതാണ്. ഇതിനാവശ്യമായ പദ്ധതികളും സഹായവും ''നാളികേര വികസന ബോർഡിൽനിന്നും'' ലഭ്യമാക്കണം.
- വർഷത്തിൽ രണ്ടു പ്രാവശ്യം തെങ്ങുകൾക്ക് രാസവളം നൽകുന്നതിന് 50% സബ്സിഡി നിരക്കിൽ യഥാസമയംതന്നെ സംവിധാനമുണ്ടാക്കണം.
- രോഗബാധയുള്ള പ്രദേശങ്ങളിൽതന്നെ ചുരുക്കമായി തികഞ്ഞ ആരോഗ്യവും ഉൽപ്പാദനക്ഷമതയുമുള്ള തെങ്ങുകൾ കാണാൻ കഴിയും. ഈ പ്രതിരോധശക്തിയുള്ള വൃക്ഷങ്ങളെപ്പറ്റി വിശദമായ പഠനം നടത്തി അവയിൽനിന്നും ആധുനിക ബയോ ടെക്നോളജി സങ്കേതങ്ങളുപയോഗിച്ച് ടിഷ്യൂ കൾച്ചറിലൂടെ രോഗപ്രതിരോധശക്തി കൂടിയ തെങ്ങിൻ

തൈ ഉൽപ്പാദിപ്പിച്ച് നൽകാനുള്ള പദ്ധതി കാർഷിക യൂണിവേഴ്സിറ്റിയോ ഇതര സ്ഥാപനങ്ങളോ ഏറ്റെടുത്തു നടപ്പാക്കണം.

- തെങ്ങു കൃഷിരംഗത്തെ പ്രവർത്തനങ്ങൾ സംഘടിതമാക്കുന്നതിന് ഇന്നേർപ്പെടുത്തിയിട്ടുള്ള ''പഞ്ചായത്തുതല കേരവികസന സമിതികൾ'' ശക്തിപ്പെടുത്തുന്നതിന് നടപടികളുണ്ടാക്കണം.

## 3 വാഴകൃഷി

പഞ്ചായത്തിൽ പ്രധാനമായും ഇടവിളയായി വാഴകൃഷി നടത്തുന്നുണ്ട്. ഇത് 250 ഹെക്ടർ സ്ഥലത്ത് വ്യാപിച്ചുകിടക്കുന്നു. ഈ കൃഷി കുറെക്കൂടി ശാസ്ത്രീയമായി സംഘടിപ്പിക്കാൻ പഞ്ചായത്തിൽ സൗകര്യമുണ്ട്. അത്യുൽപ്പാദനശേഷിയുള്ള വാഴക്കന്നുകളും ആവശ്യമായ വളവും കീടനാശിനികളും പകുതി വിലയ്ക്ക് കൃഷിക്കാർക്കിടയിൽ വിതരണം ചെയ്യുകയും വിപണനത്തിനും കൂട്ടായ പ്രവർത്തനത്തിനും വാഴകൃഷിക്കാരെ സംഘടിപ്പിക്കുകയും ചെയ്താൽ വാഴകൃഷി അഭിവൃദ്ധിപ്പെടുത്താൻ കഴിയും. ഇന്ന് ഈ രംഗത്ത് ഉപേക്ഷിക്കപ്പെടുന്ന വാഴപ്പോളയിൽനിന്നും അലങ്കാരവസ്തുക്കളും മറ്റും നിർമ്മിക്കാനുതകുന്ന വാഴ നാരുൽപ്പാദിപ്പിച്ച് അതുകൊണ്ടുള്ള ഒരു കുടിൽ വ്യവസായ യൂണിറ്റിന് ഈ പഞ്ചായത്തിൽ സാദ്ധ്യതയുണ്ട്. ഇതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും പരിശീലനവും ധനസഹായവും ഖാദി ബോർഡ് പോലുള്ള സംഘടനകളിൽനിന്ന് ലഭ്യമാക്കണം.

## 4 പൂകൃഷി (floriculture)

വളരെ സാവധാനമെങ്കിലും പ്രചരിച്ചുവരുന്ന പൂകൃഷിക്ക് ഈ പഞ്ചായത്തിൽ സാദ്ധ്യതകളുണ്ട്. ഇതിന് പറ്റിയ കാലാവസ്ഥയും പരിതസ്ഥിതികളും ഈ പ്രദേശത്തുണ്ട്. ആവശ്യമായ നടീൽ വസ്തുക്കളും, പരിശീലനവും, മാർക്കറ്റിംഗ് സൗകര്യവും ഏർപ്പെടുത്തിയാൽ ആന്തൂറിയം, ഓർക്കിഡ്, ജമന്തി, കുറ്റിമുല്ല എന്നീ പുഷ്പവിളകൾ പഞ്ചായത്തിലെ ഒട്ടുമിക്ക കരഭൂമികളിലും ലാഭകരമായി കൃഷിചെയ്യാൻ കഴിയും.

## 5 കൂൺകൃഷി

ഏറെക്കുറെ പുതുതായി രംഗത്തുവന്നിട്ടുള്ള കൂൺകൃഷിക്ക് ഈ പഞ്ചായത്തിൽ വിപുലമായ സാദ്ധ്യതകളുണ്ട്. ഓരോ വാർഡിലും തിരഞ്ഞെടുക്കപ്പെട്ട 50 വീടുകളെ വീതം സംഘടിപ്പിച്ച് കൂൺ കൃഷിക്കായി നിയോഗിക്കാൻ കഴിയണം. നടീൽ വസ്തു തൽക്കാലം കാർഷിക യൂണിവേഴ്സിറ്റിയുടെ കുമരകം ഗവേഷണ കേന്ദ്രത്തിൽനിന്നും ലഭിക്കും. അവിടെത്തന്നെ പരിശീലന സൗകര്യമുള്ളതിനാൽ ക്രമേണ പഞ്ചായത്തിൽതന്നെ വിത്തുൽപ്പാദനം നടത്തുന്ന കേന്ദ്രം സ്വന്തമായി ഏർപ്പെടുത്താൻ പരിശീലനം നേടിയ സ്വയം തൊഴിൽ സംരംഭകർക്കു കഴിയും. കൂൺ കൃഷിക്കാവശ്യമായ അസംസ്കൃത വസ്തുവായ വൈക്കോൽ ഈ പ്രദേശത്തു സുലഭമാണ്. കൃഷിക്കാരുടെ സംഘടനകൂടി ഉണ്ടായാൽ മാർക്കറ്റിംഗ് പ്രയാസമില്ലാത്തതാക്കാൻ കഴിയും. അതുകൊണ്ട് കർഷകർക്ക് ഈ കൃഷി ഒരു ഉപതൊഴിലാക്കി മാറ്റുകയുമാകാം.

## 6 പച്ചക്കറികൃഷി

ഇപ്പോൾ 30 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷിയുള്ള ഈ പഞ്ചായത്തിൽ ഇതിന് വിപുല സാദ്ധ്യതകളുണ്ട്. ആവശ്യമായ വിത്തും വളവും കീടനാശിനികളും സൗജന്യനിരക്കിൽ നൽകിക്കൊണ്ട് പച്ചക്കറി കൃഷിക്കാരെ സംഘടിപ്പിക്കേണ്ടതാണ്. ഈ സംഘടനയ്ക്ക് ഉൽപ്പന്നങ്ങൾ വീടുകളിൽനിന്ന് ശേഖരിച്ച് വിപണനം നടത്തുന്നതിനുള്ള സംവിധാനംകൂടി ഏർപ്പെടുത്തിയാൽ അനേകം കുടുംബങ്ങൾക്ക് ഉപതൊഴിലാക്കിയും ഈ കൃഷിയെ വ്യാപകമാക്കാൻ കഴിയും.

## 7 പയർകൃഷി

ഒൻപതാം വാർഡിലെ ഗ്രാമസഭ അയ്യനാട് പാടശേഖരത്തിൽ പുഞ്ചകൃഷിക്കുശേഷം മാർച്ചു മുതൽ മേയ് മാസംവരെയുള്ള കാലഘട്ടത്തിൽ നെൽപ്പാടത്ത് ഒരു പയർവർഗ്ഗ കൃഷിക്കായി നിർദ്ദേശിച്ചിട്ടുണ്ട്. 60-70 ദിവസത്തിൽ കൂടുതൽ കാലദൈർഘ്യമില്ലാത്ത സമയത്ത് വിളവെടുക്കാൻ പറ്റുന്ന പയർവർഗ്ഗ വിളകൾ (പയർ, ഉഴുന്ന്, ചെറുപയർ) പരീക്ഷണാടിസ്ഥാനത്തിൽ നടത്തുവാനാണ് നിർദ്ദേശം. വിത്ത്, കീടനാശിനി, വളം, വൈദ്യുതി (വെള്ളം കയറാതെ പാടം നിലനിർത്തേണ്ടതിനാൽ) എന്നിവ സൗജന്യമായി നൽകിക്കൊണ്ട് ഈ പരീക്ഷണത്തിന് പദ്ധതി ഉണ്ടാകണം. വിളവെടുപ്പിനും ജൈവവള നിക്ഷേപത്തിനും ഒരേസമയം സാദ്ധ്യതയുള്ള ഈ നിർദ്ദേശം സജീവ പരിഗണന അർഹിക്കുന്നു. കാർഷിക യൂണിവേഴ്സിറ്റിയും കൃഷിവകുപ്പും ഇതിന് നേതൃത്വം നൽകി വിജയിപ്പിച്ചാൽ കുട്ടനാടൻ നെൽപ്പാടങ്ങളുടെ ഉൽപ്പാദനക്ഷമതയ്ക്കും കൃഷിക്കാരനും വൻ നേട്ടമായിരിക്കും ഉണ്ടാവുക.

## 8 പൈനാപ്പിൾ കൃഷി

ഈ പഞ്ചായത്തിൽ കൂടെക്കൂടെ ഉണ്ടാകുന്നവെള്ളപ്പൊക്കത്തെ അതിജീവിക്കുവാൻ കഴിവുള്ള പൈനാപ്പിൾ തെങ്ങിൻ തോപ്പുകളിൽ ലാഭകരമായി കൃഷിചെയ്യാൻ കഴിയും. ഇതിനാവശ്യമായ നടീൽ വസ്തുക്കൾ ലഭ്യമാക്കണം.

## 9 നടീൽ വസ്തുക്കൾ

അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങളും നടീൽ വസ്തുക്കളും ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുന്നതിന് കാർഷിക യൂണിവേഴ്സിറ്റി വെള്ളാനിക്കര, വെള്ളായനി, കുമരകം തുടങ്ങിയ സ്ഥലങ്ങളിൽ സെയിത്സ് കൗണ്ടറുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിലെ കൃഷിക്കാർക്ക് ദൂരെയുള്ള ഈ കേന്ദ്രങ്ങളുടെ പ്രയോജനം ലഭിക്കുന്നില്ല. അതുകൊണ്ട് കാർഷിക യൂണിവേഴ്സിറ്റിയുടെ മങ്കൊമ്പ് നെൽ ഗവേഷണ കേന്ദ്രത്തോടനുബന്ധിച്ച് ഒരു വിപുലമായ വിത്തു/നടീൽ വസ്തുക്കളുടെ വില്പനകേന്ദ്രം ആരംഭിക്കുവാൻ തീരുമാനമുണ്ടാകണം.

## വായ്പാ സൗകര്യങ്ങൾ

നെൽകൃഷി രംഗത്ത് പൊതുമേഖല, സഹകരണ ബാങ്കുകൾ ഈ പഞ്ചായത്തിൽ ഫലപ്രദമായി വായ്പാവിതരണം നടത്തുന്നുണ്ട്. തെങ്ങുകൃഷിയിൽ വായ്പാവിതരണം പരിമിതമായ തോതിലെ കൃഷിക്കാർ ഉപയോഗപ്പെടുത്തുന്നുള്ളു. പച്ചക്കറി തുടങ്ങിയ മറ്റു മേഖലകളിലും ഇതുതന്നെയാണ് സ്ഥിതി. പൊതുമേഖലാ ബാങ്കുകളായ കാനറ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ (പുളിങ്കുന്ന്, മങ്കൊമ്പ് ശാഖകൾ) എന്നിവയും സ്വകാര്യമേഖലയിൽ സൗത്ത് ഇൻഡ്യൻ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നിവയും സഹകരണമേഖലയിൽ ആലപ്പുഴ ജില്ലാ സഹകരണ ബാങ്കിൻെറ ശാഖ, ചതുർത്ഥ്യാകരി സഹകരണബാങ്ക് രണ്ടു ശാഖകളും (മങ്കൊമ്പ്, വേണാട്ടുകാട്) പുളിങ്കുന്ന് സഹകര ണബാങ്ക് (കായൽപുറം ഒരു ശാഖ) വടക്കേ അങ്ങാടി സഹകരണബാങ്കുമാണ് (ഒരു ബ്രാഞ്ച്) ഈ പഞ്ചായത്തിലുള്ളത്.

## കാർഷിക വികസന പ്രവർത്തനങ്ങൾ

പുളിങ്കുന്ന് കൃഷിഭവനാണ് ഈ പഞ്ചായത്തിലെ കാർഷികരംഗത്ത് നേതൃത്വം നൽകുന്ന ഗവൺമെൻറ് സ്ഥാപനം. വളരെ സങ്കീർണ്ണമായ കൃഷിരീതികളും പരിതസ്ഥിതികളുമുള്ള ഈ പഞ്ചായത്തിൻെറ കാർഷിക വികസനപ്രവർത്തനങ്ങൾ പൂർണ്ണമായും ഏറ്റെടുത്തു നടത്തുവാൻ തക്ക സ്റ്റാഫ് പാറ്റേണോ സ്വന്തമായി സൗകര്യപ്രദമായൊരാഫീസോ ഈ കൃഷിഭവനില്ലാത്തത് ഒരു പ്രധാന കോട്ടമാണ്. 29 നെല്ലുൽപ്പാദകസമിതികളും പതിനൊന്ന് വാർഡുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള കേരവികസന സമിതിയും ഇപ്പോൾ തന്നെ ഉൾപ്പെട്ടു നിൽക്കുന്ന ഈ ആഫീസിൽനിന്നും അതാതു സമിതികൾക്കും അവരിലൂടെ കൃഷിക്കാർക്കും വിവരങ്ങൾ (informations) യഥാസമയം എത്തിക്കുന്നതിനുള്ള സൗകര്യമില്ല. ഈ Communication gap ഒഴിവാക്കാനുള്ള നടപടികൾ ആവശ്യമാണ്; പ്രത്യേകിച്ചും പഞ്ചായത്തു തല വികസനപ്രവർത്തനങ്ങൾ വർദ്ധിച്ചുവരുന്ന സമയത്ത്. വെള്ളക്കെട്ടുള്ള വിശാലമായ നെൽപ്പാടങ്ങളും കായലുകളും ഉൾപ്പെട്ട ഈ സ്ഥല ത്ത് കൃഷി ഉദ്യോഗസ്ഥന്മാർക്ക് കൃത്യമായ കൃഷിയിടങ്ങളിലെത്താൻ വാഹനസൗകര്യങ്ങളില്ല. അതുകൊ ണ്ട് കൃഷിഭവന് സർക്കാർ അനുവദിച്ചിട്ടുള്ള സ്ഥലത്ത് സൗകര്യപ്രദമായ ഓഫീസ് കെട്ടിടം പണിയാനും, ടെലിഫോൺ സൗകര്യമേർപ്പെടുത്തുവാനും, യാത്രാസൗകര്യത്തിനായി ഒരു സ്പീഡ് ബോട്ട് അനുവദിക്കാനും, ആവശ്യമായ സ്റ്റാഫ് പാറ്റേൺ ജോലി ഭാരം കണക്കാക്കി നൽകാനും ഗവൺമെൻറ് തയ്യാറാകണം. കൃഷിഭവന് 6 -ാം വാർഡിൽ സർക്കാർവക സ്ഥലത്ത് കെട്ടിടമുണ്ടാക്കാൻ അനുവാദം ലഭിക്കുകയും നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടും പണി ആരംഭിച്ചിട്ടില്ല.

## കർഷക സംരംഭങ്ങൾ

ഈ പഞ്ചായത്തിൽ 29 നെല്ലുൽപ്പാദക സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 428 ഹെക്ടർ വിസ്തൃതിയുള്ള അയ്യനാട് പാടശേഖരം മുതൽ 5 ഹെക്ടർ മാത്രം വിസ്തൃതിയുള്ള നൂറ്റിനാഴി തൊണ്ണൂറു പാടശേഖരംവരെ ഉൾക്കൊള്ളുന്നു. നെല്ലുൽപ്പാദക സമിതികളിൽ കൃഷിക്കാരുടെ സജീവ സഹകരണമുണ്ടാക്കാൻ അവയെ സ്റ്റാട്യൂട്ടറി ബോഡികളായി പരിവർത്തനം ചെയ്യുകയോ അവയുടെ പ്രവർത്തന രീതികളെപ്പറ്റി നിശ്ചിതവും, വ്യക്തവുമായ നിർദ്ദേശങ്ങളുൾക്കൊള്ളുന്ന ഗവൺമെൻറുത്തരവു പുറപ്പെടുവിക്കുകയോ വേണം. നിർദ്ദിഷ്ഠ നിബന്ധനകളിൽ നിന്നകന്നുപോകുന്ന സമിതികളെ ശരിയായ നിയന്ത്രണത്തിൽ കൊണ്ടുവരാൻ

ആവശ്യമായ അധികാരങ്ങൾ കൃഷിഭവൻ ഓഫീസറന്മാർക്കു നൽകണം. ഈ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഉൽപ്പാദകസമിതികളുടെ പ്രവർത്തനങ്ങളും സംവിധാനവും പുനരവലോകനം ചെയ്തു മുഴുവൻ കൃഷിക്കാരെയും അംഗങ്ങളാക്കാനും അംഗങ്ങളുടെ ലിസ്റ്റ് കൃഷിഭവന് നൽകാനും ഭൂഉടമാ ബന്ധങ്ങളിൽ വരുന്ന മാറ്റങ്ങൾ കാലാകാലങ്ങളിൽ ഉൽപ്പാദകസമിതിയെയും അതുവഴി കൃഷിഭവനുകളെയും അറിയിക്കുവാനും എല്ലാ വിവരങ്ങളും ഉൾക്കൊള്ളുന്ന പാസുബുക്കുകൾ അംഗങ്ങൾക്കു നൽകുവാനും വ്യവസ്ഥകളുണ്ടാകണം. പച്ചക്കറി, പൈനാപ്പിൾ, കൂൺ, പുഷ്പകൃഷി, നാളികേര കൃഷിക്കാരെയും ഫലപ്രദമായ രീതിയിൽ സംഘടിപ്പിച്ച് കൃഷിഭവൻെറ കീഴിൽ ഏകോപിപ്പിക്കാൻ നടപടി ഉണ്ടാകണം. ഈ ഉൽപ്പാദക സംഘങ്ങളെല്ലാംതന്നെ അതാതു കൃഷികളെ സംബന്ധിച്ച അടിസ്ഥാനരേഖകൾ സൂക്ഷിക്കുന്ന സംഘടനകളായി മാറുകയും ഓരോ വർഷത്തിലും അവരുടെ കാർഷിക പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പാക്കാൻ കഴിയുന്ന സ്വയം പര്യാപ്തമായ യൂണിറ്റുകളായി മാറാനും ലക്ഷ്യമിടണം.

പഞ്ചായത്തിൽ നെൽകൃഷിയോ മത്സ്യകൃഷിയോ ചെയ്യാൻ പറ്റുന്ന 35 ഹെക്ടർ സ്ഥലം തരിശായി കിടക്കുന്നുണ്ട്. ഉദാഹരണമായി എട്ടാം വാർഡിൽ വർഷങ്ങളായി തരിശായിക്കിടന്ന് പരിസ്ഥിതിപ്രശ്നങ്ങളും ആരോഗ്യപ്രശ്നങ്ങളും സൃഷ്ടിക്കുന്ന 5 ഹെ: വിസ്തൃതിയുള്ള പൊന്മേലാക്കൽ പാടം ഒരു സ്വകാര്യ കുടുംബത്തിൻേറതാണ്. ഇത് കൃഷിയോഗ്യമാക്കിയാൽ ഉൽപ്പാദന വർദ്ധനവിനു പുറമെ ആ വാർഡിലെയും പരിസരപ്രദേശങ്ങളിലെയും ആരോഗ്യപ്രശ്നങ്ങൾക്കും പരിഹാരമാകും. ഇതുപോലെയുള്ള മറ്റു തരിശുകളും കൃഷിയോഗ്യമാക്കാൻ കഴിയും.

വിളസാന്ദ്രത ഈ പഞ്ചായത്തിൽ ആരോഗ്യകരമായി വികസിച്ചുകൊണ്ടിരിക്കുന്നുണ്ട്. പരിമിതമായി മാത്രം ഭൂമിയുള്ള ഈ പഞ്ചായത്തിൽ കൃഷിചെയ്യാവുന്ന വൈവിദ്ധ്യമാർന്ന വിളകൾ ഇപ്പോൾത്തന്നെയുണ്ട്. സസ്യവേലികൾ വ്യാപകമായി മതിലുകൾക്ക് വഴിമാറുന്ന പ്രശ്നം ഇവിടെ ഇല്ല. വൃക്ഷങ്ങളും അവയ്ക്കിടയിൽ മറ്റിട വിളകളും ഏറെക്കുറെ പൂർണ്ണമായും ഇവിടെ നിലവിലുണ്ട്. സൂര്യപ്രകാശം കുറച്ചുമാത്രം മതിയാകുന്ന ആന്തൂറിയം, ഓർക്കിഡ്, പൈനാപ്പിൾ കൃഷികൂടി വ്യാപകമായാൽ ഈ പഞ്ചായത്തിലെ ഭൂവിനിയോഗം ഏറെക്കുറെ പൂർണ്ണമാകുന്നതാണ്.

## അനുബന്ധം - I

# ഗ്രാമസഭ നിർദ്ദേശങ്ങൾ

## ജലസേചനവും അനുബന്ധവും

### കൃഷി

- മേച്ചേരി വാക്ക പാടശേഖരം രണ്ടാം കൃഷിയ്ക്കു യോഗ്യമാക്കണം. പുറം ബണ്ടു കല്ലുകെട്ടി ബലപ്പെടുത്തുക.
- കർഷകർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് വേണം.
- ഗ്രൂപ്പ് ഫാമിംഗിനെ പ്രോത്സാഹിപ്പിക്കണം.
- പുത്തൻ കായലിന് കരിങ്കൽ ബണ്ടു സംരക്ഷണം വേണം.
- കാളകണ്ടത്തിനു രണ്ടു കലുങ്കു പണിയുക. (1 വെമ്പാടന്തറ 2 കാളകണ്ടംചിറ)
- പുങ്കണ്ടം പാടം 6 ഏക്കർ മത്സ്യകൃഷിക്കായി ഉപയോഗിക്കുക.
- ശ്രീമൂലം കായലിനു കിഴക്കുവശം 800 മീറ്റർ, 2 മീറ്റർ വീതിയിൽ നടപ്പാത പണിയുക.
- വികാസ് മാർഗം റോഡിൽനിന്നും പുത്തൻ തുരുത്ത് കോളനിവഴി പൊതുസ്മശാനം - റോഡിൽ കായൽപുറം പാടശേഖരത്തിൻെറ പരുവപ്പറമ്പിൽ പുരയിടത്തിൽ കലുങ്ക് പണിയുക. (കായൽപുറം പാടശേഖരത്തിൻെറ തെക്കുഭാഗം)
- കായൽപുറം പൗവ്വത്തുകാടു പാടശേഖരത്തിനു പൊതു മട ഉണ്ടാക്കുക. ടി പാടശേഖരത്തിനു 2 കി.മീ. ചുറ്റും കരിങ്കൽകെട്ടി ബണ്ടു ബലപ്പെടുത്തുക. പഞ്ചായത്ത് റോഡിൽ പരുവപറമ്പ് ഭാഗത്തു കലുങ്ക് പണിയുക.

- മുണ്ടുചാലു പാടത്തിനു 300 മീറ്റർ കല്ലുകെട്ടി ബണ്ടു ബലപ്പെടുത്തുക; പൊതു മട ഉണ്ടാക്കുക.
- എട്ടിൽ പാടത്തിനു 400 മീറ്റർ (നാനൂർ) നീളം കല്ലുകെട്ടി ബണ്ടു ബലപ്പെടുത്തുക.
- തടത്തിൽ പാടത്തിനു 100 മീറ്റർ കല്ലുകെട്ടുക. Culvert ഉം പണിയുക
- മാടത്താനിക്കരി പാടശേഖരത്തിൻെറ കൽ കെട്ടും, മതികായൽ പാടശേഖരത്തിൻെറ കൽ കെട്ടും പുറം ബണ്ടിൻെറ പൊക്കം വർദ്ധിപ്പിക്കുക.
- അറുനൂറ്റിൽ പടവ് പാടശേഖരത്തിൻെറ പുറം ബണ്ട് കല്ലുകെട്ടി ബലപ്പെടുത്തണം.
- നൂറ്റിനാഴി പാടത്ത് 15 എച്ച്.പി. മോട്ടോറും, സ്ഥിരം മോട്ടോർ തറയും മോട്ടോർ ഷെഡ്ഡും നിർമ്മിക്കുക.
- 60 -ൽ പാടം മാടിപാക്ക 500 മീറ്ററും.
- ചിറയ്ക്കകം പാടം 12 ഏക്കറിൻെറ ചുറ്റും 75 -ൽ മാണിക്യമംഗലം 1500 മീറ്റർ കൽകെട്ടുവേണം. മോട്ടറിൻ തറ കല്ലുകെട്ടി ബലപ്പെടുത്തണം.
- കണ്ണാടിശ്ശേരി പാടത്തിൻെറ പുറം ബണ്ടു കല്ലു കെട്ടി ബലപ്പെടുത്തുക.
- ജലസേചനത്തിനായി കാഞ്ഞിക്കൽ തോടിന് ആഴം കൂട്ടുക.
- കോരശ്ശനാടി പാടത്ത് കരിങ്കൽ ബണ്ടു ബലപ്പെടുത്തി, സ്ഥിരം മോട്ടോർ പുര, മോട്ടോർ തറ എന്നിവ ശരിയാക്കുക.
- മുണ്ടുചാൽ (കായൽപുറം പാടം) ശ്രീ മൂലമംഗലം കായൽപുറം പാടശേഖരങ്ങളിലെ ജലസേചനം, ഉൽപ്പന്നങ്ങളുടെ Transportation എന്നിവ സുഗമമാക്കാൻ ശ്രീമൂലം കായലിൻെറ കിഴക്കെ തോട്ടിൽ നിന്നും മാണിക്കമംഗലം കായലിൻെറ കിഴക്കെ സൈഡ് തോടു തുറന്ന് തെക്കെ ആറായിരത്തിൻെറ തരിശ്ശിൽ മുട്ടിക്കുക.
- ശ്രീ മൂലം പാടത്തിൻെറ പുറ ബണ്ടു ബലപ്പെടുത്തുകയും സ്ഥിരം മോട്ടോർ (4 എണ്ണം) ഷെഡ്ഡു നിർമ്മിക്കുക 6 കി.മീ. വിസ്തീർണ്ണമുള്ള (600 ഏക്കർ) നിലത്തിന് നടുക്കുകൂടി വടക്കെ മൂലവരെ 1-5 കി.മീ. നീളത്തിൽ ട്രാക്ടർ റോഡ് നിർമ്മിക്കുക. പുത്തൻ പുരമുട്ട്, കൊവേന്ത ചിറമുട്ട്, ഇലക്കാട് മുട്ട് എന്നിവ തുറന്ന് ജലസേചനത്തിനായി കലുങ്കുകൾ നിർമ്മിക്കുക.
- അയ്യനാട് പാടശേഖരം:- 4 കി.മീ. പുറ ബണ്ട് കല്ലുകെട്ടി ഉറപ്പിക്കുക. 9 കി.മീ. റിംഗ് ബണ്ട് നിർമ്മിക്കുക. 1-5 കി.മീ. നീളത്തിൽ അയ്യനാടു മുട്ടിൽനിന്നും ബ്രൂണൊ സേവ്യറിൻെറ ചിറവരെ ട്രാക്ടർ റോഡു നിർമ്മിക്കുക. (ഇതുകൊണ്ട് പൊക്കം, താഴ്ച നിലങ്ങൾ വേർതിരിക്കാനും ജലനിയന്ത്രണം ശരിയാക്കാനും കഴിയും. കൂടാതെ കാർഷികോപകരണങ്ങളും ഉൽപ്പന്നങ്ങളും കൊണ്ടുപോകാൻ സൗകര്യമാകും.) മോട്ടോർ തറകൾക്കും സ്ഥിരം മോട്ടോർ ഷെഡ്ഡും സ്ഥിരം വൈദ്യുതി കണക്ഷനുള്ള സംവിധാനവും ഉണ്ടാക്കുക.
- മണപ്പള്ളി:- പുറ ബണ്ട് ബലപ്പെടുത്തുക, രണ്ടു സ്ഥിരം മോട്ടോർ ഷെഡ്ഡുകളും സ്ഥിരം വൈദ്യുതി കണക്ഷനുമുള്ള സംവിധാനങ്ങളും ചെയ്യുക.
- സി.ഡി. ബ്ലോക്കു കായലുകൾ തമ്മിൽ വേർതിരിക്കേണ്ട പണി തീർക്കുക.
- ചിത്തിര റാണി കായലുകൾ തമ്മിൽ വേർതിരിക്കുന്ന തോടു തുറക്കുക.
- ഐെയ്യനാട്ട് നിന്നും വടക്കേക്കരി മാടത്താനി കരി പാടത്തിൻെറ നടുവിലൂടെ വടക്കേ മോട്ടോർ തറയിൽ അവസാനിക്കുന്ന ഒരു ട്രാക്ടർ റോഡ് നിർമ്മിക്കുക.
- മടത്തിക്കായൽ, മതികായൽ, വേണാട്ടുകാട് പാടശേഖരങ്ങളുടെ പുറ ബണ്ടു ബലപ്പെടുത്തുകയും സ്ഥിരം മോട്ടോർ ഷെഡ്ഡുകളും വൈദ്യുതി കണക്ഷനും ഏർപ്പെടുത്തുകയും ചെയ്യുക.
- ഡി. ബ്ലോക്ക്, പുത്തനാറായിരം, വടക്കെ ആറായിരം, തെക്കെ ആറായിരം പാടങ്ങളുടെ പുറ ബണ്ട് ബലപ്പെടുത്തുകയും സ്ഥിരം മോട്ടോർ തറ, മോട്ടോർ ഷെഡ്ഡ്, സ്ഥിരം വൈദ്യുത കണക്ഷൻ എന്നിവ ഏർപ്പെടുത്തുകയും ചെയ്യുക.
- 2220 പാടശേഖരത്തിൻെറ 750 മീറ്റർ പുറ ബണ്ട് ബലപ്പെടുത്തുകയും ഒരു മോട്ടോർ തറയും സ്ഥിരം ഷെഡ്ഡും നിർമ്മിക്കുക.
- 21 വർഷമായി രണ്ടു കൃഷിചെയ്യുന്ന കുട്ടനാട്ടിലെ ഏക പാടമായ 80 ഉം പാടശേഖരത്തിൻെറ പുറം ബണ്ട് 6000 മീറ്ററും വാച്ചാൽ 2000 മീറ്ററും

കരിങ്കല്ലുകെട്ടി രണ്ട് കൃഷിക്ക് ഉപയുക്തമാകത്തക്കവിധം ബലപ്പെടുത്തണം. മോട്ടോർ തറയിൽ സ്ഥിരം വൈദ്യുതി കണക്ഷൻ ലഭിക്കുകയും, തറയും ഷെഡും സ്ഥിരം നിർമ്മിക്കുകയും വേണം.

- പുതിയാട്ടിൽ പാടം പുറം ബണ്ട് 3000 മീറ്ററും സ്ഥിരം മോട്ടോർ കല്ലുകെട്ടു തറയും ഷെഡും നിർമ്മിക്കുക.
- 22 ഉം പാടം 1200 മീറ്റർ പുറം ബണ്ട് കല്ലുകെട്ടുക. മോട്ടോർ തറയും ഷെഡും നിർമ്മിക്കുക.
- തടത്തിൽ പാടം പുറം ബണ്ട് 2000 മീറ്റർ കരിങ്കല്ലുകെട്ടി ബലപ്പെടുത്തുകയും മോട്ടോർ തറയും നിർമ്മിക്കണം.
- കറുകോടി പാടം പുറം ബണ്ട് 1600 മീറ്റർ കരിങ്കല്ലുകെട്ടി സ്ഥിരം വൈദ്യുതി സംവിധാനം നല്കുകയും വേണം.

## അനുബന്ധം - II. നെൽകൃഷി നഷ്ടമാണെന്നുള്ളതിൻെറ കണക്കുകൾ

| | | |
|---|---|---|
| കൂലിനിരക്ക് | | |
| | 1990 -ൽ | 1996 -ൽ |
| സ്ത്രീ തൊഴിലാളി | 20 | 44 |
| പുരുഷൻ | 30 | 70 |
| **Input materials** ൻെറ വിലവർദ്ധനവ് | | |
| ഇനം | 1990 -ൽ | 1996 -ൽ |
| | | |
| പൊട്ടാഷ് | 95 രൂപ (50 കി.ഗ്രാം.) | 204 രൂപ |
| യൂറിയ | 50 രൂപ (50 കി.ഗ്രാം.) | 170 രൂപ |
| ഫാക്ടംഫോസ് | 215 രൂപ (50 കി.ഗ്രാം.) | 334 രൂപ |
| കൃഷി ചിലവ് (ഏക്കറിന്) | | |
| ഉഴവ് | | 366 രൂപ |
| ടില്ലർ | | 150 രൂപ |
| വരമ്പുപണി | 2 പണിക്കാർ×70 | 140 രൂപ |
| വിത്ത് | | 525 രൂപ |
| കുമ്മായം | | 200 രൂപ |
| വിത | | 50 രൂപ |
| നടിച്ചിൽ | 5×45 | 225 രൂപ |
| കളപറി | 10×45 | 450 രൂപ |
| വളം | | 1550 രൂപ |
| കള/കീടനാശിനി | | 200 രൂപ |
| പുറം ബണ്ട് (അധികനേർമ്മ) | | 300 രൂപ |
| | ആകെ | 4156 |

| | | |
|---|---|---|
| കൃഷിക്കാരൻെറ മാനേജ്മെൻറ് ചിലവ് (30 ദിവസത്തെ കൂലി നിരക്ക്) | = 2100/- | |
| ഭൂമിവിലയുടെ പലിശ 50000-6% Capital cost = | 3000= ആകെ | 9256/- |
| വിളവ് 20 എന്ന കണക്കിൽ ഇന്നത്തെ വില 500×20 = 10000-9256 | മിച്ചം =744/- | |



# മൃഗസംരക്ഷണം, മത്സ്യബന്ധനം

കാർഷിക സമ്പദ് വ്യവസ്ഥയിൽ മൃഗസംരക്ഷണത്തിനുള്ള പ്രാധാന്യം വളരെ വമ്പിച്ചതാണ്. കൃഷിയുമായി തൊട്ടടുത്ത ബന്ധമുള്ള മൃഗ പരിപാലനം പരസ്പര പൂരകങ്ങളായിട്ടാണ് അംഗീകരിക്കപ്പെട്ടിട്ടുള്ളത്.

മൃഗ പരിപാലന രംഗത്ത് രണ്ടുമൂന്നു ദശാബ്ദക്കാലത്തിനിടയ്ക്ക് കേരളത്തിൽ വന്നിട്ടുള്ള വളരെ പ്രധാനമായ മാറ്റം അധികോൽപ്പാദന ശേഷിയുള്ള സങ്കര ഇനം പശുക്കളുടെ ആവിർഭാവമാണ്. കൃത്രിമ ബീജോൽപ്പാദനത്തിലൂടെ രൂപപ്പെട്ട ഈ പരിവർത്തനം ഈ പഞ്ചായത്തിനെയും സ്വാധീനിച്ചിട്ടുണ്ട്. കന്നുകാലികളുടെ സ്ഥിതി വിവരക്കണക്കുകൾ ഈ റിപ്പോർട്ടിനോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്. പുതിയ ജനുസ്സുകളിലേക്കുള്ള മാറ്റത്തെ തുടർന്ന് ഉൽപാദനച്ചിലവ് വളരെ വർദ്ധിച്ചിട്ടുണ്ട്. കാലിതീറ്റ, ശാസ്ത്രീയമായ തൊഴുത്തു നിർമ്മാണം എന്നീ രംഗങ്ങളിൽ കൂടുതൽ നിക്ഷേപം ആവശ്യമായി വന്നിരിക്കുന്നു. ഈ പഞ്ചായത്തിൽ നാല് പാൽ സംഭരണ വിപണന സൊസൈറ്റികൾ നിലവിലുണ്ട്. അതുപോലെ കുട്ടനാട്ടുതാലൂക്കിന് മൊത്തമായി പുളിങ്കുന്നിൽ ഒരു കോഴി വളർത്തൽ സഹകരണസംഘവും രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെങ്കിലും അതു തികച്ചും ഫലപ്രദമായി രംഗത്തു പ്രവർത്തിക്കുന്നില്ല. വൻതോതിലോ ചെറുകിട ഇനത്തിലോ പെട്ട സംഘടിത "ഡയറി യൂണിറ്റുകളോ" പൌൾട്രി യൂണിറ്റുകളോ ഈ പഞ്ചായത്തിൽ ഇല്ല. അതേ സമയം സ്വന്തം വീടുകളോടനുബന്ധിച്ചുള്ള തൊഴുത്തുകളിൽ രണ്ടോമൂന്നോ പശുക്കളുള്ള ഡയറി യൂണിറ്റുകളും അടുക്കളയോടനുബന്ധിച്ച (Back Yard) പൌൾട്രി യൂണിറ്റുകളും കർഷക/കർഷക തൊഴിലാളി വിഭാഗങ്ങൾക്ക് ഉണ്ട്. ഈ പഞ്ചായത്തിൽ പുളിങ്കുന്നിൽ മാത്രമേ ഒരു മൃഗാശുപത്രിയുള്ളൂ. ചതുർത്ഥ്യാകരിയിൽ പത്താം വാർഡിൽ ഒരു ഡി

സ്പെൻസറി അനുവദിച്ചെങ്കിലും അതു കെട്ടിട്ട സൗകര്യങ്ങൾ നൽകാതിരുന്നതിനാൽ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞില്ല. ഇപ്പോഴുള്ള മൃഗാശുപത്രിയിൽ നിന്നും ലഭിക്കുന്ന സേവനം തികച്ചും അപര്യാപ്തമാണ്. മൃഗ ചികിത്സാ രംഗത്ത് രോഗ പ്രതിരോധത്തിനുള്ള വ്യാപകമായ പരിപാടികൾ സംഘടിതമായി ഈ പഞ്ചായത്തിൽ ഫലപ്രദമായി നടത്തിയിട്ടില്ല. അതുകൊണ്ട് കുളമ്പുരോഗം, അകിടുവീക്കം, തുടങ്ങിയ രോഗങ്ങൾ മൂലം കറവമാടുകളുടെ നാശം കർഷകരെ നഷ്ടത്തിലാഴ്ത്തുന്നുണ്ട്. ബോധവൽക്കരണ രംഗത്തെ പരാജയംമൂലം മൃഗങ്ങളുടെ ഇൻഷ്വറൻസ്, പുതിയ ഉൽപ്പന്നങ്ങളുടെ നിർമ്മാണം വിപണനം തുടങ്ങിയ രംഗങ്ങളിലും വേണ്ടത്രയറിവ് മൃഗസംരക്ഷണത്തിലേർപ്പെട്ടിരിക്കുന്നവർക്കില്ല. പുതിയതായി ഈ രംഗത്തേക്കു കടന്നുവരാൻ ഇളം തലമുറയെ ആകർഷിക്കത്തക്കതരത്തിൽ ഈ രംഗത്ത് ബോധവൽക്കരണം ആവശ്യമാണ്. മാംസോൽപ്പാദനത്തിൽ മറ്റേതൊരു പഞ്ചായത്തിനേക്കാളും മുന്നിലെത്താൻ കഴിയുന്ന ഈ പഞ്ചായത്തിന് ആവശ്യമായ സംവിധാനമില്ലാത്തതിനാൽ ഇന്നു കഴിയുന്നില്ല. 1940-60 കളിൽ കേരളത്തിലെ ഏറ്റവും വലിയ മുട്ട വിപണനമാർക്കറ്റായിരുന്നു മങ്കൊമ്പ്. ഇന്ന് ആ മാർക്കറ്റ് തികച്ചും നാമാവശേഷമായിരിക്കുന്നു. മുട്ട ഉൽപ്പാദനത്തിലും പഞ്ചായത്തു മുൻനിരയിലായിരുന്നു. അതും നഷ്ടമായിരിക്കുന്നു. മാംസം തയ്യാറാക്കി വിൽക്കുന്ന സ്ഥാപനങ്ങൾ അറവുഇറച്ചി വിൽപ്പന സ്റ്റാളുകൾ - ഈ പഞ്ചായത്തിൽ ശാസ്ത്രീയമായ രീതിയിൽ സംഘടിപ്പിച്ചിട്ടില്ല. പാൽ വില്പനയ്ക്ക് സംഘടിതമായ ഒരു രൂപം വ്യാപകമായ ല്ലെങ്കിൽ പോലും പാൽ സഹകരണസംഘങ്ങളിലൂടെ ഇന്നുണ്ട്. എന്നാൽ മുട്ട, ഇറച്ചി, തുടങ്ങിയ ഉൽപ്പന്നങ്ങൾക്ക് ശരിയായ മാർക്കറ്റിംഗ് സംവിധാനമില്ലാത്തതിനാൽ വളരെ വികസന സാദ്ധ്യതയുള്ള ഈ രംഗം മരവിച്ചു നിൽക്കുന്നു.

ക്ഷീര വികസന വകുപ്പിൽ നിന്ന് ഈ പഞ്ചായത്തിൽ ഏതാനും വികസന പദ്ധതികൾ നടപ്പാക്കിയതിന്റെ വിവരങ്ങൾ തഴെ ചേർക്കുന്നു.

കർഷക സമ്പർക്ക പരിപാടിയിൽ ശാസ്ത്രീയ അറിവുകൾ ക്ഷീര കർഷകർക്കിടയിൽ എത്തിക്കാനായി 50 ചർച്ചാക്ലാസ്സുകൾ നടത്തി. അതുപോലെ തന്നെ ക്ഷീരോൽപ്പന്ന നിർമ്മാണ പരിശീലനത്തിനും ക്ലാസ്സുകൾ സംഘടിപ്പിച്ചു. അത്യുൽപ്പാദന ശേഷിയുള്ള പുൽ വിത്തിനങ്ങൾ കർഷകർക്കിടയിൽ വിതരണം നടത്തുകയും 6000 രൂപ സബ്സിഡിയായി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ മാതൃകാ കന്നുകാലി തൊഴുത്തു നിർമ്മിച്ചതിന് 28 കർഷകർക്കായി 23750 രൂപ സബ്സിഡിയായി നൽകി. മിനറൽ മിക്സ്ച്ചർ, വൈറ്റമിൻ, ഏ -സപ്ലിമെൻറ്, ക്ലീമിൽക് പ്രൊഡക്ഷൻ കിറ്റുകൾ എന്നിവ പരിമിതമായി വിതരണം നടത്തുകയും ക്ലേനിർമ്മാണത്തിനും ''സംപുഷ്ട വൈക്കോൽ നിർമ്മാണത്തിനും'' ആവശ്യമായ പരിശീലനങ്ങൾ നൽകുകയും ചെയ്യുന്നു.

| പശുക്കളും എരുമകളും പോത്തുകളും ഉള്ള വീടുകൾ | ആടുകളെ വളർത്തുന്ന വീടുകൾ | പന്നിയെ വളർത്തുന്ന വീടുകൾ | കോഴിയെ വളർത്തുന്ന വീടുകൾ | താറാവിനെ വളർത്തുന്ന വീടുകൾ | വളർത്തുമൃങ്ങളെ ഒന്നും വളർത്താത്ത വീടുകൾ |
|---|---|---|---|---|---|
| 23% | 18% | 0.05% | 88% | 38% | 12% |
| പശുക്കൾ | | | | | |
| 969<br>പോത്ത് , എരുമ<br>262 | 624 | 6 | 17089 | 5024 | - |

ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

## 1. കറവമാടുവളർത്തൽ

ഓരോ വാർഡിലും ഇതിന് അനുയോജ്യമായ വീടുകൾ കണ്ടെത്തി രണ്ടോമൂന്നോ പശുക്കളെ വളർത്താൻ പറ്റിയ ഡയറി യൂണിറ്റുകൾ സംഘടിപ്പിക്കണം. ഇതു തിരഞ്ഞെടുപ്പിൽ വനിതകൾക്കും സ്വയം തൊഴിൽ തേടുന്ന യുവാക്കൾക്കും മുൻ ഗണന നൽകണം. അത്യുൽപ്പാദന ശേഷിയുള്ള കറവമാടുകൾ ലഭ്യമാക്കുന്നതിനും, ശാസ്ത്രീയമായ രീതിയിൽ തൊഴുത്തുകൾ നിർമ്മിക്കുന്നതിനും ആവശ്യമായ വായ്പകൾ പ്രാദേശിക ക്രഡിറ്റ് സഹകരണ സ്ഥാപനങ്ങളിൽ നിന്നും ബാങ്കുകളിൽ നിന്നും ലഭ്യമാക്കുന്നതിനുമുള്ള സൗകര്യം ഏർപ്പെടുത്താൻ കഴിയണം. ഏകദേശം 6000 രുപയോളം ചിലവുവരുന്ന മാതൃകാ തൊഴുത്തു നിർമ്മാണത്തിന് 40-ശതമാനം പഞ്ചായത്ത് 30-ശതമാനം ബാങ്കുവായ്പയായും ബാക്കി 30 ശതമാനം ഗുണഭോക്താവിൻെറ ഷെയറായും നൽകണം. മാതൃകാപുൽക്കൃഷിക്കായി വിത്ത് സൗജന്യമായി വിതരണം നടത്തണം. ഇപ്രകാരം ഉൽപ്പാദനക്ഷമമാകുന്ന യൂണിറ്റുകളുടെ ഉടമസ്ഥർക്ക് പരിശീലനം നൽകുന്നതിന് പഞ്ചായത്ത് നിലവാരത്തിൽ പഠന ക്യാമ്പുകൾ നടത്തി ബോധവൽക്കരണം നടത്തേണ്ടതാണ്. കൂടാതെ നിലവിലുള്ള പാൽ സഹകരണ സംഘങ്ങളിലൊ അതുമതിയാകുന്നില്ലെങ്കിൽ പുതിയതായി രൂപീകരിക്കാവുന്ന സഹകരണ സംഘങ്ങളിലൊ, ഈ പാൽ ഉൽപ്പാദകരെ ഉൾപ്പെടുത്തി സംഘടിത പ്രവർത്തനം നടത്തുക. കർഷകർക്കിടയിൽ സബ്സിഡി നിരക്കിൽ കാലി ത്തീറ്റ, മിനറൽ മിക്സചർ, വിറ്റാമിൻ സപ്ലിമെൻറ് എന്നിവ നൽകാൻ ശ്രദ്ധിക്കണം. വൈക്കോൽ സമ്പുഷ്ടമാക്കുന്നതിനുള്ള പരിശീലനം എല്ലാ ക്ഷീര കർഷർക്കും നൽകണം. പാലിൻെറ ലഭ്യത ഇന്നത്തേതിൻെറ ഇരട്ടിയാക്കേണ്ടതുള്ളതിനാൽ മാർക്കറ്റിംഗ് ഈ രംഗത്ത് ഒരു പ്രശ്നമല്ല.

കൃത്രിമ ബീജ സങ്കലനത്തിനും എബ്രിയോ ട്രാൻസ്ഫർ (Ebrio Transfer)എന്ന ഏറ്റവും ആധുനികമായ ബീജ ധാരണത്തിനും, അതുപോലെ ചികിത്സയ്ക്കും ആവശ്യമായ ഉപകരണങ്ങളോടും സ്റ്റാഫിനോടും കൂടി പുളിങ്കുന്ന് മൃഗാശുപത്രി വിപുലപ്പെടുത്തുകയും പഞ്ചായത്തിൻെറ ചതുർഥ്യാകരി, കായൽ മേഖലകളിലേക്ക് പ്രയോജനപ്പെടുന്നരീതിയിൽ 10-ാം വാർഡിൽ അനുവദിച്ചുകിടപ്പുള്ള ഡിസ്പെൻസറി സ്ഥാപിച്ച് മൃഗാശുപത്രിയുടെ ഒരു എക്റ്റൻഷൻ (Extension) ഡിസ്പെൻസറിയായി പ്രവർത്തിപ്പിക്കുകയും വേണം.

## 2. മാംസോൽപ്പാദനം

ആധുനിക രീതിയിൽ മുയൽ വളർത്തുന്നതിനുള്ള വിപുലമായ സൗകര്യങ്ങൾ ഈ പഞ്ചായത്തിലുണ്ട്. വീടുകളോടനുബന്ധിച്ച് കേജ് സിസ്റ്റത്തിൽ ഇവയെ വളർത്തുന്നതിനുള്ള സാങ്കേതിക ജ്ഞാനം ഇന്നുണ്ട്. കാലടിയിലെ ഐശ്വര്യ ഗ്രാമം മൂവാറ്റുപുഴയിലെ മൃഗാശുപത്രിയോടനുബന്ധിച്ചുള്ള പരിശീലന കേന്ദ്രം തുടങ്ങിയ സൗകര്യങ്ങൾ ഉപയോഗിച്ച് വിപുലമായ മുയൽ വളർത്തൽ യൂണിറ്റുകൾ ഒട്ടുമിക്ക വീടുകളിലും ഏർപ്പെടുത്താം.ഇതിനാവശ്യമായ പരിമിതമായ ലോൺ സൗകര്യം, മാർക്കറ്റിംഗ് ഇവ ഏർപ്പെടുത്തേണ്ടതാണ്.

## ഇറച്ചിക്കോഴി വളർത്തൽ

ഈ മേഖലയും വിജയിപ്പിക്കാൻ കഴിയും. ആവശ്യമായ പരിശീലനവും വായ്പാ സൗകര്യങ്ങളും ഏർപ്പെടുത്തിക്കൊടുക്കാൻ കഴിയണമെന്നു മാത്രം.

## ആടുവളർത്തൽ

മാംസോൽപ്പാദന രംഗത്ത് ഏറ്റവും ചിലവേറിയ വസ്തുവാണ് ആട്ടിറച്ചി. ആടുവളർത്തൽ വീടുകളോടനുബന്ധിച്ച് ഉയർത്തിക്കെട്ടി ശാസ്ത്രീയമായി സംരക്ഷിക്കാൻ കഴിയുന്ന കൂടുകൾ, പരിശീലനം, മലമ്പാരി, ജംമ്നാപ്പൂരി എന്നീ ഇനങ്ങളിൽപ്പെട്ട രോഗപ്രതിരോധശക്തിയുള്ള ജനുസ്സുകളുടെ വിതരണം, ചികിത്സാ സൗകര്യം എന്നിവ നൽകിയാൽ വളരെ ആദായകരമായി ഈ പഞ്ചായത്തിൽ ആടുവളർത്തൽ ഒരു ഉപതൊഴിലായി വീട്ടുവളപ്പുകളിൽ നടത്താവുന്നതാണ്. ഇപ്പോൾ കാലിതീറ്റപോലെ ആടിന് നൽകാവുന്ന തീറ്റകളും ഫാക്ടറിയിൽ ഉൽപാദിപ്പിച്ചു വിതരണം നടത്തിതുടങ്ങിയ സാഹചര്യത്തിൽ ആടിന് തീറ്റ കണ്ടുപിടിക്കുന്നതിനും വിഷമമില്ല.

## കോഴിവളർത്തൽ

നേരത്തെ പറഞ്ഞതുപോലെ കേരളത്തിലെ ഏറ്റവും വലിയ മുട്ട ഉൽപ്പാദക, മാർക്കറ്റിംഗ് സ്ഥലമായിരുന്ന ഈ പഞ്ചായത്തിലെമങ്കൊമ്പ്, മാർക്കറ്റ് ഇന്ന് നാമാവശേഷമായെങ്കിലും, കേരളത്തിലെ മുട്ടഉപഭോഗം പതിന്മടങ്ങുവർദ്ധിച്ചിരിക്കുകയാണ്. ഇതിനാവശ്യമായ മുട്ട തമിഴ് നാട്ടിൽ നിന്ന് ഇറക്കുമതി ചെയ്യുകയാണി

പ്പോൾ. ഈ നില മാറ്റിയെടുക്കാൻ ഈ പഞ്ചായത്തിന് കഴിയും. കേരള കാഷിക യൂണിവേഴ്സിറ്റി പുതിയതായി രൂപപ്പെടുത്തി ഇറക്കിയിട്ടുള്ള വർഷത്തിൽ 280 മുട്ട നൽകുവാൻ കഴിയുന്ന ''അതുല്യ'' എന്ന കോഴികൾ വിതരണം ആരംഭിച്ചിട്ടുണ്ട്. ''കേജ്'' സിസ്റ്റത്തിൽ കോഴികൾ പുറത്തിറങ്ങിനടന്ന് ഉപദ്രവമുണ്ടാക്കാതെ വളർത്തുവാൻ പറ്റിയ ഈ ഇനത്തിനെ വീടുവിടാന്തരം ഒരു ബാക്ക്യാർഡ് ഉൽപന്നമായി വളർത്തുന്നത് ആദായകരമാണ്. ഇതിനാവശ്യമായ കേജും മറ്റുപകരണങ്ങളും വാങ്ങി സ്ഥാപിക്കുന്നതിനുള്ള ധനസഹായവും, ചികിത്സ, വിപണനം തുടങ്ങിയവയും ''കുട്ടനാട് പൗൾട്രി സഹകരണ സംഘത്തിൻെറ'' ഊർജ്ജിത പ്രവർത്തനം സംഘടിപ്പിച്ചാൽ എളുപ്പമാക്കാവുന്നതേയുള്ളൂ. ഈ രംഗത്ത് സ്വയം തൊഴിൽ യൂണിറ്റുകൾ ഉണ്ടാക്കാനും സാധിക്കും.

ഇതുപോലെ പേത്ത, ഗിനി, ടർക്കിക്കോഴികളും വളർത്തുന്നതിന് പ്രോത്സാഹനം നൽകാവുന്നതാണ്.

## അലങ്കാര പക്ഷികളും, മത്സ്യങ്ങളും

പുതിയതായി വികസിച്ചുവരുന്ന ഒരു മേഖലയാണിത്. ലൗബേർഡ്സ്, അലങ്കാര മത്സ്യങ്ങൾ എന്നിവ വളർത്തി വിൽക്കുന്ന സ്ഥാപനങ്ങൾ സംസ്ഥാനത്ത് പല സ്ഥലങ്ങളിലും ലാഭകരമായി പ്രവർത്തിച്ചുതുടങ്ങി. എന്തുകൊണ്ട് നമ്മുടെ പഞ്ചായത്തിലും താൽപര്യമുള്ളവരെ തിരഞ്ഞെടുത്ത് പ്രോത്സാഹനം നൽകിക്കൂടാ?

## ഗോബർഗ്യാസ്

മൃഗം വളർത്തലിൻെറ പ്രധാനപ്പെട്ട ഉപോൽപ്പന്നമായി പരിവർത്തനം ചെയ്തുണ്ടാക്കാവുന്നതാണ് ഗോബർ ഗ്യാസ്. രണ്ടുമൂന്നു മൃഗങ്ങളെ വളർത്തുന്ന എല്ലാ കുടുംബങ്ങളോടും അനുബന്ധിച്ച് ഒരോ ഗോബർ ഗ്യാസ് പ്ലാൻറ് നൽകുന്നതിനുള്ള പദ്ധതിവേണം. ഇന്നുള്ള സബ്സിഡി ഇതിന് തികച്ചും അപര്യാപ്തമാണ്. സബ്സിഡി ഇരട്ടിയാക്കിക്കൊണ്ട് ഈ മേഖല വിപുലമാക്കിയാൽ ''ഊർജ്ജക്ഷാമം''ഒരു പരിധിവരെ കുറയ്ക്കാനും ആരോഗ്യപ്രശ്നങ്ങളും പരിസ്ഥിതി മലിനീകരണം കുറയ്ക്കാനും ഉതകും. അതുകൊണ്ട് ഈ രംഗത്തുള്ള മൂലധന നിക്ഷേപം ഒരിക്കലും നഷ്ടമാകുന്നതല്ല.

## മത്സ്യബന്ധനം

പുളിങ്കുന്നു പഞ്ചായത്തിൻെറ തെക്കും വടക്കുമായി ഒഴുകുന്ന പമ്പയാറിൻെറയും മറ്റു കയ്‌വഴികളിലും, ഒരുപ്പൂ കൃഷിമാത്രം നടത്തുന്ന പാടശേഖരങ്ങളിലും കായൽ നിലങ്ങളിലും ഒക്കെ കൃഷിക്കുശേഷമുള്ള കാലത്തും, ഉൾപ്രദേശങ്ങളിലുള്ള കുളങ്ങളിലും വിരുവുകളിലും മത്സ്യം പിടിക്കുന്നവരാണ്. പുളിങ്കുന്നു പഞ്ചായത്തിലെ മത്സ്യത്തൊഴിലാളികൾ അടിസ്ഥാന ജീവിതം നയിച്ചിരുന്നവരും നിർധനരുമാണ് ഇവർ. മറ്റു തൊഴിലാളികളോടൊപ്പം സ്വാതന്ത്ര്യ പോരാട്ടങ്ങളിൽ ഇവർ പങ്കുചേരുന്നു. ഭക്ഷ്യ ഉല്പാദന രംഗത്തു ദേശാഭിമാനമുള്ളവരായി പണി ചെയ്യുന്നു.

പുളിങ്കുന്നും കണ്ണാടിയും കേന്ദ്രീകരിച്ചു മത്സ്യത്തൊഴിലാളികളുടെ ഒരു അംഗീകൃത സംഘം F.A. 156 -ാം നമ്പർ മത്സ്യ ഉല്പാദക സഹകരണസംഘം മാത്രമായിരുന്നു. അംഗങ്ങൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം സംഭരിക്കുകയും വിപണനം ചെയ്യുകയും ചെയ്തിരുന്നത്. വിപണി ഇല്ലാതിരുന്നതിനാലും സർക്കാർ അലംഭാവവുംമൂലം ഈ സംഘത്തിൻെറ പ്രവർത്തനം നിലച്ചു.

പുളിങ്കുന്നു പഞ്ചായത്തിൽ 319 തൊഴിലാളികൾ ഈ രംഗത്തു പണിയെടുക്കുന്നു. മത്സ്യബന്ധനവുമായി 196 തൊഴിലാളികൾ. വിപണനത്തിൽ 112 തൊഴിലാളികളും. വല നന്നാക്കൽ ജോലിയിൽ 5 പേരും ജോലി ചെയ്യുന്നു. 6 പേരുടേതായി 9 ഏക്കർ നിലത്തിൽ മത്സ്യകൃഷിയും നടക്കുന്നു.

കരിമീൻ, വാള, കൂരി, കാരി, മഞ്ഞക്കൂരി, വരാൽ, കുറുവ, വാഹ, മണൽ വാഹ, ചേറുമീൻ, കാളാഞ്ചി, പൂമീൻ, കണമ്പ്, കതിരാൻ, നഞ്ചു കരിമീൻ, ചെങ്കടി, വഴുതക്കുട്ടൻ, വറ്റ, തുളകൂരൽ, പുല്ലൻ, ചെമ്മീൻ, തെള്ളി ചെമ്മീൻ എന്നിങ്ങനെയുള്ള വിവിധ ഇനം മത്സ്യങ്ങൾ ലഭിച്ചിരുന്നു. തണ്ണീർമുക്കം ബണ്ടിൻെറ പ്രവർത്തനം മുതൽ കാളാഞ്ചിമീൻ, കണമ്പ്, ചെങ്കടി, വഴുതക്കുട്ടൻ, കതിരാൻ തുടങ്ങിയ ഓരുജല മത്സ്യങ്ങൾ ഇന്നു ലഭ്യമല്ല.

ജൂൺ, ജൂലൈ, ആഗസ്റ്റു മാസങ്ങളിൽ കാരി, കൂരി എന്നിവ താരതമ്യേന കൂടുതലായി ലഭിക്കുന്നു. ബാക്കിയുള്ളവ സ്ഥിരമായും ലഭിക്കുന്നു. വർഗ്ഗങ്ങളിൽ പലതും വംശനാശത്തിലാണ്. അമിത ചൂഷണവും ജലമലിനീകരണവും, മത്സ്യ രോഗവുമാണ് ഇതിനു കാരണം. കൃഷി നിലങ്ങളിൽനിന്നും പുറത്തേക്കു പമ്പു ചെയ്യുന്ന വിഷജലവും തോട്ടാ ഇട്ടും, നഞ്ചു കലക്കിയും, പറ്റുകണ്ണിമടവല, പെരുവല (അടക്കംകൊല്ലി)

എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധനവും വംശനാശത്തിനു കാരണങ്ങളാണ്.

ഇടിവല, വടിവല, കോരുവല, അണ്ടവല, കുത്തുവല, ഊന്നിവല, മുരശുവല, ചില്ലാൻവല, ഞരിമീൻവല, വീശുവല എന്നീ വലകൾ ഉപയോഗത്തിലുണ്ടായിരുന്നു. ഞരിമീൻവല, ചില്ലാൻവല, മുരശുവല, ഊന്നിവല, വടിവല ഇവയൊന്നും ഇപ്പോൾ ഇവിടെ പ്രയോഗത്തിലില്ല. ഒരു മത്സ്യവും ലഭിക്കാതായതാണ് ഇതിനു കാരണം. ഉടക്കുവലകളായ നൈലോൺ, പ്ലാസ്റ്റിക് (വൈശാലി) വലകൾ ഇന്നു കൂടുതലായി ഉപയോഗിക്കുന്നു.

മത്സ്യ വിപണനത്തിൽ ഏർപ്പെട്ടിരിക്കുന്നത് ഏറിയപങ്കും സ്ത്രീകളാണ്. പുളിങ്കുന്ന്, ചങ്ങനാശേരി, ആലപ്പുഴ എന്നിവിടങ്ങളിൽനിന്നു വാങ്ങുന്ന മത്സ്യം തലചുമടായി കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ വിപണനം ചെയ്യുന്നു. ഇവരിൽ കുറച്ചു പേർക്കു മാത്രം അംഗീകൃത ബാങ്കുകളിൽനിന്നും ധനസഹായം (250 രൂപ ഗ്രാൻറും 750 രൂപ ലോണും) ലഭിച്ചു. വളരെപ്പേർ ഇതിനർഹരാണ്. മുഴുവൻ പേർക്കും പല സർക്കാർ സഹായങ്ങളും കിട്ടേണ്ടതായുണ്ട്. പഞ്ചായത്തുതലത്തിൽ സർക്കാർ ഓഫീസുപ്രവർത്തനം ഇല്ലാത്തതും ഒരു പ്രധാന കാരണമാണ്. വിപണനത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളിക്കു സർക്കാർ വക വാഹനസൗകര്യം ഉണ്ടാകേണ്ടതായുണ്ട്.

നമ്മുടെ ഭക്ഷണത്തിന്റെ നല്ല ഒരളവ് ഉല്പാദിപ്പിക്കുന്ന ഈ തൊഴിലാളികളുടെ നാനാവിധ ഉന്നമനത്തിനു സർവ്വാത്മനാ നടപടി ബഹു: നമ്മുടെ ഗ്രാമ പഞ്ചായത്തു മുൻകൈയ്യെടുത്തു സ്വീകരിക്കണമെന്നു അഭ്യർത്ഥിക്കുന്നു.

## നിർദ്ദേശങ്ങൾ

1. കുട്ടനാട്ടിലെ കൃഷി സമയം ഏകീകരിച്ചു തണ്ണീർമുക്കം ബണ്ടിന്റെയും തോട്ടപ്പള്ളി സ്പിൽവേയുടെയും ഷട്ടറുകൾ യഥാസമയം തുറന്നിടുക.
2. കൃഷിയിടങ്ങളിൽ കീടനാശിനികൾ പ്രയോഗിക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തുക.
3. നഞ്ചു കലക്കിയും തോട്ടാ പൊട്ടിച്ചും, വിരളിയും അടക്കം ചെല്ലിവലയും മറ്റു കണ്ണിവലകളും ഉപയോഗിച്ചുള്ള മത്സ്യബന്ധനം നിരോധിക്കുക.
4. കക്കായുടെ വംശനാശത്തിനു കാരണമായ പല്ലിവല (കമ്പ്യൂട്ടർ) നിരോധിക്കുക.
5. ഗവൺമെൻറ് ഏജൻസികൾ ഇപ്പോൾ നാമമാത്രമായിട്ടാണ് ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുകളെ വിടുന്നത്. ഇതിന്റെ അളവ് വർദ്ധിപ്പിക്കണം.
6. സ്വന്തമായി വള്ളവും വലയും മറ്റുപകരണങ്ങളും മത്സ്യത്തൊഴിലാളികൾക്കു നൽകുക.
7. മത്സ്യത്തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ പാക്കേജായി ലഭിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുകയും അതിനുവേണ്ട രേഖാ പാസ്ബുക്ക് രീതിയിൽ ആവിഷ്ക്കരിക്കുക.
8. കൃത്രിമ രേഖകൾ ചമച്ചുകൊണ്ടുള്ള അനർഹരുടെ ഈ തൊഴിൽ രംഗത്തേക്കുള്ള കടന്നുകയറ്റം നിയമംമൂലം തടയുക.
9. ഉൾനാടൻ മത്സ്യത്തൊഴിലാളി ക്ഷേമ ഗ്രാമ സംഘങ്ങൾ പഞ്ചായത്തു തലത്തിൽ രൂപീകരിക്കുക.
10. പഞ്ചായത്തിന്റെ സഹായത്താൽ മത്സ്യം കേടുവരാതെ സൂക്ഷിക്കുവാനുള്ള സംവിധാനം ഉണ്ടാക്കുക.
11. മത്സ്യ അച്ചാറുകൾ ഉണ്ടാക്കി വിപണിയിൽ എത്തിക്കുന്നതിനും കക്കാഇറച്ചി കേരളത്തിനു വെളിയിലേക്കു കയറ്റി അയയ്ക്കുന്നതിനുമുള്ള സംവിധാനം ഉണ്ടാക്കണം.
12. മത്സ്യത്തൊഴിലാളി ക്ഷേമ സംഘങ്ങൾ പഞ്ചായത്തുതലത്തിൽ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുക.
13. തീരദേശ പരിപാലന നിയമത്തിൽ കേരളത്തിന് ദോഷകരമായ ഭാഗങ്ങൾ മാറ്റി സംസ്ഥാനത്തിന് യോജിച്ച രീതിയിലാക്കാൻ വേണ്ടതു ചെയ്യുക.

## മത്സ്യ വംശവർദ്ധനവ്

അമിതമായ ചൂഷണം മൂലം മത്സ്യങ്ങളുടെ വംശവർദ്ധനവ് വളരെ പ്രതിസന്ധിയെ നേരിടുന്നു. പല ഇനം മത്സ്യങ്ങളും വംശനാശത്തെ നേരിടുന്നു. ഇതൊഴിവാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. വംശനാശത്തിലേക്ക് വഴുതിവീണുകൊണ്ടിരിക്കുന്ന മത്സ്യസമ്പത്തിനെ രക്ഷിക്കാൻ അവയുടെ ജീവിതക്രമത്തെപ്പറ്റി പഠിക്കാനും ആവശ്യമായ വംശവർദ്ധനവിനും ഈ പഞ്ചായത്തു കേന്ദ്രീകരിച്ച് സംസ്ഥാന ഫിഷറീസ് വകുപ്പിന്റെ ഒരു ഗവേഷണനിലയവും ഹാച്ചറിയും സ്ഥാപിക്കേണ്ടതാവശ്യമായിരിക്കുന്നു. ഇതിനാവശ്യമായ വിദഗ്ദ്ധന്മാരും മറ്റുപാധികളും ഫിഷറിവകുപ്പിൽ തന്നെയുണ്ട്.

കൂടാതെ ആവശ്യമായ സഹകരണം കാർഷിക യൂണിവേഴ്സിറ്റിയുടെ ഫിഷറി വിഭാഗത്തിൽനിന്നും ലഭ്യമാണ്.

കക്കയുടെ ലഭ്യത കുറഞ്ഞുവരുന്നു എന്നും വർദ്ധനവുണ്ടെന്നും രണ്ടു രീതിയിൽ അഭിപ്രായമുയർത്തിയിട്ടുണ്ട്. ഈ വിഷയവും പഠനാർഹമാക്കണം. കൂടാതെ ശുദ്ധജലത്തിൽ ''പവിഴമുത്തുൽപ്പാദിപ്പിക്കുന്ന'' മുത്തുച്ചിപ്പി വളർത്താനുള്ള ഗവേഷണം ഒറീസ്സായിൽ ഭുവനേശ്വറിലുള്ള ഇൻഡ്യാ ഗവൺമെൻറു സ്ഥാപിച്ചിട്ടുള്ള ഗവേഷണ സ്ഥാപനത്തിൽ വിജയിപ്പിച്ചിട്ടുണ്ട്. ഈ സാങ്കേതിക വിജ്ഞാനം ശേഖരിച്ച് ഈ പഞ്ചായത്തിൽ പ്രവർത്തനക്ഷമമാക്കിയാൽ അത് വൻപിച്ചൊരു നേട്ടമാക്കി മാറ്റാൻ കഴിയും.

## വേമ്പനാട്ടു കായൽ

ആഗോളാടിസ്ഥാനത്തിൽ സംരക്ഷിക്കപ്പെടേണ്ട ജലാശയങ്ങളുടെ കൂട്ടത്തിൽ ഇൻഡ്യയിൽനിന്നും ഐക്യരാഷ്ട്ര സംഘടന ശുപാർശ ചെയ്യപ്പെട്ടിട്ടുള്ള 5 ജലാശയങ്ങളിൽ ഒന്നാണ് നമ്മുടെ വേമ്പനാട്ടു കായൽ. നമ്മുടെ പഞ്ചായത്തിനൊപ്പം ഒട്ടേറെ പഞ്ചായത്തുകളുമായി ബന്ധപ്പെട്ടുകിടക്കുന്ന ഈ വൻ ജലാശയത്തെപ്പറ്റി ഇന്നേവരെ ഒരു വിപുലമായ ശാസ്ത്രീയ പഠനം നടത്തിയിട്ടില്ല. അത്യപൂർവ്വങ്ങളായ മത്സ്യസമ്പത്തും മറ്റു വിഭവസമ്പത്തും ഉൾക്കൊള്ളുന്ന ഈ കായൽ അതിലേക്കൊഴുകിയെത്തുന്ന നദികളുമായി അടുത്ത ബന്ധം പുലർത്തുന്നതിനാൽ ജനജീവിതത്തിൽ വളരെയേറെ സ്വാധീനം ചെല്ലുത്തുന്നു. പാഴ്വസ്തുക്കളും, വിഷവസ്തുക്കളും നിത്യേന കലരുന്നതുകൊണ്ടും കായൽ നികത്തി പുരയിടങ്ങളാക്കുന്നതുകൊണ്ടും ഈ ജലസംഭരണി ദിനംപ്രതി ശോഷിക്കുന്നു. അതുകൊണ്ട് സർക്കാർ വേമ്പനാട്ടു കായലിനെപ്പറ്റി അതിവിശദമായ പഠനം നടത്തുന്നതിനും ഈ പ്രകൃതിയുടെ വരദാനം അതിൻെറ തനിമയിൽ നിലനിർത്തുന്നതിനും ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കണം.

മത്സ്യബന്ധനം : ഉല്പ്പാദന രംഗത്തു പണി ചെയ്യുന്നവർ

| ബന്ധനം മഖ്യ തൊഴിലാളി | വിപണനം | | വല നന്നാക്കുന്നവർ | നാടൻ വള്ളങ്ങൾ | മത്സ്യ എണ്ണം | കൃഷി ഏ: |
|---|---|---|---|---|---|---|
| 196 | സ്ത്രീ: 82 | പു: 30 | 5 | 42 | 6 | 9 |

മത്സ്യങ്ങൾ ഉണ്ടായിരുന്നവ

| | | | | |
|---|---|---|---|---|
| കാരി | കരിമീൻ | വാള | കൂരി | വഴുതക്കുട്ടൻ |
| മഞ്ഞക്കൂരി | വരാൽ | തെള്ളി | കൂരൽ | വാഹ |
| കൂന ചെമ്മീൻ | മണൽ വാഹ | ചേറുമീൻ | പുല്ലൻ | പരൽ |
| കൊഞ്ച് | കാളാഞ്ചി | പൂമീൻ | ചില്ലാൻ | നന്തൻ |
| കക്കാഇറച്ചി | കണമ്പ് | നഞ്ചു കരിമീൻ | ചെങ്കടി | വറ്റ |

മത്സ്യം ഇപ്പോൾ ലഭിക്കുന്നവ

| | | |
|---|---|---|
| കാരി | മഞ്ഞക്കൂരി | കൂന ചെമ്മീൻ |
| കരിമീൻ | വാള | തെള്ളി ചെമ്മീൻ |
| മഞ്ഞക്കൂരി | വരാൽ | കൊഞ്ച് |
| ചേറുമീൻ | പുല്ലൻ | |
| തൂളി | നന്തൻ | |

വലകൾ ഉണ്ടായിരുന്നവ

| | | |
|---|---|---|
| ഇടിവല | വടിവല | കോരുവല |
| അണ്ടവല | മരതുവല | ചില്ലാൻവല |
| കുത്തുവല | ഞരിമീൻവല | വീശുവല |

ഇപ്പോൾ ഉപയോഗിക്കുന്നവ

| | | |
|---|---|---|
| നൈലോൺ ഉടക്കുവല | മടവല | പ്ലാസ്റ്റിക് (വൈശാലി) |
| ഇടിവല | വീശുവല | കോരുവല |
| അണ്ടവല | കുത്തുവല | പെരുവല |



# വ്യവസായം

നമ്മുടെ സംസ്ഥാനത്ത് പുതിയ വ്യവസായ സ്ഥാപനങ്ങൾ ഒന്നും തുറക്കപ്പെടുന്നില്ല. ഉള്ള വ്യവസായങ്ങളുടെ വളർച്ച അഖിലേന്ത്യാ ശരാശരിയേക്കാൾ വളരെ പിന്നിലാണ്. വ്യവസായികരംഗത്ത് അപ്രധാനമായ സ്ഥാനമാണ് നമ്മുടെ ഗ്രാമ പഞ്ചായത്തിനുള്ളത്. ആധുനിക വ്യവസായ സ്ഥാപനങ്ങൾ ഒന്നും പുളിങ്കുന്നിൽ ഇല്ല. പരമ്പരാഗത തൊഴിലുകളും കുടിൽ വ്യവസായങ്ങളും ഈ ഗ്രാമത്തിൽനിന്നും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. കയറുപിരി, നെല്ലുപുഴുങ്ങി കുത്ത്, തഴപ്പായ നെയ്ത്ത്, കൊട്ട നെയ്ത്ത് തുടങ്ങി ഒട്ടനവധി കുടിൽ വ്യവസായങ്ങൾ പ്രതിസന്ധി നേരിടുന്നു. സമഗ്ര വികസന പ്രക്രിയയുടെ ഭാഗമായി വ്യവസായ പദ്ധതിയ്ക്കു രൂപം നൽകുമ്പോൾ നമ്മുടെ പഞ്ചായത്തിൻെറ ധനപരവും ഭൂമിശാസ്ത്രപരവുമായ പ്രശ്നങ്ങൾ പരിഗണിച്ചു കൊണ്ടുവേണം.

## നിർദ്ദേശങ്ങൾ

- കുടിൽ വ്യവസായങ്ങൾ നിലനിർത്തുന്നതിന് വേണ്ടുന്ന സഹായങ്ങൾ ലഭ്യമാക്കണം. (തഴപ്പായ, വട്ടി, വഴുത കൊട്ട, മുറം)
- പാരമ്പര്യ തൊഴിലാളികൾക്ക് തൊഴിലിനുള്ള അവസരങ്ങൾ സൃഷ്ടിക്കണം.
- നെല്ലു പുഴുങ്ങികുത്ത് വ്യവസായത്തിന് സർക്കാരിൻെറ സാമ്പത്തിക സാങ്കേതിക സഹായങ്ങൾ ഉണ്ടാവണം
- വ്യവസായങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടി ഗതാഗതസൗകര്യങ്ങൾ മെച്ചപ്പെടുത്തണം
- പഞ്ചായത്തിൽനിന്നും ലഭ്യമുള്ള അസംസ്കൃതവസ്തുക്കൾ ഉപയോഗിച്ചു വ്യവസായങ്ങൾ ആരംഭിക്കണം (നെല്ല്, തേങ്ങ, അടയ്ക്ക, കക്ക, റബ്ബർ, മത്സ്യം, തൊണ്ട്, വൈക്കോൽ, ചിരട്ട, തടി)

- ഊർജ്ജ പ്രതിസന്ധി പരിഹരിക്കണം.
- വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കണം.

## പ്രശ്നങ്ങൾ

- വ്യവസായങ്ങൾ ആരംഭിക്കാനുള്ള നിയമ തടസ്സങ്ങൾ
- ഉദ്യോഗസ്ഥരുടെ അനാവശ്യമായ ഇടപെടലും തടസ്സങ്ങളും
- ഖാദി ബോർഡ്, ഖാദി കമ്മീഷൻ തുടങ്ങിയ ഗവ: ഏജൻസികളെക്കുറിച്ച് സാധാരണക്കാരന് അറിവില്ലായ്മ
- സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ കൂടിയുള്ള സഹായങ്ങളെ സംബന്ധിച്ചുള്ള അറിവില്ലായ്മ

## പരിഹാരങ്ങൾ

- വ്യവസായങ്ങൾക്കുവേണ്ടി കുടുംബ മൂലധനം ശേഖരിക്കുന്നതിലേക്ക് കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരണത്തിലൂടെയോ, പബ്ലിക് ലിമിറ്റഡ് കമ്പനിയുടെ കീഴിലോ കുടുംബ മൂലധനം കൊണ്ടുവരാവുന്നതാണ്.
- ബാങ്ക്, സർക്കാർ, ഖാദി ബോർഡ്, ഖാദി കമ്മീഷൻ തുടങ്ങിയവയിൽനിന്നും വായ്പ, ഗ്രാൻറ് മുതലായവയിലൂടെയും മൂലധനം സ്വരൂപിക്കാം.
- വിദ്യാസമ്പന്നരായ പഞ്ചായത്തിലെ യുവതിയുവാക്കളെ വ്യവസായ സംരംഭത്തിലേക്കു തിരിച്ചുവിടാൻ കഴിയണം
- പഞ്ചായത്ത് തലത്തിൽ വ്യവസായ സംരംഭകർക്കായി ഒരു ഇൻഫർമേഷൻ സെൻറർ ഉണ്ടാവണം
- പഞ്ചായത്തിലെ വ്യവസായ സംരംഭകരെ സഹകരണ സംഘത്തിൻെറ കീഴിൽ കൊണ്ടുവരുക
  1. വ്യവസായ സഹകരണസംഘം
  2. മാർക്കറ്റിംഗ് സഹകരണസംഘം
  3. ടൂറിസം സഹകരണസംഘം
- വ്യവസായ സംരംഭകർക്ക് രജിസ്ട്രേഷനും, ലൈസൻസും ആവശ്യമായ ലോണും ബന്ധപ്പെട്ട വകുപ്പുകൾ കാലത്താമസംകൂടാതെ നൽകുക.
- ഗ്രാമവ്യവസായ സംഘങ്ങളിൽപണംഡിപ്പോസിറ്റു ചെയ്യുന്നവരെ നികുതിയിൽനിന്നും ഒഴിവാക്കുക
- ശാസ്ത്രീയമായ പരിശീലനങ്ങൾ വ്യവസായ സംരംഭകർക്ക് നൽകുക
- മെഷീനറികൾ, ലൈസൻസുകൾ, ട്രെയിനിംഗ് സൗകര്യങ്ങൾ, വൈദ്യുതി തുടങ്ങിയ തടസ്സങ്ങളില്ലാതെ ലഭ്യമാക്കുക
- സൊസൈറ്റി നിക്ഷേപകർക്കു ആവശ്യമായ സെക്യൂരിറ്റി സർക്കാർ നൽകുക

## പഞ്ചായത്തിലെ ചെറുകിട വ്യവസായങ്ങൾ

| ഇനം | എണ്ണം | തൊഴിലാളികൾ | വേതനനിരക്ക് |
|---|---|---|---|
| റെഡിമെയ്ഡ് വസ്ത്രം | 2 | 8 | പീസ്വർക്ക് |
| ലെതർവർക്സ് | 1 | 10 | 1200 |
| റൈസ്മിൽ | 12 | 14 | 75 |
| കയറുപിരി | 1 | 10 | 30 |
| സോമിൽ | 1 | 5 | 150 |
| പ്രിൻറിംഗ് വർക്ക്സ് | 1 | 6 | 40 |
| കറിപ്പൊടികൾ | 3 | 10 | 50 |
| ആയുർവേദം | 1 | 5 | 60 |
| ഫർണിച്ചർ | 11 | 20 | 125 |
| ബോട്ടു ബിൽഡിംഗ്യാഡ് | 1 | 9 | 125 |
| കക്കാ ചൂള | 5 | 24 | |
| മെഴുകുതിരി | 2 | 3 | |
| ബേക്കറി | 5 | 15 | |
| ഡ്രൈക്ലീനിംഗ് | 2 | | |

## സാദ്ധ്യതകൾ

കോ-ഓപ്പറേറ്റീവ് സൊസൈറ്റി അടിസ്ഥാനത്തിൽ

തുടങ്ങാവുന്ന വ്യവസായങ്ങൾ

### കാർഷിക വ്യവസായ സഹകരണസംഘം

**അസംസ്കൃത വസ്തുക്കൾ  വ്യവസായങ്ങൾ**

**1 നെല്ല്**
- 1 മോഡേൺ റൈസ്മിൽ
- 2 അവൽ നിർമ്മാണം
- 3 അരിപ്പൊടി
- 4 കന്നുകാലിത്തീറ്റ
- 5 കാർഡ്ബോർഡ്

**2 തെങ്ങ്**
- 1 കൊപ്രാവെട്ട്
- 2 ഓയിൽ മിൽ
- 3 കയർ നിർമ്മാണം
- 4 കയറുൽപന്നങ്ങൾ
- 5 കരകൗശലങ്ങൾ
- 6 ഗൃഹോപകരണങ്ങൾ
- 7 ചിരട്ടക്കരി
- 8 ചിരട്ട എണ്ണ
- 9 ചിരട്ടപ്പൊടി
- 10 സോഫ്റ്റ് ഡ്രിങ്ക്സ് (കള്ള്)
- 11 തേങ്ങാപ്പീര സംസ്ക്കരണം
- 12 വിന്നാഗിരി

**3 അടയ്ക്കാ**
- 1 അടയ്ക്കാ സംസ്ക്കരണം
- 2 ബീഡാ പാക്ക്
- 3 ചൂയിംഗ് പൗഡർ
- 4 സുഗന്ധ പാക്ക്

**4 പച്ചക്കറി പഴവർഗ്ഗങ്ങൾ**
- 1 സംസ്ക്കരണം
- 2 ചിപ്പ്സ്
- 3 ജാം, ജൂസ്, സ്കാഷ്
- 4 അച്ചാറുകൾ

**ഇരുമ്പ് തടി**
- 1 കാർഷികോപകരണങ്ങൾ
- 2 ഗൃഹോപകരണങ്ങൾ
- 3 സർവ്വീസിംഗ് സെൻെറർ
- 4 ഇലക്ട്രിക് ഗുഡ്സ്
- 5 ഇലക്ട്രിക് റിപ്പയറിംഗ്

**മണ്ണ് സിമൻറ് കല്ല്**
- 1 ഇഷ്ടികനിർമ്മാണം
- 2 കെട്ടിട ക്രാസികൾ
- 3 കെട്ടിടനിർമ്മാണം

**മീൻ കക്ക**
- 1 മീൻ സംസ്ക്കരണം
- 2 കൊഞ്ചു സംസ്ക്കരണം
- 3 കക്കാ ഇറച്ചി സംസ്ക്കരണം
- 4 മീൻ അച്ചാറുകൾ
- 5 കക്കാ നീറ്റു വ്യവസായം
- 6 കുമ്മായ ഷെൽസം

**തടികൾ**
- 1 ഫർണിച്ചർ
- 2 ഗൃഹോപകരണങ്ങൾ
- 3 പ്ലൈവുഡ്
- 4 വള്ളം, ബോട്ടു നിർമ്മാണം

**വാഴനാര് തഴ മുള ഈറ**
- 1 ബാഗുകൾ, അലങ്കാര വസ്തുക്കൾ
- 2 വാഴനാര് തറപാകൾ
- 3 തഴപ്പായ്
- 4 പനമ്പ്
- 5 കുട്ട, മുറം

**ഇറച്ചി**
- 1 ഇറച്ചി സംസ്ക്കരണം
- 2 ഇറച്ചി അച്ചാറുകൾ

### ടൂറിസം വ്യവസായ സഹകരണ സംഘം

| | |
|---|---|
| വള്ളം | ടൂറിസം റിസോർട്ടുകൾ |
| മുള | ടൂറിസ്റ്റ് ബോട്ടുകൾ |
| ഓല | ഷോപ്പിംഗ് |



# ഊർജ്ജം

ഊർജ്ജാസൂത്രണം എന്നു പറയുമ്പോൾ വൈദ്യുതി ഉത്പാദനവും വിതരണവും എന്നാണ് പൊതുവെ മനസ്സിലാക്കുന്നത്. വിറക്, ചാണക വരളി, ചപ്പു ചവറുകൾ, മറ്റ് ജൈവദ്രവ്യങ്ങൾ, ജൈവ വാതകം, മണ്ണെണ്ണ, പാചക വാതകം, പെട്രോൾ, മുതലായ പെട്രോളിയം ഉത്പന്നങ്ങൾ കൽക്കരി, പ്രകൃതി വാതകം തുടങ്ങിയ വിവിധ ഊർജ്ജ സ്രോതസ്സുകളെ നാം ഉയോഗപ്പെടുത്തുന്നുണ്ട്. സൂര്യനിൽ നിന്ന് കിട്ടുന്ന ചൂടും (വെയ്ല്) നാം വ്യാപകമായി ഉപയോഗിക്കുന്നുണ്ട്. കേരളത്തിലെ വൈദ്യുതി ഉപയോഗം കൂടുതലും ഗാർഹിക ആവശ്യങ്ങൾക്കാണ്; നമ്മുടെ ഗ്രാമ പഞ്ചായത്തിൽ 80 ശതമാനത്തോളം കുടുംബങ്ങളിൽ പാചക ആവശ്യത്തിനു വിറകാണ് ഉപയോഗിക്കുന്നത്. വിറകാവശ്യത്തിൻെറ മുഖ്യമായ പങ്ക് വിലയ്ക്കു വാങ്ങുകയാണ്. ജനകീയ പങ്കാളിത്തത്തോടെയുള്ള സമഗ്ര ഊർജ്ജാസൂത്രണത്തിനുള്ള പദ്ധതി തയ്യാറാക്കുമ്പോൾ വിറ കിൻെറ ലഭ്യതയും കാര്യക്ഷമമായ വിനിയോഗത്തെയും ഊന്നൽ നൽകിക്കൊണ്ടായിരിക്കണം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഗാർഹിക ഊർജ ഉപഭോഗം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം.

## വൈദ്യുതി ഉപയോഗ സ്ഥിതി വിവര കണക്കുകൾ

| | | |
|---|---|---|
| 1. | ട്രാൻസ്ഫോർമറുകൾ | - 43 |
| 2. | ലൈനുകൾ (H.T) | - 41 കി. മീറ്റർ 11 കെ.വി. |
| 3. | (L.T)ലൈനുകൾ | - 39 കി. മീറ്റർ |
| 4. | നിലവിലുള്ള ഉപഭോക്താക്കളുടെ എണ്ണം | |
| | a ഗാർഹികം | - 3867 |
| | b കാർഷികം | - 62 |
| | c വ്യാവസായികം | - 42 |
| 5. | കണക്ഷൻ നൽകാൻ ബാക്കി നിൽക്കുന്ന അപേക്ഷകൾ | - 1167 |

6. സ്ട്രീറ്റ് ലൈറ്റ്
   a ബൾബ് - 175
   b ട്യൂബ് - 59

## നിർദ്ദേശങ്ങൾ

1. കൃഷ്ണപുരം, എടത്വ, കാവാലം എന്നീ നിർദ്ദിഷ്ഠ സബ്സ്റ്റേഷനുകൾ പണി തീർക്കുക.
2. ആവശ്യമായ സ്ഥലത്തു ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
3. പഴയ ഉപകരണങ്ങൾ കണ്ടെത്താൻ സർവ്വേ നടത്തുക. പുതിയവ സപ്ലൈ ചെയ്യുക.
4. കാലാകാലങ്ങളിൽ റിപ്പയറിംഗ് നടത്തുക
5. ഗുണനിലവാരമുള്ള തെരുവു വിളക്കുകൾ ഉപയോഗിക്കുക.
6. പ്രാദേശിക ഉപദേശക സമിതി രൂപീകരിക്കുക
7. കൂടുതൽ മണ്ണെണ്ണ ക്വാട്ടാ അനുവദിക്കുക
8. ഗ്യാസ് വിതരണത്തിനുള്ള ഏജൻസി പഞ്ചായത്തിൻെറ സൗകര്യപ്രദമായ സ്ഥലത്ത് അനുവദിക്കുക.
9. ഗോബർഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിനു ഏർപ്പാടുകൾ ഉണ്ടാക്കുക.

## പാഴ്വസ്തുക്കൾ

പാഴ് വസ്തുക്കളെ വിറകുപോലെ ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ ആക്കാൻ പറ്റുന്ന മാർഗ്ഗങ്ങൾ ഇന്ന് കണ്ടെത്തിയിട്ടുണ്ട് അതുപയോഗിച്ച് ഉമി, സസ്യാവശിഷ്ടങ്ങൾ (മരപ്പൊടി) അടിക്കച്ചി., ചകരിച്ചോറ്, തുടങ്ങിയവ വിറകായി ഉപയോഗിക്കാൻ തരത്തിൽ രൂപപ്പെടുത്തുന്ന ഒരു നിർമ്മിതി കേന്ദ്രം പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിക്കാൻ സാധിക്കുമോ എന്ന് പരിശോധിക്കാവുന്നതാണ്.

## പ്രധാന പ്രശ്നങ്ങൾ

1. വോൾട്ടേജ് കുറവ്
2. തുടരെ തുടരെയുള്ള അപ്രഖ്യാപിത വൈദ്യുതി പവ്വർ കട്ടുകൾ
3. വ്യാപകമായി വോൾട്ടേജ് സ്റ്റെബിലൈസറുകൾ സമ്പന്നന്മാർ ഉപയോഗിക്കുന്നതിലൂടെ സൃഷ്ടിക്കുന്ന വോൾട്ടത പ്രശ്നങ്ങൾ
4. ഊർജ്ജ സംരക്ഷണ നടപടികളുടെ അഭാവം.
5. ബോധവത്ക്കരണത്തിൻെറയും, സന്നദ്ധപ്രവർത്തനങ്ങളുടെയും അഭാവം
6. വിറക് ലഭ്യതയുടെ കുറവ്
7. വിറകിൻെറ അമിതമായ വില

## പരിഹാരമാർഗ്ഗങ്ങൾ

### 1 സമഗ്രമായ ഊർജ്ജ സർവ്വേ നടത്തുക.

ഗാർഹികം - കാർഷികം, വണീജ്യം, വ്യവസായികം എന്നീ മേഖലകൾ തിരിച്ച് സമഗ്രമായ ഊർജ്ജ സർവ്വെ നടത്തി പഞ്ചായത്തിലെ ഊർജ്ജ പ്രശ്നങ്ങൾ പഠിക്കുകയും പരിഹാരങ്ങൾ കണ്ടെത്തുകയും ചെയ്യുവാൻ കഴിയും.

### 2. ബോധ വത്ക്കരണം.

ഊർജ്ജ ഉപയോഗം മെച്ചപ്പെടുത്തുന്നതിനും, ഊർജ്ജ സംരക്ഷണത്തിനും വേണ്ടി പുത്തൻ ഊർജ്ജ സ്രോതസ്സുകളുടെ സാധ്യതകൾ പ്രചരിപ്പിക്കുകയും ദക്ഷത കൂടിയ പരിഷത്ത് അടുപ്പുകളും, ഉപകരണങ്ങളും ഉപയോഗിക്കുന്നതിൻെറ പ്രയോജനം ഉപഭോക്താക്കൾക്ക് മനസ്സിലാക്കികൊടുക്കുന്നതിന് പ്രചരണയോഗങ്ങൾ സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുക.

### 3. പവർലൈൻ പരിശോധന നടത്തുക.

സമ്മർദ്ദങ്ങൾക്കു വിധേയമായി ഓവർ ലോഡ് കൊണ്ട് ഞെരുങ്ങുന്ന വിതരണ ശൃംഖലയിലെ അപാകതകൾ പരിഹരിക്കുവാൻ കൂടുതൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും, ലൈനുകൾ ശക്തിപ്പെടുത്തുവാനും, അറ്റകുറ്റപ്പണികൾ ചെയ്യുവാനും ലൈനുകളിൽ തട്ടി നിൽക്കുന്ന വൃക്ഷശിഖരങ്ങൾ മുറിച്ചുമാറ്റുവാനും ഈ നടപടി മൂലം കഴിയും.

4. കോംപാക്റ്റ് ഫ്ളൂറസെൻറ് വിളക്കുകൾ, സോളാർ വിളക്കുകൾ, എന്നിവ ഉപയോഗിക്കാൻ പ്രേരിപ്പിക്കുകയും വൈദ്യുതി ബോർഡ് ഇത്തരം വിളക്കുകൾ വാങ്ങി വിതരണം നടത്തുകയും ചെയ്യുക.

5. ഊർജ്ജ ദുർവ്യയം തടയുക.

6 പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ കാറ്റ്, സൗരോർജ്ജം, എന്നിവവഴി പ്രവർത്തിക്കുന്ന ഉപകരണങ്ങൾ പ്രചരിപ്പിക്കുക.

7. ഊർജ്ജ സംരക്ഷണ നടപടികൾ ശക്തിപ്പെടുത്തുക. സാധാരണ ചോക്കുകൾക്കു പകരം ഇലക്ട്രോണിക് ചോക്കുകൾ വിതരണം ചെയ്യുക. മോട്ടോർ പമ്പു സെറ്റുകൾക്ക് കപ്പാസിറ്റർ സ്ഥാപിക്കുക. ഘർഷണ രഹിത ഫുട്ട് വാൽവുകൾ സ്ഥാപിക്കുക, കാറ്റാടി പമ്പുകൾ, സോളാർ പമ്പുകൾ വിതരണം ചെയ്യുക, സോളാർ അടുപ്പുകൾ, മെച്ചപ്പെട്ട മണ്ണെണ്ണ അടുപ്പുകൾ ബയോഗ്യാസ് അടുപ്പുകൾ, വിളക്കുകൾ തുടങ്ങിയവ പ്രചരിപ്പിക്കുക.

8 കായംകുളം താപനിലയം എൻ. റ്റി. പി. സി. യെ ക്കൊണ്ട് നടപ്പിലാക്കുവാൻ സമ്മർദ്ദം ചെലുത്തുക.

9. കാറ്റ്, സൗരോർജ്ജം, എന്നിവയിൽ നിന്നും ഊർജ്ജ സമ്പാദനത്തിനുവേണ്ടിയുള്ള സംരംഭങ്ങൾ അനുയോജ്യമായ വാർഡുകളിൽ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുക.

10. വിറകിന്റെ ലഭ്യതക്കുവേണ്ടി വന വൽക്കരണം നടത്തുവാൻ പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുകയും വിറകു വിതരണ ഡിപ്പോകൾ ആരംഭിക്കുകയും ചെയ്യുക.

## പട്ടിക A

| | ട്രാൻസ്ഫോർമർ ഇരിക്കുന്ന സ്ഥലത്തിന്റെ പേര് | സ്ഥാപിത ശേഷിKVA | റിമാർക്ക്സ് |
|---|---|---|---|
| | | | പുഞ്ചപമ്പിംഗിനു വേണ്ടി ഉപയോഗിക്കുന്ന ട്രാൻസ്ഫോർമറുകൾ ഉൾപ്പെടെയുള്ള എണ്ണമാണ്. |
| 1 | മതികായൽ 750 ന്റെ തറ | 100 KVAൻ | |
| 2. | പള്ളിത്താനം തറ | 100 " | |
| 3. | പുത്തൻ പുരയ്ക്കൽ തറ | 63 " | |
| 4. | തറയിൽ തറ | 63 " | |
| 5. | ഓലിക്കര തറ | 100 " | |
| 6. | വടക്കേമതികായലിന്റെ കിഴക്കേത്തറ | 100 " | |
| 7. | തേവർ കാടന്റെ തറ | 63 " | |
| 8. | പോഞ്ഞിക്കര | 63 " | |
| 9. | വടക്കേമതികായൽ പടിഞ്ഞാറെ തറ | 63 " | |
| 10. | നാനൂറ്റമ്പതിന്റെ തറ | 160 " | |
| 11. | വടക്കേക്കരി കിഴക്കേതറ | 63 " | |
| 12. | പള്ളിക്കണ്ടം തറ | 63 " | |
| 13. | ശ്രീമൂലം തെക്കേത്തറ | 160 " | |
| 14. | വടക്കേത്തറ | 160 " | |
| 15. | കായൽ പുറം പള്ളി | 100 " | |
| 16. | അറുനൂറ്റിൽ പടവ് | 63 " | |
| 17. | കറുകോടി | 100 " | |
| 18. | അയ്യനാട് നാലുകോടിത്തറ | 63 " | |
| 19. | പുത്തൻ കായൽ തറ | 100 " | |

| ട്രാൻസ്ഫോർമർ ഇരിക്കുന്ന സ്ഥലത്തിൻെറ പേര് | സ്ഥാപിത ശേഷിKVA | | റിമാർക്ക്സ് |
|---|---|---|---|
| ~~20. നെന്മണിത്തറ~~ | ~~100 KVKൻ~~ | | |
| 21. പുത്തൻ കരി | 63 | " | |
| 22. നാലുപറ ചിറമുട്ട് | 100 | " | |
| 23. അയ്യനാട്ടുമുട്ട് | 100 | " | |
| 24. മങ്കൊമ്പ് മാർക്കറ്റ് | 100 | " | |
| 25. മണപ്പള്ളി | 100 | " | |
| 26. പൊൻവേലി വായ്ക്കൽ | 50 | " | |
| 27. മേച്ചേരിവാക മുണ്ടപ്പള്ളി | 50 | " | |
| 28. അറുപതിൽ ചിറ | 63 | " | |
| 29. പുളിംകുന്ന് ആശുപത്രി | 160 | " | |
| 30. പുളിംകുന്ന് തീയേറ്റർ ട്രാൻസ്ഫോർമർ | 160 | " | |
| 31. മാവേലിൽ | 100 | " | |
| 32. തൊണ്ണൂറിൽ | 160 | " | |
| 33. മണിയൻ കരിപടിഞ്ഞാറ് | 100 | " | |
| 34. കണ്ണൻ കരി പടിഞ്ഞാറ് | 160 | " | |
| 35. പോളിത്തീൻ ഫാക്ടറി | 63 | " | |
| 36. തെക്കേ ആറായിരം തെക്കേബണ്ട് | 100 | " | |
| 37. തെക്കേ ആറായിരം കിഴക്കേ ബണ്ട് | 100 | " | |
| 38. വടക്കേ ആറായിരം കിഴക്കേ ബണ്ട് | 100 | " | |
| 39. വടക്കേബണ്ട് പടിഞ്ഞാറ് | 163 | " | |
| 40. വടക്കേ ബണ്ട് കിഴക്ക് | 100 | " | |
| 41. വടക്കേബണ്ട് തെക്ക് | 63 | " | |
| 42. വടക്കേ ബണ്ട് വടക്ക് | 100 | " | |
| 43. പടിഞ്ഞാറെ ബണ്ട് തെക്ക് | 100 | " | |

(അവലംബം കെ. എസ്. ഇ. ബി. ഓഫീസ് റെക്കോർഡ്)

## മാർക്കറ്റ്

മങ്കൊമ്പിൻെറ പ്രതാപകാലത്ത് കുട്ടനാട്ടിലെ ഏറ്റവും വലിയ കച്ചവടം (മാർക്കറ്റ്) കേന്ദ്രമായിരുന്നു. ആഴ്ചയിൽ രണ്ടു ചന്തകളായിരുന്നു ഇന്നു മാർക്കറ്റ് എന്ന പേരുമാത്രമായി അവശേഷിക്കുന്നു. കാർഷിക പ്രധാനമായ പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും വിപണനം നടത്തുന്നതിനും സംവിധാനങ്ങൾ ഇല്ല. മാർക്കറ്റിംഗ്, മാർക്കറ്റ് ഇവയെ സംബന്ധിക്കുന്ന വിവരങ്ങൾ കൃഷി, വ്യവസായ റിപ്പോർട്ടുകളിൽ പ്രതിപാദിച്ചിട്ടുണ്ട്. .

**സാദ്ധ്യതകൾ.** പഞ്ചായത്തിലെ കായൽ പ്രദേശം കേന്ദ്രീകരിച്ച് മത്സ്യമാർക്കറ്റും - സംസ്ക്കരണ കേന്ദ്രവും സ്ഥാപിക്കുക പുളിങ്കുന്നിൽ പഞ്ചായത്ത് മാർക്കറ്റ് പണിയുക

# ഗതാഗതം

വിശാലമായ കായൽപ്പരപ്പിൻെറ തരിശു മേഖലയിലേയ്ക്കും മറ്റും പൂർവ്വികർ ഗതാഗതത്തിന് ഉപയോഗിച്ചത് വള്ളങ്ങളായിരുന്നു. വിവിധ വലിപ്പത്തിലും മാതൃകയിലുമുള്ള വള്ളങ്ങൾ മാത്രമായിരുന്നു ഒരു കാലത്ത് നമ്മുടെ യാത്രാ മാർഗ്ഗങ്ങൾ. കര പ്രദേശം വളരെ കുറവ്. കൃഷിയിടങ്ങളേറെ, നിരവധി തുരുത്തുകൾ. ഒരു തുരുത്തിൽ നിന്നും മറ്റൊന്നിലേക്കു പോവാൻ വള്ളങ്ങൾ മാത്രമായിരുന്നു ആശ്രയം. ചെറിയ ചെറിയ നാട്ടു രാജാക്കന്മാരുടെപോർ വിമാനങ്ങളായി ചുണ്ടൻ വള്ളങ്ങൾ, ഭക്ഷണങ്ങളും, ആയുധങ്ങളും സജ്ജീകരിച്ചിരുന്ന സ്റ്റോർ സർവ്വീസുകളായിരുന്നു വെപ്പ് വള്ളങ്ങൾ. വേഗതയേറിയ ഓടി വള്ളങ്ങൾ തണ്ടു വള്ളങ്ങൾ, വളവര വള്ളങ്ങൾ, ടൺ കണക്കിനു സാധനങ്ങൾ കയറ്റിയിറക്കാവുന്ന പന്നഗ വള്ളങ്ങൾ ഇങ്ങനെ ഒട്ടേറെ വള്ളങ്ങളായിരുന്നു നമ്മുടെ യാത്രാ വാഹനങ്ങൾ. കാലം പുരോഗമിച്ചതോടെ ബോട്ടുകളെ ആശ്രയിച്ചു. നാട്ടിൽ തലങ്ങും വിലങ്ങും റോഡുകൾ വന്നപ്പോൾ ബോട്ടുകളും കുറഞ്ഞു. അന്നും ഇന്നും യാത്രാക്ലേശങ്ങൾ ഏറെയുള്ള പ്രദേശമാണ് പഞ്ചായത്ത്.

## 1-ാം വാർഡിലെ പാലങ്ങൾ

1. കാപ്പു മുഖം, മാണിക്യമംഗലം പാലം നിർമ്മിക്കുക
2. കൊച്ചു പമ്പിൽ പാലത്തിൻെറ സ്റ്റെപ്പ് പൊളിച്ചു കെട്ടുക.
3. അറയ്ക്കൽ പുല്ലമ്പിലായി പാലം നിർമ്മിക്കുക
4. അറുനൂറ്റിൻ പാടശേഖരത്തിനും ശ്രീമൂലം തോടിനും നിലവിലുള്ളതടിപ്പാലം മാറ്റി കോൺക്രീറ്റു പാലം നിർമ്മിക്കുക.
5. മഠത്തിൽ തോടിനു നിലവിലുള്ള നടപ്പാലം മാറ്റി വാഹന ഗതാഗതയോഗ്യമായ കലിങ്കു നിർമ്മിക്കുക.
6. വാണിയപ്പുരയ്ക്കൽ ചെമ്പിത്തറ പാലം വാഹന ഗതാഗതയോഗ്യമാകും വിധം കലിങ്കു നിർമ്മിക്കുക.
7. കല്ലിങ്കൽ തോടിനു കുറുകെ കിടക്കുന്ന പാലം പൊളിച്ച് നല്ല നിലയിൽ പണിയുക.
8. വളവിങ്കൽ നിലവിലുള്ള പാലം പുതുക്കി പണിയുക.

## നടപ്പാത/ഗ്രാമീണ റോഡ്

1. അറയ്ക്കൽ പാലത്തിനു സമീപത്തു നിന്നും വടക്കോട്ടു 10- ൽ നാല്പതിൽ വരെയുള്ള നടപ്പാത നിർമ്മിക്കുക.
2. കൊച്ചു പറമ്പിൽ മൂലയിൽ നിന്നും കാപ്പുമുഖം വരെയുള്ള നടപ്പാത നന്നാക്കുക.
3. കല്ലുമുഖത്തുനിന്നും തെക്കോട്ടു പത്തിൽ വരെ നടപ്പാത നന്നാക്കുക.
4. സെൻറ് റീത്താസ് പള്ളിയുടെ സമീപത്തു നിന്നും വടക്കോട്ടു കറുത്തേടത്തു മൂലവരെ നടപ്പാത നന്നാക്കുക.
5. തട്ടാതറ മൂലയിൽ നിന്നും കിഴക്കോട്ടു വാണിയപ്പുരയ്ക്കൽ വീടിനു സമീപത്തുകൂടി തെക്കോട്ടു ചെമ്പിൽ തറവരെ
6. 19-ൽ ചിറ മുതൽ കാട്ടിത്തറ വരെ
7. ഇടശ്ശേരിൽ പറമ്പ് മുതൽ 78ൽ ചിറവരെ നടപ്പാത
8. കൊച്ചുപറമ്പിൽ മുതൽ - കൊരട്ടിവരെ നടപ്പാത
9. വാണിയപ്പുരയ്ക്കൽ മുതൽ റേഷൻ കടവരെ
10. മംഗലത്തു മഠത്തിൽ നിന്നും പേരമ്പ്രായിൽ വരെ.

## വാർഡ് - 2

1. SC/ST. സെറ്റിൽമെൻറ് കോളനിയിൽ പെട്ട വീടുകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള താലൂക്ക് ആശുപത്രിയിലേയ്ക്ക് റോഡ് നിർമ്മിക്കുക.
2. പുത്തൻ പാലം മുതൽ കിഴക്കോട്ടുള്ള വഴി ഓട്ടോറിക്ഷാ റേഡ് പണിയുക.
3. പുത്തൻ പാലം മുതൽ വടക്കോട്ട് കാവാലം വരെയുള്ള വഴി വാഹന ഗതാഗതയോഗ്യമാക്കുക.
4. രണ്ടാം വാർഡിനെ ബന്ധിപ്പിക്കുന്ന കിടങ്ങറ കണ്ണാടി റോഡ് പൂർത്തിയാക്കുക.

5. മതിചിറയിൽ നിന്നും വടക്കേ മഠത്തിൽ തോടിനു പാലം പണിയുകയും നിലവിലുള്ള വഴി വാഹന സഞ്ചാരയോഗ്യമാക്കുകയം ചെയ്യുക.
6. 5-ാം നനമ്പർ എസ്. എൻ. ഡി. പി. മുതൽ മതിച്ചിറവരെയും ഓഫീസ് ജട്ടിയിലേക്കും ഉള്ള വഴി വികസിപ്പിച്ച് സഞ്ചാരയോഗ്യമാക്കണം.
7. പേരശ്ശേരി മുതൽ കൊച്ചു മഠം വരെയുള്ള വഴി വാഹന ഗതാഗതയോഗ്യമാക്കണം.
8. ജെ. സി. പ്രായിക്കളത്തിൻെറ വഴി മുതൽ കുരിശു പള്ളിവരെയുള്ള നടപ്പാത സഞ്ചാരയോഗ്യമാക്കം.
9. രണ്ടാം വാർഡിലെ നിലവിലുള്ള എല്ലാ വഴികളും ഗ്രാവലിട്ടു സഞ്ചാരയോഗ്യമാക്കുക.
10. പഞ്ചായത്ത് ഓഫീസിൻെറ മുൻവശത്തുള്ള പുത്തൻ തോടിനു കുറുകെയുള്ള പാലം സ്ലോപ്പു പാലമായി പണിയണം.
11. ഓഫീസ് ജട്ടിമുതൽ വെട്ടുപറമ്പു ജെട്ടിവരെ പുത്തൻ തോടിനു പടിഞ്ഞാറേക്കരവഴി വാഹന ഗതാഗതയോഗ്യമാക്കുക.
12. മാടാമ്പാക്കൽ കലുങ്കുമുതൽ കണ്ണൻ കുടുക്ക പാലം വരെ വാഹന ഗതാഗതയോഗ്യമാക്കുക.
13. കണ്ണൻ കുടുക്കമുതൽ കൊക്കാട്ടു തോട്ടുകടവുവരെപടിഞ്ഞാട്ടു കെല്ലാറ വരെയും കെല്ലാറ മുതൽ വാടാംബാക്കവരെയുമുള്ള വഴി വാഹന ഗതാഗതയോഗ്യമാക്കുക.
14. കുരിശുപള്ളി ഗുരുമന്ദിരം റോഡ് വടക്കേമഠം ക്ഷേത്രംവരെയുള്ള വഴി ഓട്ടോറിക്ഷാ സഞ്ചരിക്കുന്ന വീതിയിൽ ശരിയാക്കുക.

## പാലങ്ങൾ

കണ്ണംകടുക്ക പാലം പണിയുക
കടത്തുകടവ് പാലം പണിയുക
പുത്തൻ തോടു പാലം സ്ളോപ്പാക്കുക
കുരിശുപള്ളി പാലം. സ്ളോപ്പാക്കുക

1. വാഴയ്ക്കൽ പാലം 2 എണ്ണം സ്ലോപ്പാക്കി ഗതാഗതയോഗ്യമാക്കുക.
2. ചിറക്കകത്തുവീടിനു തെക്കുവശം ഉള്ള പാലം സ്ളോപ്പാക്കുക.
3. കുരിശുപള്ളി (കിഴക്കേത്തലക്കൽ പള്ളി) മുതൽ വടക്കോട്ട് കാവാലം വരെയുള്ള വഴി ടാർ ഇടുകയും തോടിൻെറ സൈഡുകൾ കല്ലുകെട്ടുകയും ചെയ്യുക.

വരവണ്ടാർ പാലം.കരിയിൽ ജോയിച്ചൻെറ പറമ്പിലുള്ള പാലം. വാഴക്കൂട്ടത്തിൽ ചാക്കമ്മയുടെ പറമ്പിലുള്ള പാലം.,കളത്തിമുടേൻ പാലം .മാവേലി അന്തോനിച്ചൻെറ പുരയിടത്തിലുള്ള പാലം ,മാവേലി തൊമ്മച്ചൻെറ പുരയിടത്തിലുള്ള പാലം.,വടക്കേ മഠത്തിൽ പാലം

പാഴേക്കാട് പാലം ,കുറത്തപാലം,മാടാമ്പാക്കൽ പാലം, മാടാമ്പാക്കൽ വാച്ചാൽ പാലം. എന്നീ പാലങ്ങൾ തീർത്ത് പുളിങ്കുന്നു കുരിശുപള്ളിമുതൽ വടക്കോട്ട് കാവാലം വരെയുള്ള വഴി വാഹന ഗതാഗതയോഗ്യമാക്കുക.

പുളിംകുന്ന് കിഴക്കേത്തലയ്ക്കൽ കുരിശുപള്ളി മുതൽ വടക്കോട് കാവാലത്തേക്കു് ഉള്ള തോട് ഗതാഗത യോഗ്യമാക്കുക. അതിനായി തോടിൻെറ ആഴം കൂട്ടുക. ,തോടുകളുടെ ഇരു കരകളും കല്ലുകെട്ടി ബലപ്പെടുത്തുക.

എസ്. എൻ. ഡി. പി.ബ്രാഞ്ച് നമ്പർ 5. പാലം
മാളേക്കൽ ഭഗവതിക്ഷേത്രം പാലം
വടക്കേമഠത്തിൽ ഭഗവതിക്ഷേത്രംപാലം (തോണിപ്പറമ്പ്) ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി വരെയുള്ള വഴി ഗതാഗതയോഗ്യമാക്കുക. ഗതാഗതത്തിന് തടസമായി നിൽക്കുന്ന പാലങ്ങൾ താഴെപ്പറയുന്നു. പരുത്തിക്കൽ പാലം,പുളിംകുന്ന് പള്ളി പാലം. ആശുപത്രി പാലം എന്നിവ ഗതാഗതയോഗ്യമാക്കുക.

അക്രമ റോഡ് (അതിക്രമ റോഡ്) ഗതാഗതയോഗ്യമാക്കുകയും.റോഡ് ടാർ ഇടുകയും ആവശ്യമായ പാലങ്ങൾ നിർമ്മിക്കുകയും ചെയ്യുക.

പള്ളിക്കൂട്ടുമ്മ നീലം പേരൂർ റോഡിൻെറ ഇടക്കുള്ള പുളിംകുന്ന് ആറിൻെറ കുറുകെയുള്ള പാലം പണിതു ഗതാഗതയോഗ്യമാക്കണം.

പാലാഴിതോട്ടിൽ പുത്തൻ പറമ്പിൽ വീടിനു സമീപം സ്ളോപ്പുപാലം പണിയുക.

അക്രമ റോഡിൽ നിന്നും കിഴക്കേ വലിയ വീട് വസ്തുമുതൽ പടിഞ്ഞാറോട്ട് ചെന്ന് ചിറക്കകം പാടശേഖരത്തിൻെറ പടിഞ്ഞാറ് വടക്കുവശം വഴി വാഴച്ചിറ കലുങ്കുവരെ 1 കിലോമീറ്റർ നീളത്തിൽ ടാറിട്ട റോഡ് നിർമ്മിക്കുക. ഈറോഡിൻെറ

ഇടയ്ക്ക് ആവശ്യമായ പാലങ്ങൾ നിർമ്മിക്കുക.

## വാർഡ് 3

പുളിംകുന്ന് കാവാലം റോഡിൽ നിന്നും വെള്ളാറക്കൽ വീടിനു വടക്കുവശം വഴി മിൽക്ക് സൊസൈറ്റി ഉള്ള വഴി 150 മീറ്റർ നീളത്തിൽ ടാർ ഇട്ട് റോഡ് നിർമ്മിക്കുക.

മാളേമ്പുരക്കൻ പറമ്പ് വഴി പടിഞ്ഞാറോട്ട് വട്ടപ്പറമ്പ് മാത്തച്ചൻെറ വീടുവരെ വഴിനിർമ്മിക്കുക

പുളിംകുന്ന് കാവാലം റോഡിൽ നിന്നും വെള്ളാറയ്ക്കൽ സാറിൻെറ പുരയിടത്തിനു വടക്കുവശം വഴി കൊല്ലംപറമ്പ് അപ്പച്ചൻെറ കടവരെ വഴി ഗതാഗതയോഗ്യമാക്കുക. വെള്ളാറക്കൽ വഴിയിൽ സ്ലോപ്പു പാലം പണിയുക.

പുതുപ്പറമ്പ് മുതൽ മാരാട സ്കൂൾ വരെ 10 അടി വീതിയിൽ വഴി വികസിപ്പിച്ച് ടാറിട്ട് ഗതാഗതയോഗ്യമാക്കുക.

വെങ്കലോത്തു മുതൽ പടിഞ്ഞാറോട്ട് മാരാട സ്കൂൾ വരെ ഗതാഗതയോഗ്യമായ വഴി ടാർ ഇട്ട് ശരിയാക്കുക.

വളഞ്ചേരി മുതൽ കൊരട്ടി ജംഗ്ഷൻ വരെ വഴി ടാറിട്ട് ഗതാഗതയോഗ്യമാക്കുക.

പുളിംകുന്ന് കാവാലം റോഡിൽ നിന്നും കണ്ണാടി പോസ്റ്റാഫീസിൻെറ മുൻവശം വരെ വഴി ടാറിട്ട് ഗതാഗതയോഗ്യമാക്കുക.

പുത്തൻ തോടിന് തെക്ക് വശം, കിഴക്കു പടിഞ്ഞാറ് വഴി ടാറിട്ട് ഗതാഗതയോഗ്യമാക്കുക.

തറയിൽ കലുങ്കു മുതൽ പടിഞ്ഞാറ് കണ്ണാടി സൊസൈറ്റിവരെയുള്ള വഴി ടാറിട്ട് ഗതാഗതയോഗ്യമാക്കുക.

ജസ്സി സ്റ്റോഴ്സ് ജംഗ്ഷൻ മുതൽ വടക്കോട് പത്തുപാടം വീടുവരെ വഴി ടാറിട്ട് ഗതാഗതയോഗ്യമാക്കുക.

പാണാത്തേരി മുതൽ വടക്കോട്ട് കരണക്കുഴി, ലക്ഷം വീട് വഴി വികാസ് റോഡ് വരെ വഴി ടാറിട്ട് ഗതാഗതയോഗ്യമാക്കുക.

മാലിത്തറ കലുങ്കുമുതൽ പടിഞ്ഞാറ് മഠം വരെ റോഡ് നിർമ്മിക്കുക.

ബാലവാടി മുതൽ തറയിൽ കലുങ്കുവരെയും റോഡു നിർമ്മിക്കുക.

## വാർഡ് - 4

### വഴികൾ

1. പളിംകുന്ന് അങ്ങാടിയിൽ നിന്നും 4-ാം വാർഡിനെ വികാസ് റോഡുമായി ബന്ധിപ്പിക്കുന്ന മാളിയം പുരയ്ക്കൽ - മാലൂർ വഴിയിൽ മാലൂർ തോട്ടിലും കുഴിയടിതോട്ടിലും 4 ചക്രവാഹനങ്ങളിൽ സഞ്ചരിക്കുവാനാവശ്യമായ പാലംതീർക്കേണ്ടത് അത്യാവശ്യമാണ്. ഈ വഴിയിലെ തടസ്സങ്ങൾ നീക്കി സഞ്ചാരയോഗ്യമാക്കുക.
2. വികാസ് റോഡിൽ നിന്നും മാലൂർ വഴി മാളിയ്ക്കൽ വരെയുള്ള വഴി ടാറിടണം. മാളിയേം പുരയ്ക്കൽ -പള്ളിപാലം വരെയും ടാർഇടണം.
3. വികാസ് റോഡിൽ നിന്നും ശ്രീ നാരായണ സേവാ സംഘം വരെയുള്ള ഭാഗം വാഹന ഗതാഗതം സാദ്ധ്യമാക്കുക
4. വികാസ് റോഡിൽ നിന്നും മലയിൽ പുലിയം വഴി ചിറ്റേടംവരെ വാഹനഗതാഗതയോഗ്യമാക്കുക. ഈ വഴിയിൽ 2 പാലങ്ങൾ ആവശ്യമാണ്.
5. വികാസ് റോഡിൽ നിന്നും തോമഠം വഴി കണ്ണാടത്തിൽ മുൻ വശം വരെ റോഡ് നിർമ്മിക്കുക.
7. വലിയ മുപ്പതിൽ നിന്നും കൊല്ലമുട്ടം വലിയതറ പാക്കളിച്ചിറവഴി വെമ്പാടന്തറപാലം വരെയും -അവിടെനിന്ന് ചാത്തമ്പറമ്പ് - പാറശ്ശേരി വഴി - കൂട്ടുമ്മേൽവരെയും അവിടെ നിന്ന് 6-ാം വാർഡിലേക്ക് 4 ചക്രവാഹനങ്ങൾ കയറത്തക്ക പാലവും തീർക്കുക.
8. കൊല്ലമുട്ടത്തുനിന്ന് ഊടൽ കാഞ്ഞംകളം വഴി മുട്ടുങ്കൽ വരെയും അവിടെനിന്ന് അരയശ്ശേരിൽ ഒരു സ്ളോപ്പ് പാലം തീർത്ത് പഴയപറമ്പു വഴി അങ്ങാടിയുമായി ബന്ധിപ്പിക്കുക.
9. പഴയ പറമ്പു വീടിൻെറ പുറകുവശത്തുകൂടി കൊല്ലമുട്ടം കലുങ്കുവരെയുള്ള വഴി 4 ചക്ര വാഹനങ്ങൾ പോകത്തക്കവിധം ആക്കിത്തീർക്കുക.

10 പഴയ പറമ്പുമുതൽ അരയേശ്ശേരി തേവലക്കാട്ടു വഴി ഗവൺമെൻറ് സ്കൂൾ വരെ ഓട്ടോ റോഡാക്കി മാറ്റുക.

മാളിയം പുരക്കൽ പാലം, മാലൂർ പാലം, കുഴിയാടി പാലം, പാറശ്ശേരി പാലം, കപ്പാമൂട്ടിൽ പാലം മുതലായവ സ്ലോപ്പു പാലങ്ങളാക്കി പണിയുക.

## വാർഡ് 5

1. ഗ്രാമീണ റോഡ് വെമ്പാടന്തറ മുതൽ കാനാച്ചേരി മുട്ടു വഴി വാകാസ് റോഡ്
2. വികാസ് റോഡിൽ അരിക്കുടിജംഗ്ഷൻ മുതൽ തുണ്ടിയിൽ പുരയിടത്തിനു തെക്കുവശത്തുകൂടി കായൽ പുറം, പുത്തൻ തുരുത്ത്, എസ്. എൻ. ഡി. പി. സ്മശാനം വഴി പഞ്ചായത്ത് വക പൊതു ശ്മശാനത്തിലെത്തുക.
3. നടുവിലേടം പുരയിടം മുതൽ കായൽ പുറം ജംഗ്ഷൻ വഴി നാട്ടു തോടുസൈഡി കായൽ പുറം പള്ളിവരെ.
4. വികാസ് റോഡിൽ നിന്നും 155 - ാം നമ്പർ എസ്. എൻ. ഡി. പി. യ്ക്കു വടക്കു വശത്തുകൂടി പടിഞ്ഞാറോട്ടു പഴേപറമ്പു പുരയിടം വഴി കായൽ പുറം പൗവ്വത്തു കാടു പാടശേഖരത്തിൻെറ കിഴക്കു വശത്തു വന്നു നിൽക്കുന്നറോഡ്
5. തുണ്ടിയിൽ പുരയിടത്തിൽ നിന്നും തെക്കേ അറ്റം ലക്ഷം വീടു കോളനി വഴി കിഴക്കോട്ടു 10 ൽ മണലയിൽ വിത്തു വട്ടിക്കൽ പുരയിടം വഴിവികാസ് റോഡിൽ എത്തുന്നു.റോഡ് പൂർത്തീകരിക്കുക.
6. അത്തിമൂട്ടിൽ പുരയിടത്തിനു കിഴക്കുവശത്തുകൂടി വടക്കോട്ടു വേലികെട്ടിൽ, പണിക്കരുപറമ്പിൽ പുന്നശ്ശേരി വക, മോഴൂർ നാലുപറ പുരയിടം വഴി പൂവത്തുശ്ശേരി പാലം വരെ. റോഡ് പൂർത്തീകരിക്കണം.

## നടപ്പാതകൾ

1. കളത്തിപറമ്പിൽ മുതൽ മുണ്ടുചാലുവരെ
2. പൂവത്തുശ്ശേരി പാലം മുതൽ എസ്. എൻ. ഡി. പി. വരെ
3. തെക്കേയറ്റം ലക്ഷം വീടു കോളനി ജംഗ്ഷനിൽ നിന്നും പടിഞ്ഞാറോട്ടു കായൽ പുറം ജംഗംഷൻ വരെ.
4. ശ്രീമൂലം കായലിൻെറ കിഴക്കേ ബണ്ടിൽ തെക്കേ അറ്റം മുതൽ മണ്ണം കുളത്തറ പുരയിടംവരെ ഗ്രാവൽ ഇട്ടു വീതിയിൽ റോഡു നിർമ്മിക്കുക.
5. വെമ്പാടന്തറ ജംഗ്ഷൻ മുതൽ തെക്കോട്ടുകാളകണ്ടം ചിറചെല്ലപ്പൻെറ വീടുവരെ 2 മീറ്റർ വീതി ഗ്രാവൽ റോഡ്
6. അട്ടിയിൽ കുളിക്കടവു മുതൽ പടിഞ്ഞാറോട്ടു മണ്ണിശേരി പുരയിടം വരെ 2 മീറ്റർ വീതിയിൽഗ്രാവൽ റോഡ്
7. തുണ്ടിയിൽ പുരയിടത്തിൽ നിന്നും വടക്കോട്ടു പുത്തൻ പറമ്പു പുരയിടം വഴി വികാസ്റോഡിൽ എത്തുക.

പി.ഡബ്ളിയൂ. ഡി. റോഡ് പുളിംകുന്നു പോലീസ് സർക്കിൾ ഓഫീസിന് എതിർവശം വികാസ് റോഡ് മുതൽ 40ൽ ചിറ വരെ.

## അഞ്ചാം വാർഡിൽ വേണ്ട പാലങ്ങൾ

1 ശ്രീമൂലത്തിലേക്ക് - കായൽ പുറംപള്ളി പുരയിടത്തിൽ നിന്ന് സ്ളോപ്പു പാലം.
2. പരുവപ്പറമ്പിൽ പാലം
3. എട്ടിൽ പാലം -
4. പൂവത്തുശ്ശേരി പാലം
5. പുളിയ്ക്കൽ പാലം
6. ചാവുരുത്തി പാലം
7. കരുക്കാവിൽ പാലം
8. വെമ്പാടന്തറ പാലം
9. പൂണിത്തുറ പാലം
10. പാറശ്ശേരി പാലം
11. പരുത്തിയ്ക്കൽ പാലം
12. പത്തിൽ പാലം
13. കായൽ പ്പുറം ജംഗംഷനിലെ 5-ാം വാർഡിലോട്ടുള്ള പാലം സ്ളോപ്പു പാലം ആക്കുക.

## കലുങ്കുകൾ

1. കാളകണ്ടം ചിറ പ്രഭൻെറ പുരയിടത്തിൽ നിന്നും കൃഷ്ണൻകുട്ടിയുടെ പുരയിടത്തിലേയ്ക്ക്
2. വെമ്പാടന്തറ പുരയിടത്തിൽ
3. മോഴൂർ നാലുപറ പുരയിടത്തിൽ (മുണ്ടുചാൽ പാട ശേഖരം)
4. മുത്തുണ്ണി പുരയിടത്തിൽ
5. നീലര പേരി പുരയിടത്തിൽ
6. എട്ടിൽ പാടത്തിന്
7. പറപ്പള്ളി പീലിച്ചൻെറ പുരയിടത്തിൽ
8. കുംഭം വേലി പുരയിടത്തിൽ.

## വാർഡ് 6

## ഗതാഗതം

1. ഇപ്പോൾ ഓട്ടോറിക്ഷാ ഓടിക്കൊണ്ടിരിക്കുന്ന തൈത്തറ - ഹൈസ്ക്കൂൾ വലിയ പള്ളി വഴി കാൽപുറം സൊസൈറ്റിവരെയുള്ള റോഡ് സഞ്ചാരയോഗ്യമാക്കണം. പൊതു തോടിൻെറ ഇരു കരകളിലും കല്ലുകെട്ടി വൃക്ഷ ലതാതികൾ നീക്കം ചെയ്ത് റോഡുകൾക്ക് വീതിയുണ്ടാക്കി ഗതാഗത സൗകര്യം വർദ്ധിപ്പിക്കുക.
2. വെമ്പാടം തറ കടവുമുതൽ ഇലയ്ക്കാട് വരെയുള്ള വഴിയിൽ ഒറ്റപുരയ്ക്കൽ മുട്ട്, പോളയിൽ തെക്കേടം മുട്ട് എന്നിവ ഉൾപ്പെടെയുള്ള വഴി വാഹന ഗതാഗതയോഗ്യമാക്കുക.
3. മാത്തൂർ കളരി മുതൽ 26-ൽ അന്തോനിച്ചൻെറ വീടുവരെയുള്ള വഴി (ബാലവാടി മുട്ട് ) ഉൾപ്പെടെ വാഹന ഗതാഗതയോഗ്യമാക്കുക.
4. കൂവക്കാട് മുതൽ ഗുരുമന്ദിരം വരെയുള്ള വഴി വാഹന ഗതാഗതയോഗ്യമാക്കുക.
5. അറയ്ക്കൽ മുതൽ പാടത്തിൽച്ചിറയിൽക്കൂടി വാഴപ്പറമ്പുവരെയുള്ള വഴി വാഹന ഗതാഗതയോഗ്യമാക്കുക.
6. പഴയ പറമ്പുമുതൽ പുത്തൻ പുര കോളനി വരെ
7. വില്ലേജ് ആഫീസുമുതൽ കുമ്പളംച്ചിറവരെ
8. സെൻറ്ജോസഫ് സ്കൂളിൻെറ പിറകിൽ കൂടി (പടിഞ്ഞാറുവശം) പൂണിത്തുറവരെ
9. താലൂക്ക് ആശുപത്രിമുതൽ മുണ്ടപ്പള്ളിവരെയുള്ള വഴി (തോടിൻെറ ഇരുവശങ്ങളും) റോഡു നിർമ്മിക്കണം.
10. താലൂക്ക് ആശുപത്രിമുതൽ പൊട്ടുമുപ്പതുവരെയുള്ള വഴി
11. ഇലയ്ക്കാട് മുതൽ തേവലപ്പുറം വരെ വഴി
12. മാംമ്പൂത്തറ മുതൽ അമ്പഴപ്പള്ളിവരെയുള്ള വഴി (മുട്ടുൾപ്പെടെ) (റോഡുനിർമ്മിക്കുക)

## പാലങ്ങൾ

1. ഗുരുമന്ദിരത്തിൻെറ മുൻ വശത്തുള്ള പുതിയ പാലം പണിയുക.
2. പുന്നൂർ, 26- ൽ അന്തോനിച്ചൻെറ പുരയിടത്തിലേക്കുള്ള പാലം
3. എട്ടുകെട്ടിൽ പാലം
4. ഇലക്കാട് തേവലപറമ്പ് പാലം
5. കായൽ പുറം മാങ്ങായിൽ പാലം അടിയന്തിരമായി സ്ളോപ്പ് ചെയ്യുക.
6. പുളിംകുന്ന് റ്റി. എച്ച്. ക്യൂ. ആശുപത്രിപാലം സ്ളോപ്പ് ആക്കുക.
7. പൊട്ടുമുപ്പതിൽ ഹരിദാസിൻെറ വീടിന് സമീപം.
8. ഒറ്റപ്പുരയ്ൽ മത്തായിച്ചൻെറ വീടിന് മുമ്പിലുള്ള പാലം ഇവ എത്രയും പെട്ടന്ന് നടപ്പിലാക്കുക.

## ഗതാഗതം വാർഡ് 7

### റോഡുകൾ

1. തുറവശ്ശേരി മുതൽ കായൽപ്പുറം പള്ളി വരെയുള്ള റോഡ്
2. പുളിങ്കുന്നു ഹോസ്പിറ്റൽ മുതൽ പാറശ്ശേരി ലക്ഷം വീടു കോളനിവരെയുള്ള പഞ്ചായത്ത് റോഡിൻെറ പണിയ

5. തൈത്തറ പാലം മുതൽ എൽ. പി. സ്കൂൾ വഴി കായൽ പുറം പള്ളി വരെയുള്ള റോഡ്
6. വയലാറ്റ് കോളനി മുതൽ പാറശ്ശേരി ലക്ഷം വീട് കോളനിവരെയുള്ളറോഡ്
7. കണിയാം പറമ്പുമുതൽ കൊച്ചു പറമ്പുവരെയുള്ള ഗ്രാമീണ റോഡ്
8. കുടുനിലം മുതൽ പടിഞ്ഞാറോട്ട് രാമശേരി വരെയുള്ള ഗ്രാമീണ റോഡ്
9. പത്തിൽ പാലം മുതൽ പൂതുക്കളം വരെയുള്ള ഗ്രാമീണറോഡിൻെറ പണി
10. കുന്നത്തുശേരി പാലം മുതൽ നെന്മണിച്ചിറ വരെയുള്ളനടപ്പാത
11. 9-ൽ ചിറ മുതൽ 46-ൽ ചിറവരെയുള്ള നടപ്പാത
12. കുന്നത്തുശേരി മുതൽ തെക്കോട്ട് അഞ്ചങ്ങാടി ജംഗ്ഷൻ വരെയുള്ള ഗ്രാമീണരോഡ്
13. കോയിപ്പള്ളി പഞ്ചായത്തുകടവ് മുതൽ കണ്ണംകുളം വരെയുള്ള നടവഴി
14. തുറവശ്ശേരി മുതൽ തൈപറമ്പ് പാലം വരെ തോടിൻെറ തെക്കു വശം ഗ്രാമീണ റോഡ്
15. ചിറയിൽ പാലം മുതൽ പടിഞ്ഞാറോട്ട് തൈപറമ്പിൽ പാലം വരെ ഗ്രാമീണ റോഡ്
16. പുത്തൻ ചിറ പാലം മുതൽ തെക്കോട്ട് മുട്ടുങ്കൽ പുരയിടം വരെ നടവഴി.
17. വിരുത്തി പാലം മുതൽ തെക്കോട്ട് ഹരിജൻ വീട് വരെ
18. ഒന്നര ബേബിയുടെ വീടിനു വടക്കുവശം മുതൽ പടിഞ്ഞാറോട്ട് വന്ന് തെക്കോട്ട് മൂലേപ്പറമ്പിൽ വരെയുള്ള നടവഴി
19. തുണ്ടിയിൽ പാലം മുതൽ പടിഞ്ഞാറോട്ട് പുതിയ വീട് വരെയുള്ളനടവഴി.
20. 90- ൽ ചിറമുതൽ പടിഞ്ഞാറോട്ട് വേമ്പുംതാനം പാലം വരെയുള്ള നടവഴി.
21. മേച്ചേരിപ്പാട്ട് മുതൽ മൂലേത്ര പടിഞ്ഞാറുവശംകൂടി തെക്കോട്ടുവന്ന് കിഴക്ക് മൂലേത്രവരെയുള്ള നടവഴി

## റോഡുകളുടെ (അറ്റകുറ്റപണികൾ ചെയ്യേണ്ടവയും പുനർ നിർമ്മാണം നടത്തേണ്ടവയും)

1. പി. ഡബ്ളിയൂ. ഡി. യിൽ ഉൾപ്പെടുത്തിയിരിക്കുന്ന, ചതുർത്ഥ്യാകരി പുളിങ്കുന്നു ഹോസ്പിറ്റൽ, തുറവശേരി കായൽപ്പുറം പള്ളി, പുത്തൻ തുരുത്തു വഴി, കുന്നുമ്മ റോഡിൻെറ പണി എത്രയും പെട്ടെന്ന് ആരംഭിക്കുക.
2. ഹോസ്പിററൽ, പാറശ്ശേരി ലക്ഷം വീട് കോളനി, പഞ്ചായത്ത് റോഡിൻെറ പണി
3. തൈത്തറ പാലം മുതൽ കായൽപ്പുറം എൽ. പി. സ്കൂൾ വഴി കായൽപ്പുറംപള്ളി വരെയുള്ള റോഡ്
4. മങ്കൊമ്പ് അമ്പലം മുതൽ തുറവശ്ശേരി ആക്കാത്തറ വഴി കായൽപ്പുറം പള്ളി വരെയുള്ള റോഡ്
5. വൈലാറ്റ് കോളനി മുതൽ പാറശ്ശേരി ലക്ഷം വീട് കോളനി വരെയുള്ള രോഡ്
6. തുറവശ്ശേരി മാലിശ്ശേരി പുരയിടം മുതൽ കൊല്ലൂർ തൈപറമ്പ് 5-ൽ മുതൽ കിഴക്കോട്ട് 90 ഉം ചിര വഴി വികാസ് മാർഗ്ഗ് വരെ.

## 7-ാം വാർഡിലെ പാലങ്ങൾ പുതുക്കി പണിയേണ്ടവ

1. തുറവശ്ശേരി പാലം
2. മൂലേപ്പറമ്പിൽ പാലം
3. കുന്നത്തുശ്ശേരി പാലം
4. പുത്തൻ ചിറ പാലം
5. കിഴങ്ങാട് പാലം
6. പത്തിൽ പാലം
7. മഠത്തിൽ പാലം
8. കൊച്ചു പറമ്പിൽ പാലം
9. ചിറയിൽ, മോഴൂർ പാലം
10. തൈപ്പറമ്പിൽ പാലം
11. വിരുത്തി പാലം
12. പാറശ്ശേരി ലക്ഷം വീട് മുപ്പതിൽ പാലം
13. തൈത്തറ പാലം

## വാർഡ് - 8

1. വികാസ് റോഡിൽ കണിയാൻ മുറ്റം മുതൽ അമ്പലം വഴി മങ്കൊമ്പ് ചന്തവരെ ടാറിട്ട റോഡും എട്ടും ഒമ്പതും വാർഡുകളെ ബന്ധിപ്പിക്കുന്നതിന് സ്ളോപ്പു പാലവും
2. അമ്പലം റോഡിൽ നിന്നും അറയ്ക്കപ്പറമ്പുവരെ നടവഴി
3. വികാസ് റോഡിൽ നിന്നും കണ്ടത്തിൽ കൂടി പണിക്കരോട് പുരയിടം ബന്ധിപ്പിച്ചുകൊണ്ട് അറുപതിൽ ചിറ കോളനിയിൽക്കൂടി പുളിംകുന്ന് താലൂക്ക് ആശുപത്രിയിലേക്ക് റോഡ്
4. മുത്തൂറ്റുവാക്കൽ ക്ഷേത്രത്തിൽ നിന്നും സ്റ്റേറ്റ് ബാങ്ക് കളത്തുവേലി തുടങ്ങിയടത്തുകൂടി ചാവടി മൂലവരെയുള്ള നടവഴി.
5. കൊച്ചാലും മൂട്ടിൽ നിന്നും തോടിന്റെ പടിഞ്ഞാറു വശത്തുകൂടി വികാസ് റോഡിൽ നിന്നും ചതുർത്ഥ്യാകരിക്കുള്ള റോഡിൽ യോജിക്കത്തക്കവിധം ഒരു നടവഴി.
6. വികാസ് റോഡിൽ ബ്ലോക്ക് കടവിൽ നിന്നും ആറ്റു തീരത്തുകൂടി മങ്കൊമ്പ് ചന്തയിലേക്കുള്ള നടവഴി.
7. വികാസ് റോഡിൽ ബ്ലോക്ക് കടവിൽ നിന്നും ആറ്റു തീരത്തുകൂടി മങ്കൊമ്പ് ചന്തയിലേക്കുള്ള നടവഴി
8. മങ്കൊമ്പ് ക്ഷേത്രത്തിന്റെ കിഴക്കേ നടയിൽ നിന്നും കുളങ്ങര ഇല്ലം വഴി വേളൂരിലൂടെ പുത്തൻ പുരയ്ക്കൽ പാലം വരെ ഗ്രാമീണ റോഡ്
9. മംഗലപ്പള്ളിയിൽ നിന്നും 25-ൽ ചിറ വഴിയിൽ മുട്ടത്തക്ക വിധം ഗ്രാമീണ റോഡ്
10. അമ്പലം റോഡിൽ കാർത്തിക മുതൽ ആനവാൽ മഠത്തിലൂടെ അരങ്ങത്ത്വരെയുള്ള നടവഴി.
11. കൊല്ലമ്പ്രാമൂട്ടിൽ നിന്നും കിഴക്കോട്ട് വികാസ് റോഡിൽ മുട്ടത്തക്കവിധം ഒരു റോഡ്
12. പടിഞ്ഞാറെക്കുറ്റുമുതൽ ഈരേത്രവഴി അടുവും പുറം വരെ നടവഴി
13. വികാസ് റോഡിൽ ബ്ലോക്ക് കടവുമുതൽ അറുപതിൽ ചിറ കോളനിവരെ ആറ്റുതീരം കല്ലു കെട്ടുകയും നടവഴി നിർമ്മിക്കുകയും ചെയ്യുക.
14. കോന്ത്യാട മുതൽ പൂത്തേഴത്ത് മുട്ടുവരെയുള്ള വഴിയും കൽക്കെട്ടും.
15. അമ്പലം മുതൽ പുത്തൻ പുരയിൽ പാലം വരെ നടവഴിയും കല്ലുകെട്ടും, പാലങ്ങളും.
16. അമ്പലം റോഡിൽ വട്ടച്ചിറ മുട്ടുമുതൽ നാല്പ്പതാം കളം വരെയുള്ള നടവഴി.
17. വികാസ്റോഡിൽ പുതിയ വീടുമുതൽ മുപ്പതിൽ മുട്ടുവരെ നടവഴി
18. അമ്പലം റോഡിൽ സമൂഹം മുതൽ തെക്കേ ആറ്റുതീരം വരെ ഗ്രാമീണ റോഡ്
19. ആറാട്ടുവഴി ഗ്രാമീണ റോഡാക്കുക
20. അമൃതവിലാസ് നടപ്പാലവും അവിടെ നിന്നും കായൽപ്പുറം വരെയുള്ള നടപ്പാതയും കൽക്കെട്ടും
21. വികാസ് റോഡിൽ പുലിപ്രമുതൽ മുത്തുറ്റുവാക്കൽ അമ്പലം വരെയുള്ള നടവഴി
22. ശവ 25ൽ ചിറ റോഡിൽ നിന്നും മുപ്പത്തിയഞ്ചിൽച്ചിറ വരെ നടപ്പാത
23. പ്ലാമ്മൂട് മുതൽ കൊട്ടാരത്തിൽചിറവഴി മഠത്തിൽചിറവരെ നടവഴി
24. തൈപ്പറമ്പ് മുതൽ കോട്ടയിലൂടെ ആറ്റുപുറം വരെ നടവഴി
25. കോന്ത്യാട മുതൽ വടക്കോട്ടുള്ള തോട് വശങ്ങളിൽ കല്ലുകെട്ടുക
26. പൊറ്റം പറമ്പുമുതൽ കണ്ടച്ചാടവരെയുള്ള തോട് ആഴം കൂട്ടി ഗതാഗതയോഗ്യമാക്കുക.
27. കാക്കളം മുതൽ യമുനാഭവൻ വരെയുള്ള കുളങ്ങര ഇല്ലം തോട് കല്ലുകെട്ടി ആഴം വർദ്ധിപ്പിക്കുക.
28. മല്ലിശ്ശേരി മുതൽ ഭദ്രാഞ്ജലിവരെയുള്ള തോട് ആഴംകൂട്ടി ഗതാഗതയോഗ്യമാക്കുക.
30. മല്ലിശ്ശേരി മുതൽ കിഴക്കോട്ട് നാല്പതാം കളം വഴി വട്ടച്ചിറ മുട്ടുവരെയുള്ള തോട് ആഴംകുട്ടി ഗതാഗതയോഗ്യമാക്കുക.

## വാർഡ് - 9

1. ആറ്റുപുറം മുതൽ അയ്യനാട്ടു മുട്ടുവരെയുള്ള നടവഴി സഞ്ചാരിയോഗ്യമാക്കുക. സ്കൂൾ പാലം സ്ളോപ്പ് പാലം ആക്കുക.
2. മങ്കൊമ്പു ചന്തമുതൽ ചതുർത്ഥ്യാകരി വികാസ് മാർഗ് റോഡുവരെ ആറ്റുതീരം വഴി റോഡു ഗ്രാവലിട്ടു ബലപ്പെടുത്തുക.
3 മങ്കൊമ്പു ജെട്ടി മുതൽ ഇളവം പാക്കച്ചിറവഴി സ്ക്കൂൾ വരെ ഗ്രാമീണ റോഡ് നിർമ്മിക്കുക.
4 40-ൽ വടക്കേ കൊട്ടാരം വഴി ഇപ്പോൾ പണിതീർത്ത ഒറ്റത്തെങ്ങിൽ നിന്ന് ചിറത്തറവഴി ഗ്രാമീണ റോഡ് പണിയുക.
5 മണപ്പള്ളി മുതൽ ഒറ്റതെങ്ങുവരെ ഗ്രാമീണ റോഡ് പണിയുക.
6 കണ്ടീത്ര വീടുമുതൽ തോട്ടുവാത്തല തെക്കോട്ട് SNDP വഴി ഇടയാടി പള്ളിവരെ ഗ്രാമീണ റോഡ് പണിയുക.
7 ചാക്കമ്മയുടെ വീടുമുതൽ ഗോവിന്ദസദനം വരെ നടപ്പാത ശരിയാക്കുക.
8 30-ൽ ചിറവഴി കൊട്ടാരത്തിൽ ചിറയിലൂടെ ഇടയാടി പള്ളിവരെ ഗ്രാമീണറോഡ് പണിയുക.
9 അമ്പലപ്പാലം വാഹന ഗതാഗത യോഗ്യമാക്കുക.
10 ആറുപറപാലം വാഹന ഗതാഗത യോഗ്യമാക്കുക.

## വാർഡ് - 10

1 ചതുർത്ഥ്യാകരി ആറ്റരികലൂടെ വേണാട്ട് കാട് പാടശേഖരത്തിന് ചുറ്റും അടിയന്തിരമായി ഒരു ഗ്രാമീണ റോഡ് നിർമ്മിച്ച് ഓട്ടോ സർവ്വീസ് സംവിധാനം ഏർപ്പെടുത്തുക.
2 അയ്യനാട് മുട്ടിൽ നിന്നും 4 ചിറയിലേക്ക് ട്രാക്ടർ റോഡ് നിർമ്മിക്കുക.
3 ആർ ബ്ലോക്കിലേയ്ക്ക് സി ബ്ലോക്കിൽ നിന്നുമുള്ള തോട് തുറക്കുക.

## പാലങ്ങൾ

1. വേണാട്ട് കാട് മഠത്തികായൽ തോട്ടിൽ കിഴക്കും, പട്ഞ്ഞാറും പാലങ്ങൾ പണിയുക.
2 നാലുചിറ തോട് പാലം
3 തേവാരി പാലം
4 കീഴക്കരി തോടുപാലം
5 നാലായിരത്തിൻെറ കിഴക്കും, പടിഞ്ഞാറും ഓരോ പാലം പണിയുക.
6 മുട്ടുകൾ മുഴുവനും കലുങ്കുകളാക്കി മാറ്റുക.

## വാർഡ് - 11

1 വളഞ്ചേരി മുതൽ പാലാത്തറവരെ റോഡ്.
2 കമ്പനിപ്പീടിക മുതൽ പത്തിൽ ജംഗ്ഷൻ വരെ.
3 കാരക്കശ്ശേരി മുതൽ പന്ത്രണ്ടിൽ കടവരെ.
4 പത്തിൽ ജംഗ്ഷൻ മുതൽ പുത്തൻതുരുത്തുവരെ.
5 മണ്ണും കരത്തറ മുതൽ വളഞ്ചേരിവരെ.
6 ഏഴര മുതൽ വികാസ് മാർഗ്ഗ് റോഡ് വരെ.
7 കാനാച്ചേരി കടമുതൽ പുളിക്കൽ പാലം വരെ.
8 പൊക്കത്തിൽ മുതൽ വികാസ് മാർഗ്ഗ് റോഡുവരെ
9 തൊണ്ണൂറും ചിറമുതൽ മൂലയിൽ JN. വരെ
10 കുമരച്ചേരി മുതൽ വരാപ്പള്ളിത്തറവരെ.
11 കാരക്കശ്ശേരിമുതൽ കൊച്ചിടയാടിവരെ.
12 തയ്യിൽ ജംഗ്ഷൻ മുതൽ പൂവത്തുംകളം വരെ.

## പാലങ്ങൾ

മൂലയിൽപ്പാലം, മുപ്പതിൻചിറപാലം, പുളിക്കൽ പാലം, കലുങ്ക്, ഞാറുകാലം കലുങ്ക്, കമ്പനിപ്പീടിക കലുങ്ക്, പന്ത്രണ്ടിൽ കലുങ്ക്, കുമരഞ്ചേരി കലുങ്ക് എന്നിവ അടിയന്തിരമായി പണിത് യത്രാക്ലേശം പരിഹരിക്കുക.,



# വിദ്യാഭ്യാസം

പുളിങ്കുന്നിലെ ജനങ്ങൾ ആദ്യകാലത്ത് ആശാൻ പള്ളിക്കുടങ്ങളിൽ നിന്ന് വിദ്യ ആഭ്യസിച്ചുപോന്നു. പനയോലകളിൽ ആണ് ആദ്യാക്ഷരങ്ങൾ എഴുതി പഠിച്ചത്. കാലം മാറിയതനുസരിച്ച് വിദ്യാഭ്യാസ രീതിയ്ക്ക് മാറ്റം വന്നു. വിദ്യാലയങ്ങളിൽ ഈഴവർക്കും ക്രിസ്ത്യാനികൾക്കും മാത്രം പ്രവേശനം ലഭിച്ചിരുന്ന അക്കാലത്ത് നായർ വിഭാഗത്തിൽപ്പെട്ടകുട്ടികൾ ഉച്ചഭക്ഷണത്തിന് സ്കൂളിൽ നിന്നും എത്തിയാൽ മുറ്റത്തിരുത്തി ഭക്ഷണം നൽകുകയും വൈകുന്നേരം സ്കൂൾ വിട്ടുവന്നാൽ മുങ്ങിക്കുളിച്ചതിനുശേഷം മാത്രമേ അകത്ത് പ്രവേശിപ്പിച്ചിരുന്നു. മങ്കൊമ്പു മണപ്പള്ളിയിൽ ചേരമർക്കായി പ്രത്യേകം ഒരു പള്ളിക്കൂടം മുടപ്ലാവിൽ കൃഷ്ണപണിക്കർ മാനേജരായി പ്രവർത്തിച്ചിരുന്നു. പൊതു വിദ്യാഭ്യാസ സമ്പ്രദായത്തിന് തുടക്കം കുറിച്ചത് രാജ്യത്ത് നടന്നുവന്ന ദേശീയ പ്രസ്ഥാനങ്ങളുടെയും സാമൂഹ്യ പരിഷ്കരണങ്ങളുടെയും മാറ്റമായി എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും പള്ളിക്കൂടങ്ങളിൽ പ്രവേശനം ലഭിച്ചു.

വിദ്യാഭ്യാസരംഗത്ത് ഒരു നൂറ്റാണ്ടിൻെറ പാരമ്പര്യം നമ്മുടെ പഞ്ചായത്തിന് അവകാശപ്പെടാനുണ്ട്. 1898 - ൽ സ്ഥാപിതമായ സെൻറ് ജോസഫ് സ്കൂളാണ് പുളിങ്കുന്നിലെ ആദ്യത്തെ സ്കൂൾ. നമ്മുടെ പഞ്ചായത്തിൽ വിദ്യാഭ്യാസ മേഖലകളിൽ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഒട്ടേറെ പോരായ്മകൾ നേരിടുന്നു. പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളിൽ ആശാൻ പള്ളിക്കൂടങ്ങളിൽ പിഞ്ചുകുട്ടികൾക്ക് അക്ഷരങ്ങൾ പകർന്നു കൊടുക്കുന്നു. ഇവർക്ക് പഞ്ചായത്തിൽ നിന്നും ഗ്രാൻറും നൽകിവരുന്നുണ്ട്.

### 1 സെൻറ് ജോസഫ് സ്കൂൾ പുളിങ്കുന്ന്

ബഹു: ഉലക്കപ്പാടി അച്ചൻെറ ശ്രമഫലമായി അനുവദിയ്ക്കപ്പെട്ടസ്കൂൾ ഇടവക പള്ളിയുടെ നെൽ പുരയിലാണ് പ്രവർത്തനം ആരംഭിച്ചത്. ബഹു: കള ത്തിൽ അപ്രേം അച്ചൻെറ സാരഥ്യത്തിൽ സി. എം. ഐ. സഭയുടെ നേതൃത്വത്തിലാണ് തുടക്കം. പ്രശസ്തരായ എത്രയോ മഹാരഥന്മാർ ഈ വിദ്യാലയത്തിൻെറ സന്തതികളാണ്. ഷെവലിയാർ ഐ.

കുട്ടനാട്, എം. എൽ. എ, ഡോ. കെ. സി. ജോസഫ്, ഡോക്ടർ ജോസഫ് തോമസ് Phd എന്നിവർ ആയിരങ്ങളിൽ ചിലർ മാത്രം.

## 2. കായൽ പുറം സെൻറ് ജോസഫ്സ് യു. പി. സ്കൂൾ.

1914 – ൽ ബഹു ജോസഫ് വാഴയിലച്ചൻ സ്ഥാപിച്ചു. ക്ലാരസഭയിലെ സഹോദരികളുടെ നേതൃത്വത്തിൽ നടത്തപ്പെട്ട സ്കൂൾ, കായൽപുറം പ്രദേശത്തെയും മറ്റു സമീപ പ്രദേശത്തെയും കർഷകർക്കും കർഷക തൊഴിലാളികൾക്കും ഒരനുഗ്രഹമായിരുന്നു. 1964 – ൽ സെൻറ് ജോസഫ് യു. പി. സ്കൂളായി ഉയർത്തപ്പെട്ടു. പഞ്ചായത്തിലെ ഉന്നത നിലവാരം പുലർത്തുന്ന പ്രശസ്തമായ സ്കൂളാണ് ഇത്.

## 3. ലിറ്റിൽ ഫ്ളവർ ഗേൾസ് ഹൈസ്ക്കൂൾ

പെൺകുട്ടികൾക്ക് വേണ്ടിമാത്രമുള്ള കുട്ടനാട്ടിലെ ആദ്യത്തെ സ്കൂൾ. 1927 – ൽ മോൺസിഞ്ഞോർ സക്കറിയാസ് വാച്ചാപറമ്പിൽ ആണ് ഈ സ്കൂളിൻെറ സ്ഥാപകൻ. മാളേയ്ക്കൽ ചെറിയാച്ചൻെറ സ്ഥലത്താണ് സ്കൂൾ ആരംഭിച്ചത്. ജില്ലയിലെ ഏറ്റവും ശ്രേഷ്ഠമായ സ്കൂളാണ്.

## 4. അമലോത്ഭവ എൽ. പി. സ്കൂൾ.

1895 – ൽ പ്രവർത്തനം ആരംഭിച്ചു. പഞ്ചായത്തിലെ ഉന്നത നിലവാരം പുലർത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലൊന്നാണിത്. സിസ്റ്റർ മേരി കത്രീനയുടെ മേൽനോട്ടത്തിലാണ് സ്കൂൾ പ്രവർത്തിക്കുന്നത്.

## 5. അവിട്ടം തിരുനാൾ ഹൈസ്ക്കൂൾ മങ്കൊമ്പ്

1941 – ൽ കൊട്ടാരം മഠം എം. കെ. അനന്തശിവ അയ്യർ സ്ഥാപിച്ച ഈ സ്കൂൾ ആദ്യകാലത്ത് ഇംഗ്ലീഷ് സ്കൂൾ എന്നറിയപ്പെട്ടിരുന്നു. അദ്ധ്യാപക പരിശീലന കേന്ദ്രവും ഈ സ്കൂളിനോടനുബന്ധിച്ചുണ്ടായിരുന്നതാണ്. രണ്ടര ദശകം മുമ്പ്വരെ മാനേജ്മെൻറിൻെറ കീഴിലായിരുന്ന ഈ സ്കൂൾ സർക്കാർ ഏറ്റെടുത്തതിനുശേഷം വൊക്കേഷണൽ ഹയർ സെക്കണ്ടറി ആയി ഉയർത്തപ്പെട്ടു. പല പ്രശസ്തരായ വ്യക്തികളും ഈ വിദ്യാലയത്തിലൂടെ കടന്നുപോയിട്ടുണ്ട്. പി. കെ. ശിവാനന്ദൻ I. A. S., ഡോ. എം. എസ്. സ്വാമിനാഥൻ തുടങ്ങിയ പലരും.

## 6. എസ്. എച്ച്. യു. പി. സ്കൂൾ, കണ്ണാടി

കണ്ണാടി കേന്ദ്രമായി പ്രവർത്തിച്ചിരുന്ന സി. വൈ.എം.എ. യുടെ ശ്രമഫലമായി റവ. ഫാ. കോശി മമ്പലം BA.LT മാനേജരായി 1932 -ൽ എസ്. എച്ച്. യു. പി. സ്കൂൾ സ്ഥാപിതമായി. ക്ലാര മഠത്തിലെ റവ. സിസ്റ്റർ. കൊച്ചു ത്രേസ്യയുടെ മേൽ നോട്ടത്തിൽ ആരംഭിച്ച ഈ സ്കൂൾ 1960 – ൽ യു. പി. എസ്. ആയി ഉയർത്തപ്പെട്ടു.

## 7. കണ്ണാടി ഗവ. എൽ. പി. സ്കൂൾ

നൂറു വർഷങ്ങൾക്കുമുമ്പ് സ്ഥാപിച്ച് കുടിപ്പള്ളിക്കൂടമായി പ്രവർത്തനം ആരംഭിച്ചു. പിന്നീട് സർക്കാരിന് സ്ഥലവും മറ്റും വിട്ടുകൊടുത്തു. സ്വാതന്ത്ര്യ സമര സേനാനി ശ്രീ. കെ. കെ. കുഞ്ചുപിള്ള പഠിച്ചത് ഈസ്കൂളിലാണ്. ഈ സ്കൂൾ ഇന്നു നിർത്തൽ ഭീഷണിയിലാണ്.

## 8. മങ്കൊമ്പ് ഗവ. എൽ. പി. സ്കൂൾ

എ. റ്റി. ജി. എച്ച്. എസിനോട് ചേർന്ന് ചിത്തിരതിരുനാൾ മഹാരാജാവിൻെറ പ്രതിമാ അനാച്ഛാദനത്തോടനുബന്ധിച്ചു സ്ഥാപിതമായി. ഈ സ്കൂളിൻെറ കെട്ടിടത്തിൽ എ. ഈ. ഒ. ആഫീസ് പ്രവർത്തിച്ചിരുന്നു.

## 9. പുളിങ്കുന്നു ഗവ. എൽ. പി. സ്കൂൾ

പുളിങ്കുന്നു ഫെറോനാപ്പള്ളി സർക്കാരിന് 50 സെൻറ് സ്ഥലം സൗജന്യമായി നൽകിയിടത്ത് 1091-ൽ പുളിങ്കുന്നു ഗവ: എൽ. പി. സ്കൂൾ സ്ഥാപിതമായി.

## 10. ഗവ. യു. പി. സ്കൂൾ. ചതുർത്ഥ്യാകരി

1914 – ൽ നാലാം ക്ലാസ്സ് വരെയുള്ള പ്രൈമറി സ്കൂൾ സ്ഥാപിതമായി. സ്കൂളിനോടനുബന്ധിച്ച് കൈത്തറി നെയ്തു ശാല പ്രവർത്തിച്ചിരുന്നു. കെ. എസ്. കുഞ്ചുപിള്ള കളത്തിപറമ്പിൽ മാനേജരായി സംസ്കൃത സ്കൂൾചതുർത്ഥ്യാകരിയിൽ പ്രവർത്തിച്ചുവന്നത് 1941-ൽ നിലച്ചു.

## മലയാളം ഇംഗ്ലീഷ് മീഡിയം സ്കൂൾ

കുട്ടനാട്ടിലെ ആദ്യത്തെ ഇംഗ്ലീഷ് മീഡിയം സ്കൂൾ 1983 – ൽ ആരംഭിച്ചു.

ദിപ്തി, സെൻറ് മേരീസ്, എന്നീ പാരലൽ കോളേ ജുകളും, സെൻറ് മേരീസ് ഐ. റ്റി. സി. യും ടൈപ്പറൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

### ഗ്രാമസഭ നിർദ്ദേശങ്ങൾ

സെൻറ് ജോസഫ് ഹൈസ്കൂൾ ശതാബ്ദി സ്മാരകമായി നിർമ്മിക്കപ്പെടുന്ന I.C. ചാക്കോ സ്മാരക ഗ്രന്ഥശാലയ്ക്ക് സർക്കാർ സഹായം ലഭ്യമാക്കുക.

സ്കൂളുകളിലെ മൈതാനങ്ങൾ മണ്ണിട്ടു ഉയർത്തുക.

കായികരംഗത്ത് എല്ലാ സ്കൂളുകളിലും പരിശീലനം നൽകുക.

പഞ്ചായത്ത് തലത്തിൽ കായിക - നീന്തൽ പരിശീലന കേന്ദ്രം ആരംഭിക്കുക.

സ്കൂൾ ലൈബ്രറി കാര്യക്ഷമമാക്കുക - കുട്ടികളിൽ വായനാശീലം വളർത്താൻ കഴിയും.

ദുർബ്ബലമായ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുക.

ലാബട്ടറി സൗകര്യങ്ങൾ വിപുലപ്പെടുത്തുകയും കുട്ടികൾക്ക് പ്രയോജനപ്പെടുത്താനുള്ള അവസരവും സൃഷ്ടിക്കുക.

P.T.A. മാതൃസംഗമം ശക്തിപ്പെടുത്തുക.

സ്കൂളുകളിൽ കമ്പ്യൂട്ടർ കോഴ്സ് ആരംഭിക്കുക.

തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പദ്ധതി ആരംഭിക്കുക.

കൃഷിയുമായി ആഭിമുഖ്യമുള്ളവരെ കണ്ടെത്തി പച്ചക്കറി വിത്തുകളും മറ്റും നൽകുക.

പഞ്ചായത്ത് തല വിദ്യാഭ്യാസ സമിതി രൂപീകരിക്കുക.

സ്പോർട്ട്സ്

സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുക.

കായൽ പ്രദേശത്ത് പ്രൈമറിസ്കൂൾ ആരംഭിക്കുക.

പഞ്ചായത്തിൽ സർക്കാർ കോളേജ് അനുവദിക്കണം.

ഉച്ചക്കഞ്ഞി വിതരണം പഞ്ചായത്ത് ഉത്തരവാദിത്വത്തിലാക്കുക.

പട്ടിക - 1

## വിദ്യാർത്ഥികൾ; അദ്ധ്യാപകർ

| | | | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| നമ്പർ | സ്കൂൾ | മാനേജ്മെൻറ് | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | A.T.G.H.S. മങ്കൊമ്പ് | ഗവ. | 127 | 131 | 258 | | | 13 |
| 2 | സെൻറ് ജോസഫ് H.S. പുളിങ്കുന്ന് | എയിഡഡ് | 1044 | 1044 | - | | | 35 |
| 3 | L.F.G.H.S പുളിങ്കുന്ന് | എയിഡഡ് | - | 1066 | 1066 | | | 35 |
| 4 | Govt. U.P.S. ചതുർത്ഥ്യാകരി | ഗവ. | 68 | 72 | 140 | | | 7 |
| 5 | സെൻറ് ജോസഫ്സ് U.P.S. കായൽപ്പുറം | എയിഡഡ് | 276 | 275 | 551 | | | 18 |
| 6 | S.H.U.P.S. കണ്ണാടി | എയിഡഡ് | 221 | 225 | 446 | | | 17 |
| 7 | Govt. U.P.S. കണ്ണാടി (മാരാട) | ഗവ. | 39 | 26 | 65 | | | 7 |
| 8 | അമലോത്ഭവ L.P.S. പുളിങ്കുന്ന് | എയിഡഡ് | 208 | 226 | 434 | | | 11 |
| 9 | Govt. L.P.S. മങ്കൊമ്പ് | ഗവ. | 69 | 74 | 143 | | | 4 |
| 10 | Govt. L.P.S. പുളിങ്കുന്ന് | ഗവ. | 55 | 57 | 112 | | | 5 |

പട്ടിക - 2

## പാരലൽ കോളേജുകൾ, വൊക്കേഷനൽ ഹയർ സെക്കൻററി സ്കൂളുകൾ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ

| | വിദ്യാഭ്യാസ സ്ഥാപനത്തിൻെറ പേര് | മാനേജ്മെൻറ് | വിദ്യാർത്ഥികൾ | അദ്ധ്യാപകർ |
|---|---|---|---|---|
| 1 | A.T.G.V.H.S.S. | ഗവ. | 100 | 7 |
| 2. | ദീപ്തി കോളേജ് | സ്വകാര്യം | 213 | 10 |
| 3. | സെൻറ് മേരീസ് കോളേജ് | സ്വകാര്യം | 230 | 12 |
| 4. | സെൻറ് മേരീസ് ഐ.ടി.സി. | സ്വകാര്യം | 162 | 13 |

പട്ടിക - 3

## വാർഡ് തലത്തിൽ സ്കൂളുകളുടെ എണ്ണം

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|---|---|---|---|---|---|---|---|---|---|---|---|
| L.P. | | | | 1 | | 1 | | | 1 | | |
| U.P, | | | 1 | | | | 1 | | 1 | | 1 |
| H.S. | | | | | | 2 | | | 1 | | |

പട്ടിക - 4

## L.P., U.P., H.S. വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരം

| ആകെ | L.P. | | | U.P. | | | H.S. | | |
|---|---|---|---|---|---|---|---|---|---|
| വിദ്യാർത്ഥികൾ | ആൺ | പെൺ | % | ആൺ | പെൺ | % | ആൺ | പെൺ | % |
| 4131 | 322 | 357 | 52.58% | 604 | 598 | 49.75% | 1112 | 1138 | 50.58% |

ആകെ ശതമാനം = 50.67%

പട്ടിക - 5

## പട്ടികജാതി/പട്ടികവർഗ വിദ്യാർത്ഥികളുടെ കണക്ക് - പഞ്ചായത്ത് തലത്തിൽ

| L.P. | | | U.P. | | | H.S. | | |
|---|---|---|---|---|---|---|---|---|
| ആകെ | SC/ST | % | ആകെ | SC/ST | % | ആകെ | SC/ST | % |
| 679 | 20 | 2.9% | 1202 | 45 | 3.7% | 2250 | 104 | 4.6% |

ആകെ = 4.09%

പട്ടിക - 6

## ഗവൺമെൻറ് സ്കൂളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക് - പഞ്ചായത്ത് തലത്തിൽ

| ആകെ അദ്ധ്യാപകർ (പഞ്ചായത്തിൽ) | ഗവ. വിദ്യാലയങ്ങളിലെ അദ്ധ്യാപക | ഗവ. അദ്ധ്യാപകരുടെ ശതമാനം | പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം | ഗവ. സ്കൂളിലെ വിദ്യാർത്ഥികൾ | ശതമാനം |
|---|---|---|---|---|---|
| 169 | 36 | 21.3% | 4131 | 728 | 10.7% |

പട്ടിക - 7

| നമ്പർ | സ്കൂൾ | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | | | മൂത്രപ്പുരകളുടെ എണ്ണം | മൂത്രപ്പുരയും കുട്ടികളും തമ്മിലുള്ള അനുപാതം | കക്കൂസുകളുടെ എണ്ണം | കക്കൂസും കുട്ടികളും തമ്മിലുള്ള അനുപാതം |
|---|---|---|---|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | | | | |
| 1 | A.T.G.H.S. മങ്കൊമ്പ് | 127 | 131 | 258 | | | 13 | 2 | 129 | 1 | 258 |
| 2 | സെൻറ് ജോസഫ് H.S. പുളിങ്കുന്ന് | 104 | | 1044 | | | 35 | 25 | 42 | 8 | 131 |
| 3 | L.F.G.H.S. പുളിങ്കുന്ന് | | 1066 | 1066 | | | 34 | 9 | 198 | 2 | 533 |
| 4 | Govt. U.P.S. ചതുർത്ഥ്യാകരി | 68 | 72 | 140 | | | 7 | 2 | 70 | 1 | 140 |
| 5 | സെൻറ് ജോസഫ്സ് U.P.S. കായൽപ്പുറം | 276 | 275 | 551 | | | 18 | 2 | 275 | 1 | 551 |
| 6 | S.H.U.P. സ്കൂൾ കണ്ണാടി | 221 | 225 | 446 | | | 17 | 2 | 223 | 1 | 446 |
| 7 | Govt. U.P.S. കണ്ണാടി (മാരാട) | 39 | 26 | 65 | | | 7 | 1 | 65 | 0 | - |
| 8 | അമലോത്ഭവ L.P.S. പുളിങ്കുന്ന് | 208 | 226 | 434 | | | 11 | 2 | 217 | 1 | 434 |
| 9 | Govt. L.P.S. മങ്കൊമ്പ് | 69 | 74 | 143 | | | 4 | 1 | 143 | 1 | 143 |
| 10 | Govt. L.P.S. പുളിങ്കുന്ന് | 55 | 57 | 112 | | | 5 | - | - | 2 | 56 |

പട്ടിക - 8

## വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കണക്ക് - പഞ്ചായത്ത് തലത്തിൽ

| | | |
|---|---|---|
| നഴ്സറി സ്കൂളുകൾ | - | 8 |
| എൽ.പി. സ്കൂളുകൾ | - | 3 |
| യു.പി. സ്കൂൾ | - | 4 |
| ഹൈസ്കൂൾ | - | 3 |
| പാരലൽ കോളേജുകൾ | - | 2 |
| വൊക്കേഷനൽ ഹയർ സെക്കൻററി സ്കൂൾ | - | 1 |
| ഐ.റ്റി.സി. | - | 1 |

പട്ടിക - 9

## കഴിഞ്ഞ 5 വർഷത്തെ എസ്.എസ്.എൽ.സി. വിജയശതമാനം

| സ്കൂൾ | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| A.T.G.H.S. | 35% | 37% | 68% | 36% | 28% |
| സെൻറ് ജോസഫ്സ് H.S.പുളിങ്കുന്ന് | 61% | 67% | 67% | 65% | 79% |
| L.F.G.H.S. | 77.3% | 75% | 75.6% | 75.3% | 83.3% |

പട്ടിക - 10

## ഗ്രന്ഥശാല വിവരണങ്ങൾ

| നമ്പർ | പേര് | രജി: നമ്പർ | സ്ഥാപക വർഷം | അംഗങ്ങളുടെ എണ്ണം | ഗ്രന്ഥങ്ങളുടെ എണ്ണം | ഗ്രേഡ് | വിതരണം | ഗ്രാൻറ് | കെട്ടിടം |
|---|---|---|---|---|---|---|---|---|---|
| 1 | സാഹിത്യപോഷിണി ഗ്രന്ഥശാല, ചതുർത്ഥ്യാകരി | 32 | 1944 | 2422 | 14312 | A | 200 | ഉണ്ട് | സ്വന്തം |
| 2 | Y.M.P.A.C മങ്കൊമ്പ് | 2553 | 1958 | 1786 | 5621 | A | 200 | ഉണ്ട് | സ്വന്തം |
| 3 | യുവഭാവന ഗ്രന്ഥശാല മങ്കൊമ്പ്, ചതുർത്ഥ്യാകരി | 1982 | 267 | 1733 | 150 | E | | ഉണ്ട് | |
| 4 | സെൻറ് മേരീസ് പുളിങ്കുന്നു | 1650 | 1954 | - | - | C | | - | - |
| 5 | പബ്ലിക് ലൈബ്രറി കണ്ണാടി | 1956 | 127 | 4271 | | C | | ഉണ്ട് | സ്വന്തം |
| 6 | പീപ്പിൾസ് ലൈബ്രറി | 1956 | 852 | 4161 | | C | | ഉണ്ട് | ഇല്ല |

## അക്കാഡമിക് സൗകര്യങ്ങളുടെ ലഭ്യത

| | ഉള്ളത് | ഇല്ലാത്തത് |
|---|---|---|
| ലൈബ്രറി | 7 | 3 |
| പ്രവർത്തിക്കാത്തത് | 7 | 3 |
| ലാബ് | 7 | 3 |
| പ്രവർത്തിക്കാത്തത് | 7 | 3 |
| പഠനോപകരണങ്ങൾ | 3 | 7 |
| റേഡിയോ | 7 | 3 |
| ടേപ്പ് റിക്കാർഡർ | 5 | 5 |

| | ഉള്ളത് | ഇല്ലാത്തത് |
|---|---|---|
| ടെലിവിഷൻ | 2 | 8 |
| സിനിമാ പ്രൊജക്ടർ | 0 | 10 |
| സ്ലൈഡ് പ്രൊജക്ടർ | 0 | 10 |
| ബ്ലാക്ക് ബോർഡ് ആവശ്യമുള്ളവ | 6 | - |
| മാതൃസംഘം സജീവം | 10 | 0 |
| ക്ലാസ് പി.ടി.ഐ. പ്രവർത്തിക്കുന്നുണ്ട് | 8 | 2 |

## ഭൗതിക സാഹചര്യങ്ങൾ

| നമ്പർ | സ്കൂൾ | ആകെ വിദ്യാർത്ഥികൾ | ആകെ അദ്ധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|---|
| 1 | A.T.G.H.S. മങ്കൊമ്പ് | 258 | 13 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 2 | സെൻറ് ജോസഫ്സ് H.S. പുളിങ്കുന്ന് | 1044 | 35 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 3 | L.F.G.H.S. പുളിങ്കുന്ന് | 1066 | 34 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 4 | Govt. U.P.S. ചതുർത്ഥ്യാകരി | 140 | 7 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 5 | സെൻറ് ജോസഫ്സ് U.P.S. കായൽപ്പുറം | 551 | 18 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 6 | S.H.U.P. സ്കൂൾ കണ്ണാടി | 446 | 17 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 7 | Govt. U.P.S. കണ്ണാടി (മാരാട) | 65 | 7 | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| 8 | അമലോത്ഭവ L.P.S. പുളിങ്കുന്ന് | 434 | 11 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 9 | Govt. L.P.S. മങ്കൊമ്പ് | 143 | 4 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 10 | Govt. L.P.S. പുളിങ്കുന്ന് | 112 | 5 | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |

# കായികരംഗം

ഈ നാടിൻെറ കായിക ചരിത്രത്തിലെന്നും 'ജേതാക്കളുടെ കളരി' ആണ് പുളിംകുന്ന് എന്നത് നിസ്തർക്കമാണ്. ഒരു പൊതു കളിക്കളമോ നൂറുമീറ്റർ ട്രാക്കുപോലുമോ ഇനിയും ഇല്ലാത്ത നമ്മുടെ പഞ്ചായത്തിൻെറ കായിക നേട്ടങ്ങൾ അത്ഭുതകരവും ആദരണീയവുമാണ്. തുടർച്ചയായി 3 മാസം പോലും പരിശീലനം സാദ്ധ്യമല്ലാത്ത ഈ 'വെള്ളക്കുഴിയിൽ' നിന്നാണ് അവിസ്മരണീയ നേട്ടങ്ങളുടെ ഗാഥ എന്നതിനാൽ അവയ്ക്ക് തങ്കത്തിളക്കം ആണുള്ളത്.

ഇന്നലെകളിലെ പുളിംകുന്നിൻെറ കായിക ചരിത്രം തുടങ്ങുന്നത് ഒരു മിന്നൽ പിണരായ് കടന്നുപോയ മാത്യു പാട്ടത്തിലാണ്. സർവ്വകലാശാലാ സ്പ്രിൻറ് ചാമ്പ്യനും മികച്ച ബാസ്ക്കറ്റ് ബോളറുമായിരുന്ന പാട്ടം പുതിയ തലമുറയ്ക്ക് ഒട്ടും പരിചിതനല്ല. തുടർന്ന് സംസ്ഥാന, സർവ്വകലാശാലാ മത്സരങ്ങളിലെ നേട്ടങ്ങളുടെ നിരയുമായ് കെ. ജെ. ജോൺ വലിയതറ, ജോയി, മോനികളത്തിൽ, സണ്ണി മംഗലപ്പള്ളി ബാബു, ഉണ്ണി സഹോദരന്മാർ എന്നിവരെത്തി. ഈ കൊച്ചു ഗ്രാമത്തിൻെറ ആധുനിക കായിക ചരിത്രം ആരഭിക്കുന്നത് ദേശീയ ട്രിപ്പിൾജംപ് ഗോൾഡ് മെഡലിസ്റ്റും, ഇൻറർ നാഷണൽ അത്ലിറ്റും ആയിരുന്ന റെയിൽവേ ചാമ്പ്യൻ ജോർജ് കൂനപ്പുറത്തിൽ നിന്നാണ് അദ്ദേഹം കൊളുത്തിയ വിജയദീപവുമായി പുതിയ നേട്ടങ്ങൾ കുറിക്കുകയാണ് ഇളം തലമുറ സാഭിമാനം., ദേശീയ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പുകളിൽ മെഡലുകൾ വാരിക്കൂട്ടുകയും 1986 ൽ പ്രൈമിനിസ്റ്റേഴ്സ് ഗോൾഡ് കപ്പ് നേടുകയും ചെയ്ത സി. ആർ. പി. എഫ്. തങ്കച്ചൻ തെക്കേച്ചിറയും. മുൻ കേരളാബാസ്ക്കറ്റ് ബോൾ ക്യാപ്റ്റനും, റസ്റ്റ് ഓഫ് ഇന്ത്യാ പ്ളയറും 23 തവണ സംസ്ഥാനത്തെ പ്രതിനിധീകരിക്കുകയും ചെയ്ത പോലീസ്താരം ജോർജ് കല്ലുപുരയ്ക്കലും ഇന്നും സജീവമായി കായികരംഗത്തുണ്ട്. ദേശീയ ജൂനിയർ കിരീടം നേടിയ കേരള ബാസ്ക്കറ്റ് ബോൾ ടീമംഗവും '93 ൽ സംസ്ഥാന സീനിയർ താരവും ആയിരുന്ന കുര്യൻ പാട്ടം, ദേശീയസ്കൂൾ മീറ്റിൽ സ്വർണ്ണപ്പതക്കം നേടിയ ഡൊമിനിക് ആൻറണി സർവ്വകലാശാലാ മത്സരങ്ങളിൽ സമ്മാനാർഹരായ മനോജ് പറവേലി, ജോജൻ വയലാറ്റ്, എയർഫോഴ്സ് നീന്തൽ താരവും കോച്ചുമായ ഫ്രാൻസീസ് കാനാച്ചേരി ദേശീയ അന്തർ സർവ്വകലാശാലാ മത്സരങ്ങളിൽ കുട്ടനാടൻ ജലാശയങ്ങളുടെ കരുത്തു കാട്ടിയ സന്തോഷ് കിഴങ്കാട്ടുതറ, വിനോദ് തെക്കേച്ചിറ, സംസ്ഥാന ബാഡ്മിൻറൺ ചാമ്പ്യൻഷിപ്പുകളിൽ മെഡൽ വിന്നറും '95 ലെ പത്തനംതിട്ട ജില്ലാ ചാമ്പ്യനും ആയ മൈക്കിൾ വെള്ളാത്തോട്ടം സംസ്ഥാന അമച്വർ മീറ്റിലെ സ്പ്രിൻറ് ചാമ്പ്യനായിരുന്ന ജോസഫ് അഗസ്റ്റിൻ, കേരള സർവ്വകലാശാല കബഡി പ്ളയറും കരാട്ടേയിൽ ബ്ലാക്ക് ബെൽറ്റ് ജേതാവുമായ റ്റോം ജോസഫ്, '95 ൽ പത്തനംതിട്ട ജില്ലാ ജൂനിയർ ബാഡ്മിൻറൺ ടീമംഗമായിരുന്ന ജിമ്മി വലിയതറ,

സാക്ഷരത, സംഘടിത തൊഴിലാളി പ്രസ്ഥാനങ്ങൾ എന്നിവയുടെ കാര്യത്തിൽ മുന്നിലാണെങ്കിലും പൊതുജന ആരോഗ്യത്തിൻെറ കാര്യത്തിലും ആശുപത്രി സൗകര്യങ്ങളുടെ കാര്യത്തിലും നമ്മുടെ പഞ്ചായത്ത് പിന്നിലാണ്. ചികിത്സാരംഗത്തും ഏറ്റവും കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തേണ്ടുന്ന ഗ്രാമമാണ് നമ്മുടേത്.

## ചികിത്സാ കേന്ദ്രങ്ങൾ

| | | |
|---|---|---|
| താലൂക്ക് ക്വോർട്ടേഴ്സ് ആശുപത്രി | – | 1 |
| കുടുംബക്ഷേമ കേന്ദ്രം | – | 1 |
| മാതൃശിശു സംരക്ഷണകേന്ദ്രം | – | 1 |

സെ: റീത്താസ് എന്ന സ്വകാര്യ ആശുപത്രിയും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു

## താലൂക്ക് ആശുപത്രി ജീവനക്കാർ

| | | |
|---|---|---|
| സിവിൽ സർജൻസ് | – | 3 |
| അസിസ്റ്റൻറ് സർജൻസ് | – | 4 |
| ഹെഡ് നേഴ്സസ് | – | 5 |
| അറ്റൻഡേഴ്സ് | – | 7 |
| നേഴ്സിംഗ് അസിസ്റ്റൻറ്സ് | – | 11 |
| ഫാർമസി | – | 1 |
| സ്റ്റോർകീപ്പർ | – | 1 |
| സ്റ്റാഫ് നേഴ്സസ് | – | 12 |
| ലേഡി ഹെൽത്ത് ഇൻസ്പെക്ടർ | – | 1 |
| ഹെൽത്ത് ഇൻസ്പെക്ടർ | – | 1 |
| ജൂണിയർ ഹെൽത്ത് ഇൻസ്പെക്ടർ | – | 1 |
| ജൂണിയർ പി.എച്ച്. നേഴ്സ് | – | 1 |
| ചായക്കാർ | – | 1 |
| ഡ്രൈവർ | – | 1 |
| ലാബറട്ടറി ടെക്നീഷ്യൻ | – | 1 |
| പാർട്ട് ടൈം സ്വീപ്പർ | – | 1 |
| ഓഫീസ് സ്റ്റാഫ് | – | 4 |

## വിവിധ രോഗങ്ങളാൽ ചികിത്സകൾക്കായി എത്തിയ രോഗികളുടെ നാലു വർഷത്തെ വിവരം

| വർഷം | സ്ഥാപനം | ഐ.പി. | ഒ.പി. | ആകെ |
|---|---|---|---|---|
| 92-93 | താലൂക്ക് ആശുപത്രി | 4073 | 65,517 | 69,590 |
| 93-94 | ,, | 3891 | 11,7,446 | 1,21,337 |
| 94-95 | ,, | 3544 | 79,636 | 83,180 |
| 95-96 | ,, | 2707 | 54,509 | 57,216 |
| ആകെ | | | | |

## പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത്

## കുട്ടികളുടെയും ഗർഭിളികളുടെയും പ്രതിരോധ കുത്തിവെയ്പ്

| കുട്ടികൾ | ബി.സി.ജി. | ഡി.പി.റ്റി. | | | | പോളിയോ | | | | സി.റ്റി | | | | മീസത്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1D | 2D | 3D | BD | 1D | 2D | 3D | BD | 1D | 2D | 3D | BD | |
| 1 വയസ്സിൽ താഴെ | 76 | 87 | 81 | 83 | | 76 | 87 | 81 | | | | | | |
| 1-3 വയസ്സ് | | | | | 119 | | | | 119 | | | | | 99 |
| 3-6 വയസ്സ് | | | | | | | | | | 211 | | | | |

### ടെറ്റനസ് ടോക്സൈഡ് (TT)

| ഗർഭിണികൾ | 1D | 2D | BD |
|---|---|---|---|
| | 89 | 62 | 32 |

- ❑ ഇരുമ്പ്/ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച ഗർഭിണികളുടെ എണ്ണം : 120
- ❑ ഇരുമ്പ്/ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച കുട്ടികളുടെ എണ്ണം : 433
- ❑ വിറ്റാമിൻ എ തുള്ളി മരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം : 985
- ❑ ആശുപത്രിയിൽ നടന്ന പ്രസവങ്ങളുടെ എണ്ണം : ലഭ്യമല്ല
- ❑ വീട്ടിൽ നടന്ന പ്രസവങ്ങളുടെ എണ്ണം : ലഭ്യമല്ല

## നിർദ്ദേശങ്ങൾ

1. ഗൈനക്കോളജിസ്റ്റ്, പിഡ്രിയാട്രീഷ്യൻ, കാർഡിയോളജി, സർജറി, ഗാസ്ട്രോളജി എന്നീ വിഭാഗങ്ങളിൽ വിദഗ്ദ്ധ ഡോക്ടർന്മാരെ നിയമിക്കുക
2. ഡോക്ടർന്മാർക്ക് ക്വോർട്ടേഴ്സ് പണിയുക
3. ഓപ്പറേഷൻ തിയേറ്റർ, എക്സറേ, ലാബട്ടറി അനുവദിക്കുക
4. 150 ബഡ്ഡുകൾകൂടി അനുവദിക്കുക
5. താലൂക്ക് ആശുപത്രിയിൽ പേ വാർഡ് നിർമ്മിക്കുക
6. താലൂക്ക് ആശുപത്രിയിൽ ആമ്പുലൻസ് ലഭ്യമാക്കുക
7. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും, സ്ഥിരമായി ഡോക്ടറെ നിയമിക്കുകയും ചെയ്യുക
8. സാനിട്ടറി ഇൻസ്പെക്ടറെ നിയമിക്കുക
9. ഹോമിയോ, ആയ്യൂർവേദ ആശുപത്രികൾ സ്ഥാപിക്കുക
10. Aids, Drugs ബോധവൽക്കരണ സെമിനാറുകൾ നടപ്പിലാക്കുക
11. ആശുപത്രി ഭരണത്തിനായി അഡ്മിനിസ്ട്രേറ്റിവ് സൗകര്യം ഏർപ്പെടുത്തുക.
12. H.D.C. യുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക
13. ഡ്രെയിനേജ്, ലാറ്റിൻ മെച്ചപ്പെടുത്തുക
14. പഞ്ചായത്തിലെ വിവിധ വാർഡുകളുമായി ആശുപത്രി ബന്ധിപ്പിക്കുന്ന റോഡുകൾ പണിയുക
15. രക്ത ഗ്രൂപ്പു നിർണ്ണയ ക്യാമ്പുകൾ എല്ലാ വാർഡിലും നടത്തി ഗ്രാമപഞ്ചായത്തിൽ ലിസ്റ്റ് സൂക്ഷിക്കുക, രക്തദാനസേന രൂപികരിക്കുക
16. ആശുപത്രിയിലെ ശുദ്ധജലക്ഷാമം പരിഹരിക്കുക
17. മെയിൻറനൻസ് പണികൾ കാലാകാലങ്ങളിൽ ചെയ്യുക
18. ഇലക്ട്രിഷൻ, പ്ലംബർ ഇവരെ നിയമിക്കുക
19 നിലവിലുള്ള ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുക

# ആരോഗ്യ പ്രശ്നങ്ങൾ

## ഗ്രാമസഭ നിർദ്ദേശങ്ങൾ

1) അറയ്ക്കൽ ലക്ഷംവീട് കോളനി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
2) കക്കാ ചൂളയിലെ കക്ക ചീഞ്ഞളിഞ്ഞും കക്ക നീറ്റുമ്പോഴുണ്ടാകുന്ന ദുർഗന്ധവും പരിസരമലിനീകരണം ഉണ്ടാക്കുന്നു.

3) കാളകണ്ടം, തൊണ്ണൂറിൻച്ചിറ, എട്ടിൽപാടം, പുങ്കണ്ടം, അകത്തൂട്ടുപാടം, ഇലക്കാട്, ഏഴര പൊള്ള, പുത്തൻപുര പൊള്ള, തൈയ്ക്കാട്ട് നാല്പത് പൊള്ള, എടമ്പാടി, ചന്ദ്രത്തിൽ , കോവേന്ത പൊള്ളകൾ, എട്ടര ഏക്കറുള്ള പൊൻവേലവായ്ക്കൽ പാടശേഖരം തുരുത്തിക്കാട്, പുത്തൻപുരകുഴി, കാക്കളം, പള്ളിവേട്ടആൽ വരെയുള്ള തോടും, തൈയ്യിൽ പൊള്ള, മുടുവില, പുത്തൻതുരുത്ത്, തൊണ്ണൂറിൻച്ചിറ, കോരസ്നാടി പൊള്ള, അഞ്ചര ഏക്കർ വടക്കേകളം പൊള്ള, 78 -ൽ പൊള്ള, ചെമ്പിൽ പൊള്ള, ഇടയാടി പൊള്ള, ഇരുപത്തിയെട്ടിൽ പൊള്ള കടമ്മാട്ട്, ആക്കാത്തറ, പത്തിൽ പൊള്ള, വയലാവു പൊള്ള (2) എന്നീ സ്ഥലങ്ങളിൽ പായൽ, കറുകൽ വളർന്നു വെള്ളം കെട്ടികിടന്നും ദുർഗ്ഗന്ധം വമിക്കുന്നതുമൂലവും കൊതുകുകൾ പെരുകിയും ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. അടിയന്തിരമായി നടപടികൾ സ്വീകരിക്കുക.

(4) തെക്കേയറ്റം ലക്ഷം വീട് കോളനിയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

## പരിഹാരങ്ങൾ

1) ചതുപ്പ് നിലങ്ങളിൽ മത്സ്യക്കൃഷിക്കുവേണ്ടി അനുയോജ്യമാക്കുക, നെടുകെയും കുറകെയും നടപ്പാതകളും റോഡുകളും നിർമ്മിച്ചിരിക്കുന്നിടത്ത് കെട്ടിക്കിടക്കുന്ന വെള്ളം ഒഴുകിപ്പോകാനുള്ള കലുങ്കുകൾ നിർമ്മിക്കുക.

2) കന്നുകാലിഷെഡ്ഡിൽനിന്നും പൊതു തോട്ടിലേയ്ക്കു മലിനവസ്തുക്കൾ മറ്റും ഒഴുകുന്നതു തടയുക.

3) അഞ്ചു വർഷത്തിനുള്ളിൽ കക്കൂസ് ഇല്ലാത്ത കുടുംബങ്ങൾക്ക് ഇവ നിർമ്മിച്ചുകൊടുക്കുക.

4) ഓടകൾ നിർമ്മിക്കുക.

5) കക്കാ ചൂളകൾ ആൾപാർപ്പില്ലാത്തിടത്തേയ്ക്കു മാറ്റി സ്ഥാപിക്കുക.

6) ആരോഗ്യബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

7) കോളനികളിൽ സെപ്റ്റിക് ടാങ്ക് നിർമ്മിക്കുക.

8) അനുയോജ്യമായ സ്ഥലത്ത് പൊതു ശ്മശാനം നിർമ്മിക്കുക.

# കുടിവെള്ളം

ഭൂമിശാസ്ത്രപരമായി വെള്ളത്താൽ ചുറ്റപ്പെട്ട പ്രദേശമാണെങ്കിലും പുളിങ്കുന്ന് ശുദ്ധജല ക്ഷാമം അനുഭവപ്പെടുന്ന ഗ്രാമ മാണ്. മുൻകാലങ്ങളിൽ കിണറുകളും, കുളങ്ങളും, സംരക്ഷിച്ചു ഒരു പരിധിവരെ കുടിനീർ ക്ഷാമം പരിഹരിച്ചുപോന്നിരുന്നു. മങ്കൊമ്പിൽ പ്രവർത്തിച്ചിരുന്ന പമ്പ് ഹൗസ് പഞ്ചായത്തിലെ മൂന്നു വാർഡുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ സഹായിച്ചിരുന്നു. കാർഷിക മേഖലയിലെ കീടനാശിനി പ്രയോഗം മൂലവും കക്കൂസുകൾ, ആറുകളിലും തോടുകളിലും സ്ഥാപിച്ചിരിക്കുന്നതുമൂലവും , ജല മലിനീകരണം കൂടുതൽ രൂക്ഷമാകുന്നു. ഈ ജലമാണ് പഞ്ചായത്തിലെ 80 ശതമാനം ജനങ്ങളും ഉപയോഗിക്കുന്നത്.

കുട്ടനാടിൻെറ പ്രശ്നങ്ങളെക്കുറിച്ചു എ. കെ. കെ. നമ്പ്യാർ കമ്മീഷൻ, ശാസ്ത്രസാഹിത്യ പരിഷത്ത്, കുട്ടനാട് വാട്ടർ ബാലൻസ് സ്റ്റഡി ടീം (ഇൻഡോ ഡച്ച്)തുടങ്ങിയ പഠന സംഘങ്ങളുടെ റിപ്പോർട്ടുകൾ അനുസരിച്ച് ഇവിടെ ഏറ്റവും വലിയ പ്രശ്നം കുടിവെള്ളക്ഷാമമാണ് എന്നാണ്. (മറ്റു ധാരാളം പ്രശ്നങ്ങളുമുണ്ട്)

## കുടിവെള്ള സ്രോതസ്സുകൾ

| വാർഡുകൾ | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|---|---|---|---|---|---|---|---|---|---|---|---|
| പൊതു കിണർ | - | - | 1 | - | 5 | 1 | 1 | - | 1 | - | 5 |
| | | | | | | | | | | | |
| പൊതുകുളങ്ങൾ | 1 | - | 3 | - | - | - | 1 | - | 2 | - | 2 |
| കിണർ | 5 | 40 | 55 | 16 | 34 | 52 | 20 | 30 | 27 | 8 | 11 |
| സ്വന്തം കുളങ്ങൾ | 5 | 16 | - | 6 | 37 | 25 | 4 | 4 | 5 | 1 | 14 |
| ടാപ്പുകൾ | 10 | 21 | 20 | 19 | 16 | 16 | 15 | 15 | - | - | 16 |

ഈ ജല സ്രോതസ്സുകൾ പഞ്ചായത്തിൽ ഉണ്ടെങ്കിലും ജനങ്ങളുടെ ആവശ്യാനുസരണം ശുദ്ധജലം ലഭിക്കുന്നില്ല. കുട്ടനാടിൻെറ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനാസൂത്രണം ചെയ്തിട്ടുള്ള കുട്ടനാട് ശുദ്ധജല വിതരണ പദ്ധതി പുളിങ്കുന്നു പഞ്ചായത്തിൽ ഇനിയും പ്രയോജനം ചെയ്തിട്ടില്ല. അടിയന്തിരമായി പൈപ്പു ലൈൻ വഴിയുള്ള വെള്ള മെത്തിക്കുക എന്നതാണ് പ്രധാന ആവശ്യം.

## വാർഡ് - 1

കൊച്ചുപറമ്പ് - ശ്രീമൂലം ചിറ

കറുത്തേടത്ത് - സെ. റിത്താസ് ആശുപത്രി

നൽപതിന്മൂല - പണിക്കരു പറമ്പ്

| | | |
|---|---|---|
| 19-ൽ ചിറ | - | കാട്ടിതറവരെയും പുതിയ പൈപ്പുലൈനുകൾ സ്ഥാപിക്കുക. |
| വളവിങ്കൽ | - | പുതുവൽ ലൈനിൽ വളവുങ്കൽ തോടിനു കുറുകെയുള്ള കേടുപാടുകൾ തീർക്കുക., |
| കൊച്ചുപറമ്പ് | - | 78 ൽ ചിറതോടിനു കുറുകെ യോജിപ്പിച്ചു നിലവിലുള്ള ടാപ്പുകളിൽ ജലം എത്തിക്കുക. |

അറയ്ക്കൽ ലക്ഷം വീടു കോളനിയിലെ പൊതു കുളം കല്ലുകെട്ടി സംരക്ഷിക്കുക

## വാർഡ് - 2

മാടാം പാക്കൽ മുതൽ കണ്ണൻ കുടുക്ക വരെയും

| | | |
|---|---|---|
| കണ്ണൻകുടുക്ക | - | പുന്നൂക്കളം |
| തോണിപറമ്പ് | - | മതിച്ചിറ |
| പേരശേരി | - | ചക്കാലവരെയും പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കണം. |

## വാർഡ് - 3

കാഞ്ഞരക്കാട് ലക്ഷം വീട് കിണർ പുനരുദ്ധരിക്കുക.

വെങ്ങലൂത്ത് മുതൽ പ്ലാത്താനം വരെ

| | | |
|---|---|---|
| പന്ത്രണ്ടുചിറ കൊല്ലാറമുതൽ | - | മുണ്ടടി വരെ |
| മാരാട മുതൽ | - | കാവിൽ വരെ |
| പൊയ്ക്കാപറമ്പ് | - | മാലിത്രവരെ |
| ജെസിസ്റ്റോർ | - | തറയിൽ കലുങ്ക് |
| മാവിത്ര | - | മംഗലപ്പള്ളി |
| മംഗലപ്പള്ളി | - | വരമ്പത്ത് |
| മഗംലപ്പള്ളി ജംഗംഷൻ | - | ചിറയിൽ വരെ |
| പൊയ്ക്കാപറമ്പ്മുക്കിൽ | - | മാളേം പുരയ്ക്കൽ റോഡ് വരെ |

പുതിയ ലൈനുകൾ സ്ഥാപിക്കുക. ഇപ്പോൾ ലൈനുകൾ ഉള്ളിടത്ത് ടാപ്പുകൾ സ്ഥാപിക്കുക.

## വാർഡ് - 4

പായ്ക്കള്ളി പാലത്തിന് സമീപമുള്ള ലൈനിൽ നിന്നും മാടയ്ക്കൽ വരെ.

കൊല്ലമുട്ടം കലുങ്ക്- കൊല്ലമുട്ടം മോട്ടോർ തറ

കൊല്ലമുട്ടത്ത് കൊല്ലപറമ്പ് ലൈനിൽ നിന്നും വാണിയപുരയ്ക്കൽ മത്തായിച്ചന്റെ വീടുവരെ.

തോട്ടറ ജംഗ്ഷനിൽ നിന്നും കോരശ്നാടിവരെ.

മാലൂർ പൊതു വഴിയിൽ നിന്നും കുരീത്രവരെ.

വികാസ് റോഡിൽ നിന്നും ശ്രീനാരായണ സേവാസംഘംവരെ

വികാസ് റോഡിൽ നിന്നും പാടിത്രവരെയും പൈപ്പ് ലൈൻ നീട്ടണം.

എസ്. എൻ. ഡി. പി. (1552) മുതൽ പടിഞ്ഞാറോട്ടു പുവത്തുശേരി പാലം വരെ. പുതിയ പൈപ്പ് ലൈൻ ഇടുകയുംലൈൻ ഉള്ളിടത്ത് ടാപ്പുകൾ സ്ഥാപിക്കുകയും ചെയ്യുക.

മങ്ങാട്ടുശേരി, നാഗവള്ളി, അത്തിമൂട്, കൊല്ലം പറമ്പ്, എന്നീ കുളങ്ങൾ കല്ലുകെട്ടി ശുദ്ധജലോപയോഗമാക്കണം.

## വാർഡ് 5

തോട്ടുകടവ് മുതൽ പുളിക്കൽ വരെ

| | | |
|---|---|---|
| തോട്ടുകടവ് | - | പള്ളിപുരയിടംവരെ |
| കളത്തിപറമ്പ് | - | ലക്ഷം വീട് കോളനിവരെ |
| ചാവുരുത്തി | - | കാളകണ്ടംവരെ |
| അരിക്കുടി | - | കളത്തിപ്പറമ്പ്വരെ |
| കളത്തിപ്പറമ്പ് | - | നാലുപറവരെ |

ശ്രീമൂലം തോട് കുറുകെ ശ്രീമൂലം ചിറയിലേക്ക് പാറശേരി തോട് കുറുകെ കുടുവാടം വരെയും പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കുക.

1 90-ൽ ചിറയിൽ തറയിൽ പുരയിടത്തിലെ പഞ്ചായത്തുവക കിണർ.

2. 1552-ാം നമ്പർ എസ്. എൻ. ഡി. പി. വക കുളം

3. പേങ്ങാട്ടു മാത്തുക്കുട്ടി വക തൈച്ചേരിക്കുളം

4. കായൽപുറം വാളൻപറമ്പിൽ പുരയിടത്തിലെ കെ. ഐ. ആർ. ഡി. ഇ. പി. വക കിണർ

5. സെൻറ് ആൻറണീസ് പള്ളി വക കിണർ.

6. സ്രാമ്പിക്കൽ ഫിലിപ്പിൻെറ പുരയിടത്തിലെ കുളം.

7. കായൽപുറം കോരന്തറ പുരയിടത്തിലെ കുളം

8. പത്തിൽ പി. കെ. ആൻറണി വക കുളം

ഇവ കല്ലുകെട്ടി വൃത്തിയാക്കി ഉപയോഗയോഗ്യമാക്കുക.

## വാർഡ് - 6

പുളിംകുന്ന് അങ്ങാടി മുതൽ കായൽ പുറം സൊസൈറ്റി വരെയുള്ള ലൈനിൽ നിന്നും മാളയേക്കൽ അപ്പച്ചൻെറ വീടുവരെ.

| | | |
|---|---|---|
| വെമ്പാടംതറ | - | മുട്ടുങ്കൽ വരെ |
| മുട്ടുങ്കൽ | - | മുണ്ടയ്ക്കൽ വീടുവരെ |

മുണ്ടപ്പള്ളി സെക്ഷനിൽ ലൈൻ ഇടുക.

മാമ്പുന്ത്ര വീടിന് മുൻവശം പൈപ്പ് ലൈൻ വേണം സെൻറ് ജോസഫ്സ് സ്കൂ ളിൻെറ പിൻവശത്ത് നിന്നും പനങ്ങാട്ട് മുക്കുവരെ.

വില്ലേജ് ആഫീസ് - വാഴപ്പറമ്പ് വരെ

വികാസ് റോഡ് - പൊട്ടുമുപ്പത്ത്

മാത്തൂർ കളരി മുതൽ ബാലവാടിവരെ പുതിയ ലൈനുകൾ സ്ഥാപിക്കുക. പഴയ ടാപ്പുകളിൽ വെള്ളം എത്തിക്കുക.

മുണ്ടപ്പള്ളിയിലുള്ള കുളം വൃത്തിയാക്കി ശുദ്ധ ജല യോഗ്യമാക്കുക.

സെൻറ് ജോസഫ് സ്കൂളിൻെറ കുളം ശുദ്ധീകരിക്കാൻ വേണ്ട നടപടിയെടുക്കണം.

മാത്തൂർകുളം, ഇലക്കാട്ട്കുളം, ഒറ്റപുരയ്ക്കൽകുളം ഇവയും ശുദ്ധജല സംഭരണികളാക്കുക.

## വാർഡ് - 7

1. വികാസ് മാർഗ്ഗ് കൊച്ചുതറ മുതൽ 15- ൽ ചിറവരെ
2. കുന്നത്തേരി പാലം മുതതി 46 ൽ വഴി പുത്തൻ കായൽ ചിറവരെ
3. ആക്കാത്ത ജംഗ്ഷൻ മുതൽ തുണ്ടിവരെ
4. വിരുത്തിചിറവഴി പുത്തൻ ചിറ മുതൽ 6 പറ വരെയും പൈപ്പ് ലൈൻ വേണം.
5. ടാപ്പ് ഉണ്ട് വെള്ളം ഇല്ല.

1. വൈലാറ്റു ചിറ കോളനി
2. പാറശ്ശേരി കോളനി
3. ആക്കാത്തറ ജംഗ്ഷൻ ടാപ്പ്, കൂട്ടുമ്മ ജംഗ്ഷൻ
4. തുറവശ്ശേരി ജംഗ്ഷൻ , കുന്നത്തേരി പാലം,
5. എസ്. എൻ. നഗർ ഭാഗം എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ടാപ്പുകളിൽ വെള്ളം എത്തിക്കുക, ''പൈപ്പു ലൈൻ വ്യാസം കൂട്ടുക''

വികാസ് മാർഗ് മുതൽ തുറവശേരി പാറശേരി കോളനി വയലാറ്റ് കോളനി വരെയുള്ളത് വ്യാസം കൂട്ടുക.

പുളിങ്കുന്ന് വലിയ പള്ളി മുതൽ ആക്കാത്തറ ജംഗ്ഷൻ വഴി കായൽപ്പുറം പള്ളിയുടെ വടക്ക് പുത്തൻ തുരുത്ത് കോളനിവരെയുള്ള ലൈനുകൾ വ്യാസം കൂട്ടുക. തുറവശേരി ജംഗ്ഷൻ മുതൽ അക്കാത്തറ ജംഗ്ഷൻ വഴി തുണ്ടി യിൽ വരെ പുതിയ ലൈൻ സ്ഥാപിക്കുക. തൈത്തറ പാലം മുതൽ കായൽപ്പുറം സ്കൂൾ വരെയുള്ള ലൈൻ വ്യാസം കൂട്ടുക.

തുറവശേരി ജംഗംഷൻ മുതൽ പുത്തൻ കായൽച്ചിറ വരേയും, അഞ്ചങ്ങാടി വരെയുമുള്ള ലൈനുകൾ വ്യാസം കൂട്ടുക. വികാസ് മാർഗ് മുതൽ മേച്ചേരിവാക്കാൽ ഓണാംപള്ളി വഴി തുറവശേരി ജംഗ്ഷൻ വരെ പുതിയ ലൈനു കൾ സ്ഥാപിക്കുക.

പാരശ്ശേരി കോളനിയുടെ മദ്ധ്യഭാഗത്തുള്ളകുളം, കൈതപ്പറമ്പ് കുളം, കാടിയാടത്ത് കുളം, കിഴക്കേ കാടിയാടം, മറ്റക്കാട്, പ്ലാംതറ, മറ്റക്കാട് ഭുവനേശ്വരൻെറ പുരയിടത്തിൽ , കുറുപ്പുസാറിൻെറ പുരയിടത്തിൽ, ചന്ദ്രികാലയം കുളം, ആക്കാത്തറ കുളം, പത്തിൽകുളം, ഇവകൾ അടിയന്തിരമായി കല്ലുകെട്ടി വൃത്തിയാക്കി കുടിവെള്ളശ്രോ തസുകളാക്കുക.

## വാർഡ് - 8

നിലവിലുള്ള ടാപ്പുകളിൽ വെള്ളം ലഭിക്കണം. പുതിയതായി താഴെപ്പറയുന്ന പ്രദേശങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കണം.

രണ്ടരമുതൽ 25 ൽ ചിറവരെ പുത്തൻ പുര മുതൽ കാക്കളം വരെ. വേളൂർ മുതൽ മങ്കൊമ്പ് ക്ഷേത്രം വരെ കിഴക്ക് വികാസ് മാർഗ്ഗ് റോഡ് - കിഴുക്കുന്നം വരെ. ലക്ഷ്മിഭവൻ - പുത്തൻ പറമ്പ് പടിഞ്ഞാറെ മഠം മുതൽ കോന്ത്യാടി ജട്ടി വരെയും 60 ൽ ചിറ കോളനി - ചെമ്പിൽ പറമ്പ് വരെയും അറയ്ക്കൽ മുതൽ കടമാട് വരെയും പൈപ്പ് ലൈൻ സ്ഥാപിക്കണം.

## വാർഡ് - 9

കണിയാം പറമ്പുമുതൽ തോട്ടുവാത്തല വഴി 19-ാം നമ്പർ എസ്. എൻ. ഡി. പി. ശാഖാ ആഫീസുവരെ .

20-ൽ വീടുമുതൽ മൂലശേരി വരെ.

19-ാം നമ്പർ എസ്. എൻ. ഡി. പി. ഇടയാടിപ്പള്ളി പാലം വരെ

കണിയാംപറമ്പുമുതൽ കണ്ടീത്രവീടുവരെ

നാൽപ്പതിൽ മൂലമുതൽ ഒറ്റത്തെങ്ങുവരെ

ഒറ്റത്തെങ്ങ് മുൽ - തെക്കോട് വല്യാറവീടുവരെ

ഒറ്റത്തെങ്ങ് മുതൽ പടിഞ്ഞാറോട്ടു ചിറത്തറ തേങ്ങാപ്പറമ്പുവഴി വാലാത്ര വീടുവരെ

മങ്കൊമ്പ് പമ്പ് ഹൗസ് മുതൽ തെക്കോട്ട് മങ്കൊമ്പ് ചന്തവഴി പടിഞ്ഞാറോട്ട് ആറുതീരം വഴി മുപ്പതിൽ ചിറവീടു വരെ. ശ്രീരംഗം വീടുമുതൽ തെക്കോട്ടു മാടക്കത്തറ വരെ.

പുത്തൻ പറമ്പു വീടുമുതൽ കിഴക്കോട്ട് ലക്ഷം വീട് വഴി ശ്രീരാഗം പാലത്തിൻെറ ചുവടുവരെ.

അത്തിക്കളം വീടുമുതൽ വടക്കോട്ടു പവ്വത്തുശേരി വീടുവരെ.

പുത്തൻ പറമ്പു വീടുമുൽ കിഴക്കോട്ട് ലക്ഷം വീടു ശ്രീരാഗം പാലത്തിൻെറ ചുവടുവരെ. ശ്രേയസ് വീടുമുതൽ ഇരുനൂറ്റിനാൽപ്പത് ചിറ വഴി പെരുമ്പളം വരെ.

പാക്കള്ളിച്ചിറ വീടുമുതൽ പടിയാട്ടുവഴി കാട്ടിത്തറവരെ.

ഗോകുലം വീടുമുതൽ കിഴക്കോട്ടു ഗോവിന്ദ സദനം വീടുവരെ.

ഇടയാടി പള്ളിപ്പാലം മുതൽ പടിഞ്ഞാറോട്ടു തോടിൻെറ വടക്കേക്കര വഴി ശ്രീരംഗം പാലം വരെ. ഇടയാടി പള്ളിപ്പാലം മുതൽ വടക്കോട്ടു കണ്ടീത്ര വരെ.

പൊതു കുളം :- വാർഡിലെ രണ്ടു പൊതു കുളങ്ങളായ മങ്കൊമ്പ് എ. റ്റി. എച്ച്. എസ്. കുളവും, ചതുർത്ഥ്യാകരി ലക്ഷം വീടു കോളനി കുളവും വൃത്തിയാക്കി, കല്ലുകെട്ടി ശുദ്ധജലം ലഭ്യമാക്കണം.

## വാർഡ് - 10

നിലവിൽ പൈപ്പ് ലൈൻ സ്ഥാപിച്ചിരിക്കുന്നിടങ്ങളിൽ റിപ്പയറിംഗ് പണികൾ നടത്തി ടാപ്പുകളിൽ വെള്ളം എത്തിക്കുക.

ചമ്പക്കുളം പഞ്ചായത്തിലെ ചതുർത്ഥ്യാകരി കടത്തുകടവിൽ നിന്നും പൈപ്പ് ലൈൻ നദിക്ക് കുറുകെയിട്ടു പുളിംകുന്ന് പഞ്ചായത്തിലെ 9-ാം വാർഡിൽ ഉള്ള പൈപ്പു ലൈനുമായി ബന്ധിപ്പിച്ചാൽ 10-ാം വാർഡിലും ആവശ്യമായ

വെള്ളം എത്തിക്കാൻ കഴിയും. കൂടാതെ തൈപ്പറമ്പ് പ്രദേശത്തു സ്ഥാപിച്ചിരിക്കുന്ന ലൈനിൽ നിന്നും പൈപ്പ് കണക്ഷൻ കൊടുത്ത് കൊച്ചുകളം വഴി ആ ലൈൻ നീട്ടുക. പുത്തൻ കരിചിറയിൽ നിന്നും വേണാട്ടുകാട് ജട്ടിവരെയും ജട്ടിമുതൽ വടക്കേക്കരി മാടത്താനിക്കരി പാടശേഖരത്തിനു ചുറ്റുമായി പൈപ്പ് ലൈൻ സ്ഥാപിക്കുക.

കൂടാതെ കുടിവെള്ളത്തിൻെറ കൂടുതൽ രൂക്ഷത അനുഭവപ്പെടുന്ന വേണാട്ടുകാട് പ്രദേശത്ത് നദിയിലെ വെള്ളം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്ന ഒരു പദ്ധതി ആവിഷ്ക്കരിക്കുക.

## വാർഡ് - 11

തൈത്തറ മുതൽ പണിക്കരുപറമ്പുവരെ

കാരക്കശേരി മുതൽ പത്തിൽ ജംഗ്ഷൻ വരെ

| | | |
|---|---|---|
| പൊക്കത്തിൽ | - | കൊച്ചുപുരയ്ക്കൽ |
| കാനാച്ചേരി | - | കൊടിയന്ത്ര പൊക്കത്തിൽ വരെ |
| കുമരശ്ശേരി | - | വാരാപ്പള്ളിത്തറവരെ |
| തൊണ്ണൂറും ചിറ | - | മൂലയിൽ |
| മണ്ണംകരതറ | - | മുപ്പതും ചിറ |
| വളഞ്ചേരി | - | കുടുംബാരോഗ്യക്ഷേമ കേന്ദ്രം |
| കാരക്കശേരി | - | കൊച്ചിടയാടി. |

തുടങ്ങിയ റൂട്ടുകളിൽ പുതിയ പൈപ്പുലൈൻ സ്ഥാപിക്കുക. പുത്തൻ തുരുത്ത് കോളനിയിൽ പൈപ്പ് ലൈൻ ഉണ്ടായിട്ടും ഇതുവരെ ശുദ്ധജലം എത്തിയിട്ടില്ല അടിയന്തിര ശ്രദ്ധ പതിയണം.

വെളിയനാടുബ്ലോക്കുവഴി 1984 - ൽ പണിതീർത്തിരുന്ന ഏഴരയിൽ കിണർ ഉപയോഗശൂന്യമായ അവസ്ഥയിലാണ്. അടിയന്തിരശ്രദ്ധ പതിപ്പിച്ച് ഏഴരയിൽ കിണർ വൃത്തിയാക്കുകയും പൈപ്പു ജലം എത്താത്ത ആ ഭാഗത്ത് കിണർ വൃത്തിയാക്കി ജനങ്ങൾക്ക് ഉപകാരപ്രദമാക്കണം. അതോടൊപ്പംതന്നെ KIRDEP-1987 ൽ പണിതുതന്നിരുന്ന മാളികച്ചിറ കിണറും മലിനമായി കിടക്കുന്നു. വാർഡിലെ പൊതുകുളങ്ങളും വൃത്തിയാക്കുവാൻ നടപടി ഉണ്ടാവണം.

## നിർദ്ദേശങ്ങൾ

1) കുട്ടനാട് ശുദ്ദ ജലവിതരണ പദ്ധതി പൂർത്തീകരിച്ചുകഴിഞ്ഞാലും ദൈനം ദിനം ടാപ്പുകളിൽ ഉണ്ടാകുന്ന റിപ്പയറിംഗിൻെറ ജോലികൾക്കുവേണ്ടി വാട്ടർ അതോറിറ്റി ഓഫീസുകളുമായി ബന്ധപ്പെടുക എന്നുള്ളത് ക്ലേശകരമായതിനാൽ ഗ്രാമ പഞ്ചായത്തിൻെറ ചുമതലയിൽ ടി ജോലികൾ വിട്ടുകൊടുക്കുക.

2) കുട്ടനാടിനുവേണ്ടി ഈ പ്രദേശത്തുതന്നെയുള്ള ജലാശയങ്ങളിൽ നിന്നും ശുദ്ധജലം ലഭിക്കുവാൻ ഒരു വാട്ടർ ട്രീറ്റ്മെൻറ് പ്രോജക്റ്റ് (വാട്ടർ റിഫൈനറി) സ്ഥാപിക്കുക.

3) റെയിൻ വാട്ടർ ഹാർവസ്റ്റ് സ്കീം സ്കൂളുകൾ അനുവദിക്കുക.

# പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം

മണ്ണിനോട് മല്ലടിച്ച് മണ്ണിൽ പൊന്നു വിളയിക്കാൻ മാത്രം പിറന്നവരെന്നു തോന്നുന്ന ഒരു ജന വിഭാഗം. ജീവൻ പണയം വച്ച് കൃഷിയിടങ്ങളെ സംരക്ഷിക്കാൻ കിണഞ്ഞു ശ്രമിക്കുന്ന അദ്ധ്വാനശാലികൾ. അടിച്ചമർത്തലുകളുടെ കൈപ്പു നീർ കുടിക്കേണ്ടിവരുമ്പോഴും മണ്ണിനോടു കൂറു പുലർത്തിയിരുന്ന മണ്ണിന്റെ മക്കൾ ഇതെല്ലാമായിരുന്നു ഒരു കാലത്ത് കുട്ടനാട്ടിലെ കർഷത്തൊഴിലാളികളായ പട്ടികജാതി, പട്ടിക വർഗ്ഗ വിഭാഗങ്ങൾ. അന്ധവിശ്വാസത്തിന്റെയോ, ദുരാചാരത്തിന്റെയോ ബലി മൃഗമായി മടയുറപ്പിക്കാൻ ചളിക്കുണ്ടിൽ ചവിട്ടിതാഴ്ത്തപ്പെട്ട പെരും പറയന്റെ പ്രതിമ ഏതോ ദുഃഖ സ്മരണയോടെ ഇന്നും ഈ പഞ്ചായത്തിന്റെ ഒമ്പതാം വാർഡിൽ മറഞ്ഞിരിക്കുന്നു.

ക്രൈസ്തവ മിഷനറിമാരുടെപ്രവർത്തനങ്ങൾ ശ്രീനാരായണഗുരു, അയ്യൻകാളി, തുടങ്ങിയ സാമൂഹിക പരിഷ്ക്കർത്താക്കളുടെ പ്രബോധനങ്ങൾ, രാഷ്ട്രീയപ്രസ്ഥാനങ്ങൾ, കർഷകത്തൊഴിലാളിയൂണിയൻ എന്നീ സംഘടനകളുടെ ഇടപെടലുകൾ, ഈ കൂട്ടർക്ക് കൂടുതൽ ശക്തി പകർന്നു. അങ്ങനെ സാമൂഹിക, രാഷ്ട്രീയ, സാംസ്ക്കാരിക തലങ്ങളിൽ സജീവമായി പങ്കെടുക്കാൻ ഇവർപ്രാപ്തരായി. സാംസ്ക്കാരികപ്രബുദ്ധതയുടെതെളിവായിരുന്നു മങ്കൊമ്പാറ്റിലെ മകം വള്ളം കളി

## പാർപ്പിട വിവരണം

എല്ലാവർക്കും മെച്ചപ്പെട്ടതല്ലെങ്കിലും പാർപ്പിട സൗകര്യങ്ങളുണ്ട്. ഒന്നിലധികം കുടുംബങ്ങൾ പല വീടുകളിലും താമസിക്കുന്നു

നമ്മുടെ പഞ്ചായത്തിൽ 425 പട്ടികജാതി കുടുംബങ്ങളിലും 3 പട്ടിക വർഗ്ഗ കുടുംബങ്ങളിലുമായി 482 പുരുഷന്മാരും 575 സ്ത്രീകളും ഉൾപ്പെടെ 1057 പേർ അധിവസിക്കുന്നു.

സ്വന്തമായി ഒരുതുണ്ടുഭൂമി, അല്പം കൃഷിയിടം വിദ്യാഭ്യാസത്തിനുള്ള സൗകര്യം, എന്നിവ ലഭിച്ചതോടുകൂടി ജീവിത നിലവാരത്തിലും മാറ്റം വന്നു. SC/ST വിഭാഗത്തിന്റെ ഉന്നമനത്തിനായി സർക്കാർ പല പദ്ധതികളും ആവിഷ്ക്കരിച്ചിട്ടുണ്ടെങ്കിലും നടപടി ക്രമങ്ങളുടെ സങ്കീർണ്ണത മൂലമോ വേണ്ടത്ര അറിവു ലഭിക്കായ്കമൂലമോ ഈ പദ്ധതികളിൽ നിന്നും പ്രയോജനം ലഭിക്കുന്നില്ല. സാമാന്യ വിദ്യാഭ്യാസം നേടിയിട്ടുണ്ടെങ്കിലും ഉന്നത വിദ്യാഭ്യാസം വേണ്ടത്ര പ്രയോജനപ്പെടുത്തുന്നില്ല. പഠനത്തിൽ പിന്നോക്കം നില്ക്കുന്ന പുതിയ തലമുറയെ ഉയർന്ന നിലവാരത്തിത്തെിക്കുന്നതിന് സമൂഹത്തിലെ വിദ്യാസമ്പന്നരുടെയും സാമൂഹ്യ പ്രവർത്തകരുടെയും സേവനം അനിവാര്യമാണ്.

കാർഷിക മേഖലയിൽ പണിയെടുക്കുന്നവരാണ് ഭൂരിഭാഗവും. എന്നാൽ ഈ മേഖലയിലുണ്ടാകുന്ന തൊഴിലവസരങ്ങൾ പരിമിതമായതിനാൽ ജീവിതാവശ്യങ്ങൾ നിറവേറ്റാൻ മറ്റു മേഖലകൾ തേടേണ്ടിവരുന്നു. പരമ്പരാഗതമായി കൈത്തൊഴിലുകൾ ചെയ്തു വന്നിരുന്നവരിൽ മിക്കവരും ഈ രംഗം വിടുകയാണ്. ഈ തൊഴിൽ മേഖലകൾ അഭിവൃദ്ധിപ്പെടുത്തുന്നതിനാവശ്യമായ അസംസ്കൃത വസ്തുക്കൾ, സാങ്കേതികോപദേശം, സാമ്പത്തിക വായ്പാ സൗകര്യം എന്നിവ ലഭ്യമാക്കണം.

| ക്രമ നമ്പർ | വാർഡ് | കോളനിയുടെ പേര് | വീടുകളുടെ എ!ണ്ണം | വൈദ്യുതികരിച്ചതാണോ | കുടിവെള്ളം. | ഗതാഗതം. |
|---|---|---|---|---|---|---|
| 1 | 1 | ഇല്ല | 9 | ഭാഗികം | ഭാഗികം | ഭാഗികം |
| 2 | 2 | അമ്പനാപള്ളി സെറ്റിൽ മെൻറ് | 125 | ഭാഗികം | ‘‘ | ‘‘ |
| 3 | 3 | കോളനി | 20 | ഭാഗികം | ‘‘ | ‘‘ |
| 4 | 4 | ഇല്ല | 17 | ഭാഗികം | ‘‘ | ‘‘ |
| 5 | 5 | ഇല്ല | 9 | ഭാഗികം | ‘‘ | ‘‘ |
| 6 | 6 | ഇല്ല | 10 | ഭാഗികം | ‘‘ | ‘‘ |
| 7 | 7 | ഇല്ല് | 15 | അതെ | ‘‘ | ‘‘ |
| 9 | 9 | 60-ൽ ചിറ സെറ്റിൽ മെൻറ് കോളനി | 22 | ഭാഗികം | ‘‘ | ‘‘ |
| 9 | 9 | ഇല്ല | 15 | ഭാഗികം | ‘‘ | ‘‘ |
| 10 | 10 | ഇല്ല | 18 | ഭാഗികം | ‘‘ | ‘‘ |
| 11 | 11 | ഇല്ല | 17 | ഭാഗികം | ‘‘ | ‘‘ |
| | | | | | | |

## ഗ്രാമസഭയിലെ നിർദ്ദേശങ്ങൾ

- വീടില്ലാത്തവർക്ക് വീടും കക്കൂസും നൽകാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം.
- ലക്ഷം വീടു കോളനികളിലും മറ്റു പ്രദേശത്തിലും താമസിക്കുന്ന Sc/ST വിഭാഗത്തിൽപ്പെട്ടവരുടെ താമസസൗകര്യം മെച്ചപ്പെടുത്തുക
- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പഠന നിലവാരം ഉയർത്താനുള്ള പദ്ധതി ആവിഷ്ക്കരിക്കണം.
- സ്ഥല പരിമിതി അനുഭവപ്പെടുന്ന കുടുംബങ്ങളെ മാറ്റി പാർപ്പിക്കണം
- Sc/ST വിഭാഗത്തിൽപ്പെട്ടവർക്കായി തൊഴിൽ സാദ്ധ്യത സൃഷ്ടിക്കുന്ന പരിപാടികൾ ആവിഷ്ക്കരിക്കുക.
- സർക്കാർ പദ്ധതികളുടെ കർശന നിർദ്ദേശങ്ങൾ ലഘൂകരിച്ചു സഹായങ്ങളും വായ്പകളും ലഭ്യമാക്കണം.
- കാർഷിക മേഖലയിൽ ക്രഷ് സ്ഥാപിക്കുക.
- കോളനികളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുക
- 60-ൽ ചിറ കോളനിയിലേയ്ക്കു സഞ്ചാരയോഗ്യമായ റോഡ് നിർമ്മിക്കുക. ശുദ്ധജല വിതരണവും നടപ്പാക്കുക.
- രണ്ടാം വാർഡ് കോളനിയിലേയ്ക്ക് വഴിയും വെള്ളവും എത്തിക്കുക.
- സൗജന്യമായി വൈദ്യുതി എല്ലാ കുടുംബങ്ങളിലും അനുവദിക്കുക.

## പട്ടികജാതി പട്ടികവർഗ്ഗം സ്ത്രീകൾക്കായിട്ടുള്ളവ

- പായ്, പനമ്പ്, കുട്ട, വട്ടി, നെയ്ത്തിനുള്ള സഹായങ്ങൾ നൽകുക.
- കയർ, ബാർസോപ്പ്, മെഴുകുതിരി, തീപ്പെട്ടി, നിർമ്മാണത്തിന് വായ്പ
- വനിത വ്യവസായ സംഘം രൂപീകരിക്കുക
- പെൺകുട്ടികൾക്കു കൈതൊഴിൽ പരിശീലനം നൽകുക

# പാർപ്പിടവും സാമൂഹ്യക്ഷേമവും

## പാർപ്പിടം

വെള്ളത്താൽ ചുറ്റപ്പെട്ട പ്രദേശമായ പുളിങ്കുന്നു ഗ്രാമപഞ്ചായത്തിൽ പാർപ്പിട സൗകര്യം സാമാന്യം മെച്ചപ്പെട്ടതാണെങ്കിലും. കർഷകതൊഴിലാളി മേഖലയായ ഈ പ്രദേശത്ത് കായൽ വരമ്പുകളിലും പാടത്തിൻെറ പുറബണ്ടുകളിലും കുടിൽകെട്ടി വസിക്കുന്നവരും പഞ്ചായത്തിൻെറ അതിർത്തിയിലുണ്ട് ഭവനരഹിതർ പഞ്ചായത്തിലില്ല. എങ്കിലും മഴക്കാലത്ത് ചോർന്നൊലിക്കുന്ന വീടുകൾ ധാരാളമുണ്ട്.

പഞ്ചായത്ത് രേഖകളനുസരിച്ചു 4948ങ്ങളുള്ളതിൽ 998 കുടിലാണ്. പുളിങ്കുന്നു ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള വീടുകളുടെ വാർഡ് തിരിച്ചുള്ള പട്ടിക.

91 -ലെ സെൻസസ്സ് അനുസരിച്ചു കേരളത്തിലെ 51.6% വീടുകൾ മെച്ചപ്പെട്ട ഓട് ഇട്ടതോ, കോൺക്രീറ്റ് നിർമ്മിതമോ ആണ്. പുളിങ്കുന്നു പഞ്ചായത്തിലെ വീടുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ പട്ടിക ഒന്നിൽ കാണാവുന്നതാണ്.

പട്ടിക - 1

| വാർഡ് | വീടുകളുടെ എണ്ണം | ഓട് | കുടിൽ | കോൺക്രീറ്റ് | ഷീറ്റ് |
|---|---|---|---|---|---|
| 1 | 351 | 298 | 48 | 5 | |
| 2 | 432 | 315 | 117 | 8 | |
| 3 | 622 | 363 | 49 | 15 | |
| 4 | 540 | 410 | 90 | 40 | |
| 5 | 532 | 408 | 99 | 25 | |
| 6 | 421 | 388 | 31 | 52 | |
| 7 | 418 | 341 | 58 | 16 | 16 |
| 8 | 414 | 248 | 160 | 6 | |
| 9 | 363 | 212 | 49 | 2 | |
| 10 | 535 | 307 | 225 | 2 | |
| 11 | 320 | 248 | 72 | - | |

പട്ടികജാതി കോളനികൾ മെച്ചപ്പെട്ടതല്ലെങ്കിലും പാർപ്പിട സൗകര്യങ്ങൾ ഉണ്ട്. കക്കൂസും, കുടിവെള്ളം, ഗതാഗതം ഈ കോളനികളിൽ ഏറെ പ്രശ്നങ്ങളാണ്. പഞ്ചായത്തിൽ അഞ്ചു ലക്ഷംവീടു കോളനികളും മൂന്ന് സെറ്റിൽമെൻറ് കോളനിയുമുണ്ട്.

| കോളനിയുടെ സ്വഭാവം | സ്ഥിതിചെയ്യുന്ന സ്ഥലം | വാർഡ് | വീടുകളുടെ എണ്ണം | കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|
| ലക്ഷംവീട് | അറയ്ക്കൽ | 1 | 9 | |
| എസ്.സി. എസ്.റ്റി | അമ്പനാപ്പള്ളി | 2 | | |
| ലക്ഷംവീട് | കൊല്ലമുട്ടം | 4 | | |
| പത്തിൽചിറ | കായൽപുറം | 5 | | |
| വയലാറ്റ് | കായൽപുറം | 7 | | |
| SC/ST | 60ൽ ചിറ | 8 | 22 | |
| ലക്ഷംവീട് | ചതുർത്ഥ്യാകരി | 9 | 5 | 9 |
| പുത്തൻതുരുത്ത് | കായൽ പുരയിടം | 11 | 30 | |

ഈ കോളനികളിലെ താമസസൗകര്യങ്ങൾ തൃപ്തികരമല്ല. കേരളത്തിലെ പാർപ്പിടപ്രശ്നം പരിഹരിക്കണമെങ്കിൽ 2000 കോടി രൂപയോളം വേണ്ടിവരുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇത് സംസ്ഥാന ഗവർമെൻറുകളുടെ സഹായംകൊണ്ടു മാത്രം പരിഹരിക്കപ്പെടില്ല എന്നതു വ്യക്തമാണ്. സന്നദ്ധസംഘടനകളുടെയും മറ്റും പൂർണ്ണമായ സഹകരണംകൂടി ഉണ്ടായാലെ ഇതിനു പരിഹാരം കാണാൻ കഴിയു.

## പ്രശ്നങ്ങൾ

1) വസ്തുവിലയും കെട്ടിടനിർമ്മാണ ഉരുപ്പടികളുടെ ഭീമമായ വിലക്കയറ്റവും സ്ഥിര വരുമാനമില്ലായ്മയും പാർപ്പിടപ്രശ്നം ഗുരുതരമാക്കുന്നു.
2) ഭവനനിർമ്മാണ വായ്പയുടെ പലിശയും, വ്യവസ്ഥകളും കാരണം വായ്പ ലഭ്യമാകാൻ ബുദ്ധിമുട്ടനുഭവിക്കുന്നു.
3) പഞ്ചായത്തിൽ ഭവനനിർമ്മാണ വായ്പ സംഘം ഇല്ല.
4) ഭവനനിർമ്മാണ തൊഴിലാളികളുടെ അഭാവം.
5) ചിലവുകുറഞ്ഞ വീടുനിർമ്മാണ വിദഗ്ദർ പഞ്ചായത്തിൽ ഇല്ല.
6) ലക്ഷംവീടു കോളനികളിൽ കുളിമുറിയും കക്കൂസും ഇല്ല.
7) കോളനികളിലെ വീടുകളുടെ അറ്റകുറ്റപണികൾ നടക്കാത്തതുകൊണ്ടു അപകടം തുടങ്ങിയ പ്രശ്നങ്ങൾ ഏറെയുണ്ട്.

## സാദ്ധ്യതകൾ

പഞ്ചായത്തിൽ ഭവന സഹകരണസംഘം രൂപീകരിക്കുക.

നിർമ്മിതി ഭവനനിർമ്മാണ പരിശീലനം.പഞ്ചായത്തിലെ തൊഴിലാളികൾക്ക് നൽകുക.

ഭവന നിർമ്മാണ ഉരുപ്പടികൾ പഞ്ചായത്തിൽ നിർമ്മിക്കുക.

## സാമൂഹ്യക്ഷേമം

* പുളിങ്കുന്നിലെ കുടുംബങ്ങളിൽ ദാരിദ്ര്യരേഖയ്ക്കു താഴെ കഴിയുന്നവരാണ് അധികവും പഞ്ചായത്തിൽ കക്കൂസു ഇല്ലാത്തവരുടെ എണ്ണം ഓരോ വാർഡിലും വളരെ കൂടുതലാണ്. IRDP സർവ്വേപ്രകാരം ദാരിദ്ര്യ രേഖയ്ക്കു താഴെ 2888 കുടുംബങ്ങളിൽ സാമ്പത്തിക സഹായം ലഭിച്ചത് 214 പേർക്കാണ്. ഇതിൽ 118 SC/ST വിഭാഗത്തിൽപ്പെട്ടവരുമാണ്.
* ട്രൈസം തൊഴിൽ പരിശീലന പദ്ധതി അനുസരിച്ചു 21 പേർക്കു പരിശീലനം ലഭിച്ചവരിൽ 13 പേർ സ്വയം തൊഴിൽ കണ്ടെത്തിയിട്ടുണ്ട്. ഈ മേഖല കൂടുതൽ പ്രോത്സാഹനം നൽകി തൊഴിൽ പരിശീലന മേഖലയായി വ്യാപിപ്പിക്കുന്നതു നല്ലതാണ്.
* പഞ്ചായത്തിലെ ഗ്രാമീണ കൈത്തൊഴിലുകാർക്കു ആധുനിക രീതിയിലുള്ള ഉപകരണങ്ങൾ നൽകുകയും മറ്റു സഹായങ്ങൾ നൽകുകയും ചെയ്യണം.
* സാമൂഹ്യ ക്ഷേമവകുപ്പിൻെറ കീഴിൽ പ്രവർത്തിക്കുന്ന ICDS ക്ഷേമപരിപാടികളൊന്നും ഇന്ന് പഞ്ചായത്തിൽ നിലവിലില്ല. സാങ്കേതിക പ്രശ്നങ്ങളും, ധനസഹായകാലതാമസങ്ങളുംഅതു ലഭിക്കേണ്ടവർക്കു വളരെയേറെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. തൊഴിലില്ലായ്മ വേതനം നിയമ തടസ്സങ്ങൾ മൂലം കിട്ടാത്തവർ ഏറെയുണ്ടു പഞ്ചായത്തിൽ.
* പഞ്ചായത്തിൽ................. പൊതുവിതരണ കേന്ദ്രങ്ങൾ ഉള്ളതിൽ ...............കാർഡു ഉടമകൾ ഉണ്ട്. ധാരാളം പരാതികളും പ്രശ്നങ്ങളും ഉള്ള ഈ സംവിധാനം പഞ്ചായത്തിൻെറ പൂർണ്ണ നിയന്ത്രണത്തിൽ ഉള്ള പൊതു വിതരണ കേന്ദ്രമാക്കിയാൽ, ഇപ്പോഴുള്ള പരാതികൾക്ക് പരിഹാരം തേടാനാവു.

## പ്രശ്നങ്ങൾ

* സാമൂഹ്യക്ഷേമ പരിപാടികൾ ഗുണഭോക്താക്കൾക്ക് കിട്ടുന്നില്ല.
* സഹായങ്ങൾ ലഭിക്കുവാനുള്ള കാലതാമസം.
* മഹിളാ സമാജങ്ങളുടെ കെട്ടിടങ്ങളുടെയും സ്ഥലപരിമിതിയുടെയും പ്രശ്നങ്ങൾ.
* തൊഴിലില്ലായ്മ വേതനം യഥാസമയം ലഭിക്കുന്നില്ല.

## സാദ്ധ്യതകൾ

* പഞ്ചായത്ത് വാർഡ് തലത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക, (ധനസഹായങ്ങൾ, സാമൂഹ്യ ക്ഷേമം.)
* എല്ലാ വാർഡിലും അങ്കണവാടികൾ സ്ഥാപിക്കുക.
* മാവേലിസ്റ്റോർ ആരംഭിക്കുക.
* സാനിട്ടിറി കക്കൂസുകൾ എല്ലാ കുടുംബങ്ങൾക്കും നിർമ്മിച്ചു നൽകുക. (അർഹതയുള്ളവർക്ക്)

# സഹകരണം

'ആവശ്യം സൃഷ്ടിയുടെ മാതാവ്' എന്നു പറയാറുണ്ടല്ലോ. പൂർണ്ണമായും ഒരു കാർഷിക മേഖ ലയായ നമ്മുടെ പഞ്ചായത്തിൽ സ്വകാര്യപണമിടപാടുകാരുടേയും ഹുണ്ടികക്കാരുടേയും മുമ്പിൽ എല്ലാം പണയപ്പെടുത്തേണ്ടിവന്ന കൃഷിക്കാരൻെറ പരാധീനത ജന്മം നൽകിയതാണ് ഈ പഞ്ചായത്തിലെ സഹകരണ പ്രസ്ഥാനത്തിനെ ..................ൽ സ്ഥാപിതമായ ചതുർത്ഥ്യാകരി സർവ്വീസ് സഹകരണ സംഘത്തിൻെറ സ്ഥാപനം മുതൽ ആരംഭിയ്ക്കുന്നു പുളിംകുന്നിലെ സഹകരണ സംഘങ്ങളുടെ ചരിത്രം.

ഇന്ന് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത് പ്രവർത്തിയ്ക്കുന്ന 15 ഓളം സഹകരണസംഘങ്ങൾ ഇവിടെയുണ്ട്. പതിനേഴായിരത്തിലധികം പ്രായപൂർത്തിയായവർ അധിവസിക്കുന്ന ഈ പഞ്ചായത്തിലെ 50 ശതമാനത്തിലധികം ആളുകൾ ഏതെങ്കിലും സഹകരണസംഘത്തിൽ അംഗങ്ങളായിട്ടുള്ളവരാണ്. ജനകീയ ആസൂത്രണ പ്രസംഥാനത്തിലൂടെ നമ്മുടെ പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്ന ആദ്യത്തെ വർഷം കൊണ്ട് ഈ പഞ്ചായത്തിലെ 100 ശതമാനം പേരേയും സഹകാരികളാക്കാൻ നമുക്ക് കഴിയണം.

നമ്മുടെ പഞ്ചായത്തിലെ സഹകരണ മേഖലയുടെ ഇന്നത്തെ ചിത്രം താഴെപ്പറയുന്ന പട്ടികയിൽ വ്യക്തമാണ്.

## എ. ക്രഡിറ്റ് മേഖല

| സംഘത്തിൻെറ പേര് | പ്രവർത്തന പരിധി | അംഗങ്ങൾ | ഓഹരിമൂലധനം രൂപാ | സ്ഥിരനിക്ഷേപം രൂപ | കാർഷിക വായ്പകൾ | മറ്റ് വായ്പകൾ | കിട്ടുവാനുള്ളത് |
|---|---|---|---|---|---|---|---|
| പുളിംകുന്ന് SCB No. 4015 | 5,6,7 വാർഡ് 8-ാം വാർഡ് ഭാഗികം | 3083 | 9,19160 | 3950047, | 51,40,112 | 86,84660 | 42,97602 |
| ചതുർത്ഥ്യാകരി SCB No. 1247 | 8,9,10 വാർഡുകൾ | 3418 | 11,27860 | 11434741 | 2931801 | 1,23,13688 | 16,28986 |
| വടക്കേ അങ്ങാടി SCB A 705 | 1,2,3,4 വാർഡുകളും 5 ഭാഗികം | 2616 | 478517 | 367800 | 582391 | 223765 | 965156 |

## ബി. നോൺക്രഡിറ്റ് മേഖല. ഈ മേഖലയിൽപ്പെട്ട താഴെപറയുന്ന സംഘങ്ങൾ ഇവിടെ പ്രവർത്തിക്കുന്നു.

### 1. ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ

1976 ൽ രൂപംകൊണ്ട പുളിംകുന്ന് ക്ഷീര വ്യവസായ സഹകരണസംഘം കുട്ടനാട് താലൂക്കിലെ ആദ്യത്തെ ക്ഷീര വ്യവസായ സഹകരണസംഘം ആണ്. കണ്ണാടി ക്ഷീര വ്യവസായ സഹകരണസംഘം, ചതുർത്ഥ്യാകരി ക്ഷീര വ്യവസായ സഹകരണ സംഘം, മങ്കൊമ്പ് വനിതാ ക്ഷീര വ്യവസായ സഹകരണസംഘം എന്നിവ ഉൾപ്പെടെ 4 ക്ഷീര സംഘങ്ങളാണ് ഇവിടെ പ്രവർത്തിക്കുന്നത്. ഇതിൽ ആദ്യത്തേത് വ്യവസായ സഹ:സംഘം ആയും ബാക്കി 3 എണ്ണം അപ്കോസ് സംഘങ്ങളായും പ്രവർത്തിക്കുന്നു. കാൽലക്ഷം ജനസംഖ്യയുള്ള നമ്മുടെ പഞ്ചായത്തിലെ

മുഴുവൻ പാൽ ആവശ്യങ്ങളും നിറവേറ്റാൻ ഈ പഞ്ചായത്തിൽ ഇപ്പോഴുള്ള 600 ഓളം കറവമാടുകൾ തീരെ അപര്യാപ്തമാണ്. നല്ലതൊഴുത്തുകളില്ലാത്തതും, ഉൽപ്പാദനശേഷിയുള്ളപശുകുട്ടികളെ ന്യായമായ വിലയ്ക്ക് ലഭിയ്ക്കാത്തതും കാലിതീറ്റയും, തീറ്റപുല്ലിൻേറയും ലഭ്യതയില്ലായ്മയും ഈ രംഗം നേരിടുന്ന പ്രശ്നങ്ങളാണ്.

## 2. പട്ടികജാതി സഹകരണ സംഘം

1980 ൽ സ്ഥാപിതമായ വേമ്പനാട് ഹരിജൻ സഹകരണസംഘം ഇപ്പോൾ ഏറെക്കുറെ പ്രവർത്തന രഹിതമായിരിക്കുന്നു ഈ മേഖലയിൽ സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള ധാരാളം പദ്ധതികളുടെ പ്രയോജനങ്ങൾ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ലഭ്യമാക്കുവാൻ ഈ സംഘത്തിനുകഴിഞ്ഞിട്ടില്ല. 225 അംഗങ്ങളും 10050 രൂപാ പ്രവർത്തന മൂലധനവും ഉള്ള ഈ സംഘത്തിൻെറ പ്രവർത്തന മേഖല പഞ്ചായത്ത് മുഴുവൻ വ്യാപകമാക്കി മുഴുവൻ പട്ടികജാതി പട്ടികവർഗ്ഗക്കാരേയും അംഗങ്ങളാക്കണം.

## 3. സ്കൂൾ സഹകരണ സംഘങ്ങൾ

പുളിംകുന്ന് സെൻറ് ജോസഫ്സ് ഹൈസ്ക്കൂൾ, ലിറ്റിൽ ഫ്ളവർ ഗേൾസ് ഹൈസക്കൂൾ, മങ്കൊമ്പ് ഗവ: ഹൈസ്ക്കൂൾ, ചതുർത്ഥ്യാകരി ഗവൺമെൻറ് യു. പി. എസ്. തുടങ്ങിയ വിദ്യാലയങ്ങളിൽ ഇപ്പോൾ സ്കൂൾ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനങ്ങൾ ഇപ്പോൾ തൃപ്തികരമല്ല. മുഴുവൻ വിദ്യാർത്ഥികൾക്കും നിർബന്ധിത അംഗത്വം നൽകുന്ന ഈ സംഘങ്ങൾ വഴി വിദ്യാർത്ഥികൾക്ക് ആവശ്യമായ പുസ്തകങ്ങൾ, നോട്ടുബുക്കുകൾ, സ്റ്റേഷനറി സാധനങ്ങൾ എന്നിവ ന്യായമായ വിലയ്ക്ക് ഇപ്പോൾ നൽകാൻ സംവിധാനങ്ങളില്ല. അവ ലഭ്യമാക്കാൻ നടപടിയെടുക്കുക.

## 4. ലേബർ കോൺട്രാക്റ്റ് സഹകരണ സംഘങ്ങൾ

പുളിംകുന്നിൽ 4 ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവയൊന്നും ജനകീയ സംഘങ്ങളായി പ്രവർത്തിക്കുന്നില്ല. ആസൂത്രണ പ്രസ്ഥാനത്തിൻെറ കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുവാനും, തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ഈ സംഘങ്ങൾക്ക് കഴിയേണ്ടിയിരിക്കുന്നു.

## 5. കോഴി വളർത്തൽ സഹകരണ സംഘം

1990 -ൽ പ്രവർത്തനം ആരംഭിച്ച പുളിംകുന്ന് പൗൾട്രി ബ്രീഡേഴ്സ് സഹകരണ സംഘം പ്രവർത്തനം ആരംഭിച്ചുവെങ്കിലും നാമമാത്രമാണ്. 189 അംഗങ്ങളും 2080 രൂപാ മൂലധനവും മാത്രമുള്ള ഈ സംഘം വ്യാപകമായ കർമ്മമേഖല കണ്ടെത്തണം.

## പുളിംകുന്ന് പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനം ശക്തിപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ

1. പുളിംകുന്ന് ഗ്രാമപഞ്ചായത്തിൻെറ പണമിടപാടുകൾ പഞ്ചായത്തിലെ ഏതെങ്കിലും ക്രഡിറ്റ് സഹകരണ സംഘം വഴിയാക്കണം.
2. പഞ്ചായത്തിലെ മുഴുവൻ അംഗങ്ങളേയും സഹകരണ സംഘങ്ങളിൽ അംഗങ്ങളാക്കാൻ പഞ്ചായത്തിൻെറ നേതൃത്വത്തിൽ വിപുലമായ പരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.
3. കൃഷി ചെലവിലുണ്ടായിട്ടുള്ള വർദ്ധനവിൻെറ അടിസ്ഥാനത്തിൽ ക്രഡിറ്റ് സംഘങ്ങൾ നൽകുന്ന വായ്പാ പരിധി വർദ്ധിപ്പിയ്ക്കണം.
4. ഇപ്പോൾ വായ്പക്കാർ വായ്പ തുകയുടെ 10 ശതമാനം ഓഹരി മൂലധനമായി അടയ്ക്കേണ്ടിവരുന്നു. ഈ ബുദ്ധിമുട്ട് ഒഴിവാക്കാൻ വായ്പകളിൻമേലുള്ള ഓഹരി അനുപാതം 1:20 എന്നാക്കിമാറ്റുക.

5. കാലാവധി കഴിഞ്ഞിട്ടും വായ്പതുക പിരിച്ചെടുക്കുവാൻ കഴിയാതെ ഭീമമായ കുടിശ്ശിഖ വരുത്തിയിട്ടുള്ള സംഘങ്ങളുടെ പ്രവർത്തന മേഖല ക്രമേണ ശുഷ്ക്കമാകുമെന്നുള്ളതുകൊണ്ട് അങ്ങനെയുള്ള സംഘങ്ങൾ കുടിശ്ശിഖ പിരിച്ചെടുക്കുവാൻ നടപടികൾ സ്വീകരിക്കണം.

6. ഇപ്പോൾ പ്രവർത്തിക്കുന്ന ക്ഷീര സഹകരണസംഘങ്ങൾ പാൽ വാങ്ങുകയും വിൽക്കുകയും ചെയ്യുന്നതുകൂടാതെ, കന്നുകാലി വളർത്തലിൽ പരിശീലനം നൽകുക, പശുതൊഴുത്ത് നിർമ്മാണം, നല്ലയിനം കറവമാടിൻ കുട്ടികളുടെ വിതരണം, കാലിതീറ്റ നിർമ്മാണം, മൃഗചികിത്സ, എന്നീ മേഖലയിൽക്കൂടി കടന്നു ചെല്ലണം. 2 വാർഡിന് ഒന്ന് എന്ന നിലയിൽ കൂടുതൽ സംഘങ്ങൾ രജിസ്റ്റർ ചെയ്യാൻ നടപടി സ്വീകരിയ്ക്കണം. കറവമാട് വളർത്തൽ പ്രോത്സാഹിപ്പിക്കുകയും കറവമാട് വളർത്തലുള്ള മുഴുവൻ ആളുകളേയും ക്ഷീര സംഘത്തിൽ അംഗങ്ങളാക്കുകയും വേണം. സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് നൽകുന്ന വേതനവും പ്രതിവർഷം രണ്ടു പ്രാവശ്യം വർദ്ധിപ്പിക്കുന്ന ക്ഷാമബത്തയും പ്രത്യേകിച്ച് ക്രഡിറ്റ് സഹകരണ സംഘങ്ങൾക്ക് ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി ഉണ്ടാക്കുന്നുണ്ട്. ഇതു പരിഹരിക്കുന്നതിനുള്ള മാർഗ്ഗം ഗവ. തലത്തിൽ സ്വീകരിയ്ക്കുക.

7. പുളിംകുന്ന് പഞ്ചായത്തിലുള്ള പട്ടികജാതി പട്ടിക വർഗ്ഗക്കാരിൽ വളരെക്കുറച്ച് ആളുകൾ മാത്രമേ വേമ്പനാട് പട്ടികജാതി സഹ. സംഘത്തിൽ അംഗങ്ങളായിട്ടുള്ളൂ. മുഴുവൻ പട്ടികജാതിക്കാരേയും അംഗങ്ങളാക്കി സംഘത്തിൻെറ സേവനം അവർക്കു നൽകുകയും ചെയ്യണം. സർക്കാരിൽ നിന്നും പട്ടികജാതിക്കാർക്കു നൽകുന്ന ആനുകൂല്യങ്ങൾ ലാപ്സായി പോകുന്ന സ്ഥിതിവിശേഷം ഇപ്പോൾ നിലവിലുണ്ട്. ഈ മേഖലയിൽ നൽകുന്ന പരമാവധി ആനുകൂല്യങ്ങൾ നേടിയെടുക്കാൻ ഈ സംഘത്തെ പ്രാപ്തമാക്കണം.

8. സ്കൂൾ സഹകരണ സംഘങ്ങൾക്ക് അതാതു സ്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ആവശ്യമായ പാഠപുസ്തകങ്ങളും നോട്ടുബുക്കുകളും, സൗജന്യനിരക്കിൽ നൽകാനും, സ്നേഷനറി സാധനങ്ങളുടെ വിൽപ്പന നടത്താനും, സംഘത്തിൻെറ ലാഭ വിഹിതം എല്ലാ അംഗങ്ങൾക്കും വിതരണം ചെയ്യുവാനും കഴിയണം.

9. തൊഴിലില്ലായ്മ പരിഹരിയ്ക്കുന്നതിന് ലേബർ ക്രോൺട്രാക്ട് സംഘങ്ങളുടെഇന്നത്തെ പ്രവർത്തനം സുതാര്യമാക്കണം. നിർമ്മാണ പ്രവർത്തനങ്ങൾ ടെണ്ടർ വിളിക്കുവാൻ ഈ സംഘങ്ങളെ പര്യാപ്തമാക്കുകയും അംഗങ്ങൾക്ക് കൃത്യമായി ലാഭ വിഹിതം നൽകുവാൻ സംവിധാനം ഉണ്ടാക്കുകയും ചെയ്യണം.

10. ഇപ്പോൾ ലഭ്യമായ കണക്കുകൾ അനുസരിച്ച് 17500 - ഓളം കോഴികൾ ഈ പഞ്ചായത്തിലെ വീട്ടുവളപ്പുകളിലായി വളരുന്നുണ്ട്. ഈ പഞ്ചായത്തിൽ ആവശ്യമായത്ര മുട്ടകൾ ഉൽപാദിപ്പിക്കുവാൻ ഇവ പര്യാപ്തമല്ല. കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും, കോഴികളുടെ ചികിത്സ, ഇറച്ചിക്കോഴി വളർത്തൽ, മുയൽ വളർത്തൽ എന്നീ മേഖലകളിൽക്കൂടി ഇപ്പോൾ പുളിംകുന്നിൽ പ്രവർത്തിക്കുന്ന പൗൾട്രി ബ്രീഡേഴ്സ് - കോ ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്കു കഴിയണം. .5000പരം വീടുകളുള്ള ഈ പഞ്ചായത്തിലെ 189 വീടുകളിൽ മാത്രമേ ഇപ്പോൾ ഈ സംഘത്തിൻെറ അംഗങ്ങൾ ഉള്ളൂ. മുഴുവൻ വീടുകളേയും അംഗങ്ങളാക്കി ഇതിൻെറ പ്രവർത്തനമേഖല വിലുലമാക്കണം.

11. പുളിംകുന്ന് പഞ്ചായത്ത് 8-ാം വാർഡിൽ പ്രവർത്തിച്ചിരുന്ന കുട്ടനാട് മാർക്കറ്റിംഗ് സഹകരണ സംഘം ഇപ്പോൾ ആലപ്പുഴ പട്ടണത്തിലേയ്ക്ക് ആസ്ഥാനം മാറ്റി പ്രവർത്തനം നടത്തുകയാണ്. ഈ പഞ്ചായത്തിലെ പ്രധാന കാർഷിക ഉൽപ്പന്നങ്ങളായ നെല്ല്, തേങ്ങാ, എന്നിവയും ഇവയുടെ ഉപോൽപ്പന്നങ്ങളായ കച്ചി, തെങ്ങ്തടി, ഓല, ചിരട്ട, തൊണ്ട് എന്നിവയും മറ്റ് കാർഷിക ഉൽപ്പന്നങ്ങളും കൃഷിക്കാരിൽ നിന്നും വാങ്ങുന്നതിനും പുളിംകുന്ന് പഞ്ചായത്ത് പ്രവർത്തനമേഖലയാക്കി ഒരു മാർക്കറ്റിംഗ് സഹകരണ സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കണം.

12. ജനകീയ ആസൂത്രണ പ്രസ്ഥാനത്തിൻെറ പ്രവർത്തനഫലമായി പഞ്ചായത്തിൽ ഉൽപ്പാദിപ്പിയ്ക്കപ്പെടുന്ന പച്ചക്കറികൾ വിറ്റഴിക്കാൻ അടിയന്തിരമായി സംവിധാനം ഉണ്ടാക്കേണ്ടതുണ്ട്. ഈ ആവശ്യം നിറവേറ്റുന്നതിനും പച്ചക്കറി കൃഷി , പൂക്കൃഷി, കൂൺകൃഷി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി ഒരു ഹോർട്ടി

കൾച്ചർ കോ- ഓപ്പറേറ്റീവ് സൊസൈറ്റി രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കണം.

13. ജനകീയ ആസൂത്രണ പ്രസ്ഥാനത്തിൻെറ പ്രവർത്തനഫലമായി ഈ പഞ്ചായത്തിൽ ഉൽപാദിപ്പിയ്ക്കുന്ന മത്സ്യം സംസ്ക്കരിക്കുന്നതിനും, വിൽപ്പന നടത്തുന്നതിനും, മത്സ്യതൊഴിലാളികൾക്കും മത്സ്യ കൃഷിക്കാർക്കും ആവശ്യമായ ഉപകരണങ്ങൾ നൽകുന്നതിനും, മത്സ്യ മേഖലയിലെ നൂതന സാങ്കേതിക വിജ്ഞാനവും കൃഷി രീതിയും ആവിഷ്ക്കരിക്കുന്നതിനും വേണ്ടി ഒരു മത്സ്യ സഹകരണ സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തിയ്ക്കണം.

14. ഭൂപണയ ബാങ്കുകൾ എന്നറിയപ്പെട്ടിരുന്ന കാർഷിക വികസന ബാങ്കിൻെറ സേവനം ഇപ്പോൾ ആലപ്പുഴയിൽ നിന്നും ആണ് ലഭിക്കുന്നത്. നിരവധി മേഖലകളിൽ വായ്പ നൽകുന്നതിന് പുളിംകുന്ന് പഞ്ചായത്ത് കേന്ദ്രമാക്കി ഒരു കാർഷിക വികസന ബാങ്കിൻെറ ബ്രാഞ്ച് രിജസ്റ്റർ ചെയ്ത് പ്രവർത്തിയ്ക്കണം.

15. മോഡേൺ റൈസ് മില്ലുകളുടെ ആവിർഭാവത്തോടുകൂടി തൊഴിൽ പ്രതിസന്ധി നേരിടുന്ന 50 ഓളം നെല്ലു പുഴുങ്ങിക്കുത്തുകാരുടെ കുടുംബങ്ങളുണ്ട് ഈ പഞ്ചായത്തിൽ. കുട്ടനാട്ടിലെ നെല്ലുപുഴുങ്ങിക്കുത്തു തൊഴിലിനെ കേന്ദ്രഖാദികമ്മീഷൻ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. മോഡേൺ റൈസ് മില്ലിൽ ഉൽപാദിപ്പിയ്ക്കപ്പെടുന്ന അരിയുടെ അത്രയും ഗുണനിലവാരം 'റബർ ഹള്ളർ' ഘടിപ്പിച്ച ഒന്നാം നമ്പർ റൈസ് മില്ലുകൾക്കുണ്ട്. ഈ സാഹചര്യത്തിൽ നെല്ലു പുഴുങ്ങിക്കുത്തുകാരെ സംഘടിപ്പിച്ച് ഒരു ഖാദി വ്യവസായ നെല്ലുപുഴുങ്ങിക്കുത്തു സഹകരണ സംഘം പ്രവർത്തിപ്പിക്കണം.

16. വനിതകൾക്കിടയിൽ കൂടുതൽ സംഘടനാ ബോധം ഉണ്ടാക്കുന്നതിനും, പൊതു രംഗത്ത് പ്രവർത്തിയ്ക്കുവാൻ വനിതകളേ പ്രാപ്താരാക്കുന്നതിനും ഉതകുമാറ് തീപ്പെട്ടി നിർമ്മാണം, ഭക്ഷ്യ സംസ്ക്കരണം, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം എന്നീ മേഖലയിൽ വിവിധ വനിതാ സഹകരണസംഘങ്ങൾ രൂപീകരിയ്ക്കണം.

17. ഭവന നിർമ്മാണത്തിന് ആവശ്യമായ സാധനങ്ങൾ നിർമ്മിയ്ക്കുക, വിൽപ്പന നടത്തുക, ഭവന നിർമ്മാണ വായ്പ നൽകുക, വീട് വയ്ക്കുന്നതിന് ആവശ്യമായ ഭൂമി പ്ലോട്ടുകളായി വാങ്ങി വിൽപ്പന നടത്തുക, ഹൗസിംഗ് കോളനികൾ സ്ഥാപിക്കുക, വിവിധ ഭവന നിർമ്മാണ പദ്ധതികളിൽ സഹകരിക്കുക എന്നീ ലക്ഷ്യങ്ങൾക്കുവേണ്ടി പ്രവർത്തിയ്ക്കുന്നതിനായി കേരളാ സ്റ്റേറ്റ് ഹൗസിംഗ് ഫെഡറേഷനിൽ അഫിലിയേഷനോടുകൂടി ഒരു ഭവന നിർമ്മാണ സഹകരണ സംഘം പുളിംകുന്ന് പഞ്ചായത്ത് പ്രവർത്തന മേഖലയായി പ്രവർത്തനം നടത്തുക.

18. കുട്ടനാട് താലൂക്കിൽ പ്രർത്തിക്കുന്ന സർവ്വീസ് സഹകരണ സംഘങ്ങളുടെ ഫെഡറേഷൻ ഉണ്ടാക്കി ഒരു മോഡേൺ റൈസ് മിൽ സ്ഥാപിയ്ക്കണം. ഇതിലേയ്ക്ക് മുൻകൈയെടുക്കുന്നവർക്ക് ആവശ്യമായ സാമ്പത്തിക സഹായം ബഹു. സംസ്ഥാന കൃഷി വകുപ്പുമന്ത്രി കുട്ടനാട് നെൽ കർഷകരുടെ യോഗത്തിൽ വാഗ്ദാനം ചെയ്ത വിവരവും ഈ രംഗത്തിന് പ്രതീക്ഷ നൽകുന്നു.

19. പുളിങ്കുന്നു പഞ്ചായത്തിൽ ഏറ്റവും കൂടുതൽ കാലി വളർത്തലുള്ളത് ഒന്ന് - പതിനൊന്ന് വാർഡുകളിൽലാണ്. ഒന്നാം വാർഡിൽ ചാരിറ്റബിൾ കോപ്പറേറ്റീവ് ആക്ട് അനുസരിച്ച് ഒരു മിൽക്കു സൊസൈറ്റി സ്ഥാപിക്കണം. ഇതുകൊണ്ട് ഒന്നും - പതിനൊന്നും വാർഡുകളിലെ ജനങ്ങൾക്ക് പ്രയോജനം ലഭിക്കും.

20. ജീവിതത്തിൻെറ സമത്സ മേഖലയുമായും ബന്ധപ്പെട്ട് പ്രവർത്തിയ്ക്കുവാൻ സഹകരണ മേഖലയ്ക്ക് കഴിയും.ഗ്രാമീണ ജന ജീവിതത്തിൻെറ വിവിധ മേഖലകളിൽ സഹകരണ പ്രസ്ഥാനത്തിന് കയ്യുയർത്തിയാൽ എത്തിപ്പിടിയ്ക്കാനാവാത്തത്ര ഉയരത്തിൽ ഒന്നുംതന്നേയില്ല. സഹകരണ ആശുപത്രി, സഹകരണ ഹോട്ടൽ, ടൂറിസം ഡവലപ്മെൻറ്, സഹകരണ ട്രാൻസ്പോർട്ട്, തുടങ്ങിയഖേലയിലേയ്ക്ക് നമുക്ക് കടന്നു ചെല്ലാൻ കഴിയും. ജനകീയ ആസൂത്രണ പ്രസ്ഥാനത്തിൻെറ ഭാഗമായി നടത്തപ്പെട്ട വിവിധ ഗ്രാമസഭകളിൽ ഉയർന്നു വന്നമിക്കവാറും എല്ലാ പ്രശ്നങ്ങളുടേയും ഉത്തരം വന്നെത്തി നിൽക്കുന്നത് സഹകരണ പ്രസ്ഥാനത്തിലാണ്. ഈ റിപ്പോർട്ടിൻെറ ഉറവിടവും ഗ്രാമസഭകളിൽ നടന്ന ചർച്ചകളാണ്. ഈ വികസന സെമിനാറിൽ പങ്കെടുക്കുന്ന എല്ലാവരുടേയും സജീവമായ ചർച്ചയ്ക്ക് നിർദ്ദേശങ്ങൾക്കുമായി ഈ റിപ്പോർട്ട് സവിനയം സമർപ്പിക്കുന്നു.

# വിഭവസമാഹരണം

ഒരു ഗ്രാമത്തിൻെറ തുടിപ്പ്, കിതപ്പ്, ഗ്രാമവാസികളിലാണ് - അതിൻെറ ഉയർച്ചയും താഴ്ച്ചയും അവരിൽ തന്നെയാണ്. മനുഷ്യ സമ്പത്താണ് ഒരു ഗ്രാമത്തിലെ ഏറ്റവും പ്രധാനപ്പെട്ട വിഭവം തന്നെ. ഗ്രീക്കു പുരാണത്തിലെ കൊർണേലിയൂസ് എന്ന പാവപ്പെട്ട നിർദ്ധനയായ സ്ത്രീയെപ്പോലെ ഓരോ ഗ്രാമവാസിക്കും പറയുവാൻ കഴിയണം. "I am the gewel of the Panchayath" പുളിങ്കുന്നു ഗ്രാമത്തിലെ മനുഷ്യ സമ്പത്ത് താഴെ പറയും പ്രകാരമാണ്.

ക്കൊണ്ടിരിക്കുന്ന മനുഷ്യ വിഭവത്തിൽ ഒരാളാണ്.

കുട്ടനാട് താലൂക്കിലെ ഏറ്റവും വിസ്തീർണ്ണം കൂടിയ പഞ്ചായത്ത് (31.53) പുളങ്കുന്നാണ് കരയും, കായലും, പാടശേഖരങ്ങളും, ആറും, തോടും കുളങ്ങളും കൊണ്ട് സമ്പന്നമാണ് ഈ പ്രദേശം. ഇവിടുത്തെ മണ്ണ് കർഷകനും കർഷക തൊഴിലാളിക്കും ഹരം പകരുന്ന പൊന്നാണ്.

മത്സ്യ സമ്പത്തിൻെറ കാര്യത്തിൽ-കക്കയുടെ കാര്യത്തിൽ - ഫലഭൂയിഷ്ടമായ ആറ്റുകട്ടയുടെ കാര്യത്തിൽ പുളിങ്കുന്നിന് കുട്ടനാടിൻെറ ഭൂപടത്തിൽ ഒട്ടും

| | 18 to 55 | 35 to 55 | 55 to 90 | 9016 |
|---|---|---|---|---|
| പുരുഷന്മാർ | 4864 | 4967 | 1367 | 100 |
| സ്ത്രീകൾ | 2015 | 6745 | 1898 | 84 |
| കുട്ടികൾ | 1654 | | | |

കുട്ടനാട് താലൂക്കിലെ പഞ്ചായത്തുകളിൽ ജനസംഖ്യയിൽ രണ്ടാം സ്ഥാനത്താണ് പുളിങ്കുന്ന്. (23667) കേരളത്തിൽ ഏറ്റവും കൂടുതൽ സാക്ഷരതയുള്ള പ്രദേശം കുട്ടനാടാണ്. കുട്ടനാട്ടിൽ ഏറ്റവും കൂടുതൽ സാക്ഷരതയുള്ള പ്രദേശം പുളിങ്കുന്നു ഗ്രാമ പഞ്ചായത്താണ് എന്നു പറഞ്ഞാൽ ഇൻഡ്യയിൽ ഏറ്റവും സാക്ഷരതയുള്ള പഞ്ചായത്ത് പുളിംകുന്നു ഗ്രാമ പഞ്ചായത്താണ്. കലാലയ വിദ്യാഭ്യാസവും, സാങ്കേതിക വിദ്യാഭ്യാസവും കഴിഞ്ഞ് കൃഷിക്കാരായികഴിയുന്ന വളരെയധികം യുവാക്കന്മാരും, മദ്ധ്യവയസ്ക്കരും പുളിങ്കുന്നിൻെറ സമ്പത്താണ്. ലോക പ്രശസ്തിയാർജ്ജിച്ച ഡോ. എം. എസ്. സ്വാമിനാഥൻ പുളിങ്കുന്നു പഞ്ചായത്തിൻെറ എടുത്തുപറയപ്പെടേണ്ട മനുഷ്യ സമ്പത്തിൽ ഒന്നാണ്. - ഡോ. ജോസഫ് തോമസ് Phd പുളിംകുന്നു ഗ്രാമപഞ്ചായത്തിന് ലഭ്യമായി

പിന്നിലല്ലാത്ത സ്ഥാനം ഉണ്ട്. ഉദ്ദേശം ഒരു ലക്ഷം രൂപയുടെ മത്സ്യം പുളിങ്കുന്ന് ഗ്രാമപഞ്ചായത്തതിർത്തിക്കുള്ളിൽ നിന്നും ദിവസേന പിടിക്കപ്പെട്ട് പട്ടണ നിവാസികളുടെ തീൻമേശകളിൽ എത്തുന്നുണ്ട്. കക്കയിറച്ചി ആയിരം കിലോയ്ക്കും 1500 കിലോയ്ക്കും ഇടയിൽ ദിവസേന ഈ പഞ്ചായത്തിലും മറ്റ് പ്രദേശങ്ങളിലും വിറ്റഴിയപ്പെടുകയും, കയറ്റി അയയ്ക്കപ്പെടുകയും ചെയ്യുന്നുണ്ട്.

പഞ്ചായത്തിൻെറ ജല സമ്പത്ത് വർണ്ണനാതീതമാണ്. ഈ അമൂല്യ സമ്പത്തിനെ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് നമുക്ക് കഴിഞ്ഞിട്ടില്ല. നമ്മുടെ പ്രദേശത്തെ ജനങ്ങൾ തിരുവല്ലായിൽ നിന്നു വെള്ളം കിട്ടി ദാഹം ശമിപ്പിക്കുന്നവരാണ്. നമ്മുടെ ആറുകളിലെയും, കായലുകളിലെയും വെള്ളം ശുദ്ധീകരിച്ച് ഉപയോഗിക്കുന്നതിന് ഒരു Water Treatment Plant നിർമ്മിച്ചാൽ ഇന്നുള്ള നമ്മുടെ ജലസമ്പത്തിനെ നമുക്ക് പ്ര

യോജനപ്പെടുത്താൻ കഴിയും. ഇന്ന് വാട്ടർ അതോറിറ്റിയ്ക്ക് നൽകുന്ന ഭീമമായ തുകയിൽ നിന്നു നമ്മുടെ ശുദ്ധജലക്ഷാമം ഒരു പരിധിവരെപരിഹരിക്കാനും നമുക്ക് കഴിയുകയും ചെയ്യും.

ഇന്ന് നമ്മുടെ പഞ്ചായത്തിൽ ലഭ്യമായ വളരെ പ്രധാനമായ വിഭവം നമ്മുടെ നികുതികൾ ആണ്. അവതാഴെ പ്രതിപാദിക്കുന്നവയാണ്.

## A.

1.കെട്ടിട നികുതി 2. തൊഴിൽ നികുതി,
3. സ്ഥാപന ങ്ങൾക്കുള്ള നികുതി (Institution Tax)
4. വാഹന നികുതി 5. വിനോദ നികുതി

## B. ഫീസ്

ലൈസൻസ്
ഫീസ് 1. കച്ചവടസ്ഥാപനങ്ങൾ
2. നായ്ക്കളെ വളർത്തുന്നതിന്
3.പന്നിയെ വളർത്തുന്നതിന്
4. വ്യവസായ സ്ഥാപനങ്ങൾക്ക്

സെസ്സ് ലൈബ്രറിസെസ്സ് (സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് നൽകേണ്ടത്)

## C. ലേലതുക (Non - Tax - Revenue)

1. കടത്തുവള്ളങ്ങൾ കടത്തിറക്കുന്നതിന് ലേലം ചെയ്തു കൊടുക്കൽ
2. പഞ്ചായത്തു വക സ്ഥാവര വസ്തുക്കളിലെ വൃക്ഷങ്ങളുടെ മേലാദായം - ഭൂമി കൃഷിക്ക്ലേലം ചെയ്തു കൊടുൽക്കൽ
3. പഞ്ചായത്തുവക മങ്കൊമ്പിലുള്ള മാർക്കറ്റ് സ്റ്റാളുകളുടെ ലേലം ചെയ്തു കൊടുക്കൽ

## D. സർക്കാരിൽ നിന്നും ലഭിക്കുന്ന സഹായം,

1. പാധിരഹിതഫീസ് 2. ബേസിക് ടാക്സ്
3. മൈനർ ഇറിഗേഷൻ ഗ്രാൻറ്
4. വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ ഗ്രാൻറ്
5. 25%, 75% ഡ്യൂട്ടി ഗ്രാൻറ്
6. ജവഹർ തൊഴിൽ ദാനപദ്ധതി വിഹിതം
7. ഗ്രാമീണ റോഡുകളുടെ അറ്റകുററപണിചെയ്യുന്നതിന് ഗ്രാൻറ്
8. ഭരണപരമായ ചെലവിനുള്ള ഗ്രാൻറ്

## Non - Govermental Organisation (N. G. O)

1. യുവദീപ്തി
2. വിൻസൻറ് ഡി. പോൾ സൊസൈറ്റി
3. പിതൃവേദി
4. മാതൃ ജേഞാതിസ്
5. മദ്യവർജ്ജന പ്രസ്ഥാനം
6. വിവാഹ സഹായഫണ്ട് 7. മരണ സഹായഫണ്ട്
8. എസ്. എൻ. യൂത്ത് മൂവ്മെൻറ്
9. വൈ. എം. പി. എ. സി. 10. എൻ. എസ്. എസ്. (Nair Service Society)

11. S. N. D. P. (Sree Narayana Dharma Paripalana)

## Gulf Imigration

| | |
|---|---|
| പുരുഷന്മാർ | 242 |
| സ്ത്രീകൾ | 189 |
| കുട്ടികൾ | 64 |
| ആകെ. | 495 |

## U. S. A. IMigration

| | |
|---|---|
| പുരുഷന്മാർ | 27 |
| സ്ത്രീകൾ | 18 |
| കുട്ടികൾ | 14 |
| ആകെ. | 59 |

## German Imrigation

| | |
|---|---|
| പുരുഷന്മാർ | 39 |
| സ്ത്രീകൾ | 15 |
| കുട്ടികൾ | 24 |
| ആകെ. | 78 |

കേരളത്തിന് പുറത്ത് ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ ജോലി ചെയ്ത് താമസിക്കുന്നവർ.

| | |
|---|---|
| പുരുഷന്മാർ | 1549 |
| സ്ത്രീകൾ | 397 |
| ആകെ | 1946 |

പുളിങ്കുന്നു ഗ്രാമപഞ്ചായത്തിന് പുറത്ത് ജോലി ചെയ്തു താമസിക്കുന്നവർ.

| | |
|---|---|
| പുരുഷന്മാർ | 496 |
| സ്ത്രീകൾ | 378 |
| ആകെ | 874 |

പുളിങ്കുന്ന് പഞ്ചായത്തതിർത്തിക്കുള്ളിൽ വന്നു ജോലി ചെയ്യുൻന്നവർ.

| | |
|---|---|
| പുരുഷന്മാർ | 2497 |
| സ്ത്രീകൾ | 1645 |
| ആകെ. | 4142 |

## സഹകരണ സംഘങ്ങൾ

1. ചതുർത്ഥ്യകരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് 1247
2. പുളിങ്കുന്ന് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് 4015
3. വടക്കേ അങ്ങാടി സർവ്വീസ് സഹകരണസംഘം. നമ്പർ . എ. 705

പുളിങ്കുന്ന് ഗ്രാമപഞ്ചായത്തിൽ ഏറ്റവും ഭംഗിയായി, ചിട്ടയായി പ്രവർത്തിക്കുന്ന സഹകരണ സംഘമാണ് ചതുർത്ഥ്യാകരി നമ്പർ 1247. ഇവിടുത്തെ സ്ഥിര നിക്ഷേപം ഷോർട്ട് ടേം ഡെപ്പോസിറ്റ് വിവരങ്ങൾ

| | |
|---|---|
| ഫിക്സഡ് | 11434741 -00 |
| ഷോർട്ട് | 1880815 -00 |
| ആകെ. | 1331 5556 - 00 |

## വായ്പ നൽകുന്ന തുക

| | |
|---|---|
| കൃഷി | 2931801.00 |
| സ്പെഷ്യൽ ലോൺ | 1986493.00 |
| മറ്റ് വായ്പകൾ | 10327195.00 |
| ആകെ | 15245489. 00 |

Loans from other institution

| | |
|---|---|
| ജില്ലാ സഹകരണ ബാങ്ക് | 3354897.00 |
| സർക്കാർ | 92660.00 |
| | 3447057.00 |
| Loans Out Standing | 1628956.00 |
| Maxi. Permittes Loans | 56393000.00 |

സഹകരണ പ്രസ്ഥാനത്തിന് കളങ്കം ചാർത്തിക്കൊണ്ടിരിക്കുന്ന ഒരു സൊസൈറ്റിയാണ് വടക്കേ അങ്ങാടി സർവ്വീസ് സഹകരണസംഘം. ഇവിടെ നിന്നും ലഭ്യമായ കണക്കുകൾ യാഥാർത്ഥ്യവുമായി പുലബന്ധം പോലും ഇല്ലാത്തതിനാൽ ഇതോടൊത്ത് പ്രസിദ്ധീകരിക്കുന്നില്ല.

പുളിംകുന്ന് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് 4015 പുളിംകുന്നിൻെറ മറ്റൊരു തിലക്കുറിയാണ്. പുളിങ്കുന്ന് ഗ്രാമപഞ്ചായത്തിലെ ഒരു പുരാതന കുടുംബത്തിലെ അംഗങ്ങൾ ഉദ്ദേശം 80 ശതമാനം ഷെയർ കരസ്ഥമാക്കിയിരിക്കുന്ന ഒരു സഹകരണ പ്രസ്ഥാനമാണ്. 4015. ഇവിടെ നിന്നും ലഭ്യമായ കണക്കുകൾ ഒട്ടുംതന്നെ നീതീകരിക്കത്തക്കതല്ലാത്തതിനാൽ ഇതോടൊത്ത് പ്രസിദ്ധീകരിക്കുന്നില്ല.

പുളിങ്കുന്നു പഞ്ചായത്തിലെയും, അയൽ പഞ്ചായത്തുകളിലെയും കർഷകരെ വളവും, കീടനാശിനികളും നൽകി സഹായിക്കുന്നതിനും, അവരുടെ ഉല്പന്നങ്ങസ് മാന്യമായ വിലയ്ക്ക് വിറ്റഴിക്കപ്പെടുന്നതിനും മൂന്നു സഹകരണ സംഘങ്ങളും കിടമത്സരത്തിൽ തന്നെയാണെന്ന് എടുത്തുപറയേണ്ടിയിരിക്കുന്നു.

## ബാങ്കുകൾ

1. കെനറാ ബാങ്ക് പുളിങ്കുന്ന് (Canara Bank Pulincunnu)
2. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, പുളിങ്കുന്ന് (State Bank of Travancore . Pulincunnu)
3. സൗത്ത് ഇൻഡ്യൻ ബാങ്ക് പുളിങ്കുന്ന് ( South Indian Bank Pulinkunnu)
4. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, മങ്കൊമ്പ് (SBT Mancompu)
5. ഫെഡറൽ ബാങ്ക് മങ്കൊമ്പ് (The Federal Bank Mancompu)
6. ജില്ലാ സഹകരണ ബാങ്ക് - പുളിങ്കുന്ന്

പുളിങ്കുന്ന് ഗ്രാമപഞ്ചായത്തിലെ ഏറ്റവും കൂടുതൽ ഡെപ്പോസിറ്റ് ഉള്ള ബാങ്ക് കെനറാ ബാങ്ക് പുളിംകുന്നാണ്. രണ്ടാം സ്ഥാനം സൗത്ത് ഇൻഡ്യൻ ബാങ്ക് പുളിംകുന്നിനാണ്. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ പുളിംകുന്ന് എസ്. ബി. ററി. മങ്കൊമ്പ് എന്നിവയിൽ ഏറ്റവും

കൂടുതൽ ഡിപ്പോസിറ്റും ട്രാൻസാക്ഷനും നടക്കുന്നത് എസ്. ബി. റ്റി. മങ്കൊമ്പ് ബ്രാഞ്ചിലാണ്.

പുളിങ്കുന്നിലെ എൻ. ആർ. ഇ. ഡിപ്പോസിറ്റ്കൾക്ക് മുന്നിൽ നിൽക്കുന്നത് കാനറ ബാങ്കും സൗത്ത് ഇൻഡ്യൻ ബാങ്കും ആണ്. ഏറ്റവും ഡെപ്പോസിറ്റ് കുറഞ്ഞതും ട്രാൻസാക്ഷൻ കുറഞ്ഞതുമായത് ഫെഡറൽ ബാങ്ക് , മങ്കൊമ്പ് ശാഖയിലാണ്.

ഈ പഞ്ചായത്ത് അതിർത്തിയിലുള്ള ആറ് ബാങ്കുകളിലെയും ലഭ്യമായ കണക്കുകൾ അനുസരിച്ച് 13 കോടിരൂപയുടെ ഡപ്പോസിറ്റുകളും ആയതിൻെറ 12.13% മാത്രമെ ക്രഡിറ്റ് ഫെസിലിറ്റീസ് ഉള്ളൂ.

പുളിംകുന്നു ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ ഡെപ്പോസിറ്റുകൾ ഈ പഞ്ചായത്തിലെത്തുന്ന ജനങ്ങൾതന്നെ ഉപകാരപ്രദമായ രീതിയിൽ വായ്പകൾ നൽകുന്നതിൽ നമ്മുടെ ബാങ്കുകൾ പരാജയപ്പെട്ടിരിക്കുകയാണ്. ഡപ്പോസിറ്റ് തുക മറ്റ് സംസ്ഥാനങ്ങളിലെ ജനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നുണ്ട് എന്ന് അനുമാനിക്കാം. പരമാവധി ക്രഡിറ്റ് ഫെസിലിറ്റീസ് പുളിംകുന്നു ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് നമ്മുടെ ബാങ്കുകൾ സഹകരിച്ചാൽ പുളിംകുന്നു ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ പ്രതിശീർഷവരുമാനം ഇന്നത്തേതിൽ നിന്നും 200 ഇരട്ടിയായി വർദ്ധിപ്പിക്കുവാൻ കഴിയും. ദാരിദ്ര്യരേഖയുടെ (Poverty Line) മുകളിലേയ്ക്ക് ഇപ്പോഴുള്ള 678 കുടുംബ ങ്ങളെയും കൊണ്ടുവരുവാനും മറ്റ് ജന വിഭാഗങ്ങൾക്ക് മെച്ചപ്പെട്ടജീവിതസൗകര്യം ഉണ്ടാക്കികൊടുക്കുവാനും കഴിയും.

എൻ. ആർ. ഇ. ഡെപ്പോസിറ്റ് ഏറ്റവും കൂടുതലുള്ള ബാങ്ക് എസ്. ബി. റ്റി. ആണ്. രണ്ടാംസ്ഥാനത്ത് കെനറാബാങ്ക് പുളിംകുന്ന്, മൂന്നാം സ്ഥാനത്ത് സൗത്ത് ഇൻഡ്യൻ ബാങ്ക് പുളിംകുന്നുമാണ്.

## സ്വകാര്യ ഫൈനാൻസ് കമ്പനികൾ

1. തയ്യിൽ ഫൈനാൻസിയേഴ്സ്, പുളിങ്കുന്ന്
2. മമ്പലത്ത് ''
3. മണലയിൽ ''
4. വാഴകൂട്ടത്തിൽ ''
5. ചക്കുപുരയ്ക്കൽ ''
6. പുരയ്ക്കൽ ''
7. വടക്കേക്കളത്തിൽ ''
8. മുണ്ടുചിറയിൽ ''

ഇതിൽ രജിസ്റ്റേഡ് കമ്പനികൾ ഏഴെണ്ണം മാത്രം. ഇതു കൂടാതെ പേരുകളില്ലാത്ത 25 ൽ പരം ബ്ലേഡ് കമ്പനികളും ഉണ്ട്. ഇവരുടെ വായ്പാ പദ്ധതികൾ പഞ്ചായത്തിലെ ജനങ്ങൾക്ക് ആശ്വാസകരവും ഒപ്പം കടബാധ്യത 100 ഇരട്ടിയോളം ആക്കിത്തീരിക്കുന്നതുമാണ്.

നൂറിൽ കൂടുതൽ ആധാരങ്ങളും,ഓട്, ചെമ്പ്, പിത്തള, പാത്രങ്ങൾ വിലപിടിപ്പുള്ള മറ്റ് ആധുനിക ഗൃഹോപകരണങ്ങളും രേഖകളും, ഹുണ്ടിക സമാനങ്ങളുമായി അർപ്പിച്ച് ദരിദ്രനാരായണന്മാരായി കഴിയുന്ന അനേകർ പുളിങ്കുന്ന് ഗ്രാമപഞ്ചായത്തിലുണ്ട്. അതിലുപരി ഏതാനും വ്യക്തികൾ കൂണുകൾ പോലെ പ്രതിശീർഷവരുമാനം പതിനായിരം മടങ്ങ് കഴിഞ്ഞ പത്തു കൊല്ലക്കാലം കൊണ്ട് വർധിപ്പിച്ചിട്ടുണ്ട്. ഇത്തരം പണമിടപാടുകാർ ആണ് ബാങ്കുകളിലും, മൂന്നു സഹകരണ സംഘങ്ങളിലും നടത്തുന്ന മൊത്തം വായ്പാ സൗകര്യങ്ങളെക്കാൾ കൂടുതൽ (ഉദ്ദേശം 40 ഇരട്ടി) വായ്പകൾ പുളിങ്കുന്നു പ്രദേശങ്ങളിലും അയൽ പഞ്ചായത്തുകളിലെ ജനങ്ങൾക്കും നൽകിവരുന്നു. സർക്കാർ മെഷീനറിയെ കവച്ചു വയ്ക്കുന്ന ഇത്തരക്കാരിൽ നിന്നും പഞ്ചായത്തിന് ലഭിക്കുന്ന (Direct Tax) വിഭവം തുലോം തുഛമാണ്.

## ഉപസംഹാരം

സർക്കാരിൻെറ ഗ്രാൻറുകൊണ്ട് മാത്രം ഇപ്പോൾ നിലനിന്നുപോകുന്ന ഒരു പഞ്ചായത്താണ് ''സ്പെഷ്യൽ ഗ്രേഡ്'' എന്ന ഓമനപേരുകൊണ്ട് വിശേഷിപ്പിക്കപ്പെടുന്ന നമ്മുടെ പഞ്ചായത്ത്. ഇതുവരെ പ്രതിപാദിച്ച എല്ലാ ഏജൻസികളുടെയും കൂട്ടായ സഹകരണം ഉണ്ടെങ്കിൽ , പുളിങ്കുന്നു ഗ്രാമനിവാസികൾ ഉണർന്നു പ്രവർത്തിച്ചാൽ കേരളത്തിലെ ഏറ്റവും വിഭവസമൃദ്ധമായ പഞ്ചായത്താക്കി പുളിങ്കുന്നിനെ ഇന്നിൻെറ ഓമനപ്പേരായ ''സ്പെഷ്യൽ ഗ്രേഡിൽ'' നിർത്താൻ കഴിയും. നമ്മുടെ ഓരോരുത്തരുടെയും പ്രതിശീർഷവരുമാനം വർദ്ധിപ്പിക്കാനും കഴിയും.

ഇന്നു പഞ്ചായത്തിന് ലഭ്യമാക്കാൻ അസാദ്ധ്യമായ വിഭവ സമാഹരണപ്രക്രിയയ്ക്ക് നമുക്കോരുത്തർക്കും ഉണർന്നു പ്രവർത്തിക്കാം.

# വ്യവസായം

## ഗ്രാമസഭ നിർദ്ദേശങ്ങൾ

### പഞ്ചായത്തിൽ ലഭ്യമാകുന്ന അസംസ്കൃതവസ്തുക്കൾ ഉപയോഗിച്ച് തുടങ്ങാവുന്ന വ്യവസായ യൂണിറ്റുകൾ

- കാർഡ് ബോർഡ്
- തവിട്കൊണ്ടുള്ള ബിസ്ക്കറ്റ് നിർമ്മാണം
- കാലിത്തീറ്റ
- കയർ, ഫർണിച്ചർ
- പ്ലൈവുഡ്
- ഓയിൽമിൽ സഹകരണാടിസ്ഥാനത്തിൽ
- കോഴിവളർത്തൽ, മത്സ്യം വളർത്തൽ
- റെഡിമെയ്ഡ് വസ്ത്രങ്ങൾ, മെഴുകുതിരി നിർമ്മാണം
- നാളികേര സംസ്കരണ യൂണിറ്റ് (അനുബന്ധ യൂണിറ്റുകൾ)
- പേപ്പർ ബാഗ്
- ചെറുകിട ഇലക്ട്രോണിക് ഉപകരണങ്ങൾ
- ജൈവ വള യൂണിറ്റ്
- കൈത്തറി നെയ്ത്ത്
- പലവ്യഞ്ജനപ്പൊടി
- കാർഷികോപകരണ വർക്ക്ഷോപ്പ്
- മത്സ്യ സംസ്ക്കരണം
- കരകൗശലം, കളിപ്പാട്ടങ്ങൾ
- ബൾബ് അനുബന്ധ യൂണിറ്റ്
- വാഴപ്പോളയെ ആധാരമാക്കിയുള്ള വ്യവസായം
- ആയുർവേദ മരുന്നു നിർമ്മാണം
- കച്ചിയും, പായലും ഉപയോഗിച്ചുള്ള ഹാർഡ് ബോഡ്
- പഴം, പച്ചക്കറി സംസ്ക്കരണം

# കോർ ഗ്രൂപ്പുകൾ

**കൃഷി ജലസേചനം**
പി.കെ. മാത്യു
എം. കെ. പുരുഷോത്തമദാസ്
കുസുമം ജോസഫ്
ജോൺ. സി. റ്റിറ്റോ

**വ്യവസായം**
ജോസഫ് ചാർലി
ജോസ് ആക്കാത്തറ
എം. സി. ജോസഫ്

**കുടിവെള്ളം,**

**പൊതുജനാരോഗ്യം**
ആൻറപ്പൻ കൊല്ലൂർ
പി. ജെ. എബ്രാഹം

**വിദ്യാഭ്യാസം**
ജോസഫ് കുഞ്ഞു മംഗലപ്പള്ളി
റ്റി. റ്റി. തോമസ്
വി. കെ. വേണുഗോപാൽ
സിസ്റ്റർ. ജോസി
ഹരിദാസ് ഏഴുമാലിൽ

**സഹകരണം**
കെ. സി. ഗോപാലകൃഷ്ണപിള്ള കണ്ണംകുളം
മോഹനൻ പിള്ള കെ. എൻ., കീഴുകുന്നം
അലക്സ് മാത്യു

**മത്സ്യബന്ധനം, മൃഗസംരക്ഷണം**
വിജയൻ ഇരപ്പക്കാട്
എ. എസ്. വിശ്വനാഥൻ
വത്സമ്മ കൊച്ചുകുളം, മങ്കൊമ്പ്

**ഗതാഗതം, ഊർജ്ജം, മാർക്ക്**
ഗോപാലകൃഷ്ണൻ വലിയവീട്ടിൽ
വി. സി. ചാക്കോ കൊച്ചുവയലാറ്റ്
സി കെ. രാഘവൻ

**വനിത**
എസ്. രമാദേവി
അമ്മിണി അജി

**വിഭവസമാഹരണം**
ഡോ. ജോസഫ് തോമസ് പുത്തൻ പറമ്പിൽ
സി. ജെ. ജോസഫ്

**സംസ്ക്കാരം**
എ. മനോഹരൻ കറുകപറമ്പ്
ബാലകൃഷ്ണ പണിക്കർ
സജികുമാർ മാടാം പാക്കൽ
എം. വി. അംബി
എൻ. സദാശിവൻ നായർ

**കീ - റിസോഴ്സ് പേഴ്സൺ**
മങ്കൊമ്പ് സദാശിവൻ നായർ

**ഡിസ്ട്രിക്റ്റ് റിസോഴ്സ്പേഴ്സൺസ്**
എ. പി. തോമസ്, തോമസ് വർഗീസ്
ജോൺ. സി. റ്റിറ്റോ
ഔസേപ്പച്ചൻ വെമ്പാടന്ത്ര
കുഞ്ചപ്പൻ കൂടുവാടം
വി. കെ. വേണുഗോപാൽ
ലിസ്സി സദാനന്ദൻ
എസ്സ്. ജതീന്ദ്രൻ

**കവർ ഡിസൈൻ.**
സുധീർ രാമങ്കരി

**പ്രിൻറിംഗ്**
സിജോ ഓഫ് സെറ്റ് പ്രിൻേറഴ്സ്
ചങ്ങനാശേരി



# ഒരു വാക്ക്

ഒട്ടേറെ പോരായ്മകളോടെയാണ് പുളിങ്കുന്നു ഗ്രാമപഞ്ചായത്തിലെ പ്രബുദ്ധരായ ജനതയ്ക്ക് മുമ്പിൽ ''വികസന രേഖ'' അവതരിപ്പിക്കുന്നത്. ഗ്രാമസഭയിലൂടെ ഉയർന്നുവന്ന നിർദ്ദേശങ്ങൾ, ലഭിച്ച രേഖകളുടെയും കണക്കുകളുടെയും അടിസ്ഥാനത്തിൽ മുൻഗണനാ ക്രമത്തിൽ തന്നെ ഒന്നുപോലും വിട്ടുപോകാതെ വികസന രേഖയിൽ ഉൾപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. നൂതനമായ പരിവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ, കക്ഷിരാഷ്ട്രീയ മത പരിഗണനകൾക്കതീതമായ ജനകീയ മുന്നേറ്റത്തിലൂടെ നമുക്ക് കഴിയണം. മഹാത്മജിയുടെ ഗ്രാമസ്വരാജ് എന്ന സ്വപ്നം സാക്ഷാത്ക്കരിക്കാൻ, ഒരു പുത്തൻ ഉണർവിലൂടെഒത്തൊരുമിച്ചു പരിശ്രമിക്കാം. വികസനരേഖതയ്യാറാക്കാൻ സഹായിച്ച എല്ലാവർക്കുംഒത്തിരി നന്ദി.

സ്നേഹാദരങ്ങളോടെ

എസ്സ്. ജതീന്ദ്രൻ

(എഡിറ്റർ)


KERALA
ALLEPPEY DISTRICT
ALLEPPEY DISTRICT
Alleppey Municipality
Pulincunnu Panchayath